പ്രൊക്യുവർമെന്റ് ഒന്നും ആലോചിച്ചിട്ടില്ല. ആലോചിക്കാമെന്ന് മാത്രമേ പറയുന്നുള്ളൂ. സ്പൈസസ് ബോർഡിനേയും മറ്റുബന്ധപ്പെട്ടവരെയും വിളിച്ചുകൂട്ടി എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. അല്ലാതെ പ്രൊക്യുവർമെന്റ് നടത്താമെന്ന വാഗ്ദാനം നൽകാൻ ഇപ്പോൾ സാദ്ധ്യമല്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

VI. നിയമ നിർമ്മാണകാര്യം

Mr. Chairman: Introduction and motion for reference to Subject Committee on the following bills.

(1) The National University of Advanced Legal Studies Bill, 2005

Minister for Education *(Shri E.T. Mohammed Basheer):* Sir, 2005 -ലെ The National University of Advanced Legal Studies Bill ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* The National University of Advanced Legal Studies Bill 2005 സോഷ്യൽ സർവീസസ് സംബന്ധിച്ച VI-ാംനമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിൽ സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല എന്ന് പറഞ്ഞിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, ഈ ബില്ലിന്റെ നിയമസാധുത ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും ശ്രീ. കെ. എം. മാണിയും ഇതിനെ ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമസഭാ ചട്ടം 73 അനുസരിച്ച് പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിന്റെകൂടെ ഒരു ധനകാര്യ മെമ്മോറാണ്ടം കൂടി ചേർക്കണമെന്ന വ്യവസ്ഥയുണ്ട്. അത് മാൻഡേറ്ററിയാണ്. ബിൽ നിയമമായി പാസ്സാകുന്നപക്ഷം ഉൾക്കൊള്ളാവുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പു ചെലവുകൂടി അതിൽ ഉൾപ്പെടുത്തണമെന്ന് പറയുന്നുണ്ട്. എന്നാൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഒറ്റക്കാര്യമാണ് പറയുന്നത്. അവസാനം പറയുകയാണ്, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല. വളരെ വ്യക്തമായി പറയുകയാണ് ചെലവ് ഉണ്ടാവുകയില്ല. ചെലവ് കണക്കാക്കപ്പെടാൻ ഇപ്പോൾ സാധിക്കില്ല എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈ നിർദ്ദിഷ്ഠ ബില്ലിലെ നിയമ സർവ്വകലാശാലയുടെ പദവി എങ്ങനെയായിരിക്കും? അത് ഒരുപാട് സംശയങ്ങൾക്ക് ഇടവരുത്തുകയാണ്. ഇതുംകൂടി കൂട്ടിവായിച്ചു കൊണ്ടുവേണം മറ്റു കാര്യങ്ങൾ പരിശോധനാ വിധേയമാക്കാൻ. ഈ ബില്ലിലെ വകുപ്പ് 5 (xxx)-ൽ സംസ്ഥാന സർക്കാരും കേന്ദ്ര ഗവണ്മെന്റും യു.ജി.സി.-യും ഈ സർവ്വകലാശാലയ്ക്ക് ആവശ്യമായ ഗ്രാന്റ് നൽകാനും വാങ്ങാനുമുള്ള വ്യവസ്ഥയുണ്ട്. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ഒരു സർവ്വകലാശാലയാണെന്ന് ബില്ലിൽ പറയുന്നു. ബില്ലിൽ ഇങ്ങനെ വ്യവസ്ഥ ചെയ്യുകയും നമ്മുടെ നിയമസഭാ ചട്ടം അനുസരിച്ചുള്ള ധനകാര്യ മെമ്മോറാണ്ടത്തിൽ മറ്റൊന്നും പറയുന്നത് പരസ്പര വിരുദ്ധമാണ്. ഈ ബില്ലിലെ 8, 9 ക്ലോസുകളിൽ ചാൻസലർ ചീഫ് ജസ്റ്റീസാണ്. പ്രോ-ചാൻസലർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. ഇവരൊക്കെ ഔദ്യോഗിക പദവി അലങ്കരിക്കുന്ന ഒരു സർവ്വകലാശാലയിൽ സർക്കാരിന്റെ പണം ചെലവാക്കില്ല എന്ന് എങ്ങനെ ധനകാര്യ മെമ്മോറാണ്ടത്തിൽ എഴുതിവയ്ക്കാൻ കഴിയും? അത് ചട്ടപ്രകാരം ആണോ? ഈ ബില്ലിലെ ചില വ്യവസ്ഥകൾ നോക്കിയാൽ ഉദ്ദേശ കാരണങ്ങളുടെ വിവരണത്തിൽ പൊരുത്തം ഇല്ലെന്ന് കാണാൻ കഴിയും. ഉദ്ദേശ കാരണങ്ങളുടെ ഭാഗത്തു പറയുന്നത് ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ കൊച്ചിയിൽ ഒരു സ്വാശ്രയ സർവ്വകലാശാല സ്ഥാപിക്കുന്നതിനും ..... എന്ന് പറഞ്ഞു പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബാംഗ്ലൂരിലെ ലാ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റസ് എന്താണ്? അത് കേന്ദ്ര ഗവണ്മെന്റ് പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ ഓട്ടോണമസ് പദവിയുള്ള സംസ്ഥാന ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയാണ്. സ്വാശ്രയ യൂണിവേഴ്സിറ്റി അല്ല. അപ്പോൾ സ്വാശ്രയ സർവ്വകലാശാല എന്നു പറഞ്ഞുകൊണ്ടാണ് നമ്മൾ ഈ ബില്ലു കൊണ്ടുവന്നത്. ഞാൻ പറയുന്നത് ചട്ടങ്ങൾക്ക് എതിരായതുകൊണ്ടാണ്. ഡെഫനിഷൻ 2 (17)-ൽ പറയുന്നത്, "സർവ്വകലാശാല" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ച ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വ കലാശാല എന്നർത്ഥമാകുന്നു എന്നാണ്. അതിലെ മൂന്നാം വകുപ്പിൽ പറയുംപ്രകാരം ഉള്ളതാണ് സർവ്വകലാശാല. അതിൽ പറയുന്നത്, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല എന്ന പേരിൽ സ്വാശ്രയ സർവ്വകലാശാല സ്ഥാപിക്കപ്പെടും. അപ്പോൾ ഇതൊരു സ്വാശ്രയ സർവ്വകലാശാലയാണ്. വളരെ വ്യക്തമായി ഒരു ഹിഡൻ അജണ്ടയായി ഇവിടെ ഒരു സർവ്വകലാശാല, നമ്മുടെ നിയമസഭാ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും എതിരെ കൊണ്ടുവരികയാണ്. ക്ലാസ് 3-ൽ 1958-ലെ Kerala State and Subordinate Services Rules പ്രകാരമാണ് ജീവനക്കാരെ നിയമിക്കുക എന്ന് പറയുന്നുണ്ട്. ഇതെല്ലാം കൂട്ടിവായിച്ചാൽ സർക്കാരിന്റെ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നേടി അതിന്റെ അടിസ്ഥാനത്തിൽ ഈ സർവ്വകലാശാല പ്രവർത്തിക്കാൻ വേണ്ടി നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും. എന്നിട്ട് ഉദ്ദേശ കാരണങ്ങളുടെ വിവരണങ്ങളുടെ ഭാഗത്തും ധനകാര്യ മെമ്മോറാണ്ടത്തിലുമെല്ലാം നമ്മുടെ നിയമസഭാ ചട്ടങ്ങൾ അനുശാസിക്കുന്ന കാര്യങ്ങൾ ഒന്നും പാലിക്കാതെ ഇരിക്കുന്ന വിധത്തലുമാണ്. ആത്യന്തികമായി വിദ്യാഭ്യാസ കച്ചവടത്തിന് ഉതകുന്ന ഒരു സർവ്വകലാശാലയായി ഇത് മാറുകയാണ്. അതുകൊണ്ട് നിർദ്ദിഷ്ട ബില്ലിന്റെ അവതരണ വേളയിൽത്തന്നെ ഇത് നിലനിൽക്കുന്നതല്ല എന്നു മനസ്സിലാക്കാം. നിയമസഭയുടെ സാധുത ഉള്ളതല്ല. ഇതിന്റെ സ്റ്റാറ്റസ് എന്താണെന്ന് വ്യക്തമല്ല. ഒരു പ്രൈവറ്റ് യൂണിവേഴ്സിറ്റി ബിൽ തയ്യാറാക്കി എന്നുള്ളതാണ് വരാൻ പോകുന്നത്. ഒരു പ്രൈവറ്റ് യൂണിവേഴ്സിറ്റി ബില്ലിൽ ചില വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഇതൊന്നും ഇവിടെ പാലിക്കാതെയാണ് ഈ ബിൽ കൊണ്ടുവന്നത് എന്നതുകൊണ്ട് ഈ ബിൽ നിലനിൽക്കത്തക്കതല്ല എന്ന് വ്യക്തമാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: റൂൾ 73 അനുസരിച്ച് Consolidated Fund-ൽ നിന്നും എന്തെങ്കിലും റെക്കറിംഗ് എക്സ്പെന്റിച്ചറോ നോൺ-റെക്കറിംഗ് എക്സ്പെന്റിച്ചറോ ഉണ്ടെങ്കിൽ മാത്രമേ ധനകാര്യ മെമ്മോറാണ്ടം ആവശ്യമുള്ളൂ. ഇവിടെ അത് ഇല്ലാത്തതുകൊണ്ടാണ് അത് ഇല്ല എന്ന് പറഞ്ഞിരിക്കുന്നത്. ഇതിൽ ഗവൺമെന്റ് വിഭാവനം ചെയ്യുന്നത് completely self financing university ആയിട്ടാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഒബ്ജക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് 5 (xxx) ആണ്, 5 (xxx)-ൽ എന്താണ് പറയുന്നത്, ഉടമ്പടി വയ്ക്കാൻ യൂണിവേഴ്സിറ്റിയെ അനുവദിക്കുന്നു, യൂണിവേഴ്സിറ്റിക്ക് ചെയ്യാവുന്ന ഫംഗ്ഷൻസാണ്. ഉടമ്പടി വയ്ക്കാമെന്നാണ്. എന്തിനാണ്? കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ യു.ജി.സി. യോ ഏതെങ്കിലും ഗ്രാന്റ് തരുന്നുവെങ്കിൽ ആ ഗ്രാന്റ് വാങ്ങുന്നതിന് വേണ്ടി ഉടമ്പടി വയ്ക്കേണ്ടതുണ്ടെങ്കിൽ ഉടമ്പടി വയ്ക്കാനാണ്. ഇതൊന്നും mandatory അല്ല. It is not a committed expenditure. Mandatory ആയിട്ടുള്ള പ്രൊവിഷനല്ല. ഗ്രാന്റ് അവർ തരുന്നു, അവർ വാങ്ങുന്നുവെങ്കിൽ ഉടമ്പടി വയ്ക്കാനാണ്. ഉടമ്പടി വയ്ക്കാനുള്ള ഒരു enabling provision അല്ലാതെ അതിനകത്ത് എന്തെങ്കിലും recurring, non-recurring expenditure from the State Government ഉള്ളതായിട്ടില്ല. അതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടം വയ്ക്കേണ്ട ആവശ്യമില്ല.

മി. ചെയർമാൻ: ഇവിടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞതുപോലെ കരാറിൽ ഏർപ്പെടുന്നതിനുള്ള ഒരു പ്രൊവിഷൻ, enabling provision എന്നാണ് അതിനെ പറയാൻ കഴിയുക. അതെ വന്നിട്ടുള്ളൂ. Consolidated Fund-ൽ നിന്നും പണം നേരിട്ട് ചെലവാക്കേണ്ടി വരുന്നില്ല. അപ്പോൾ പിന്നെ ധനകാര്യ മെമ്മോറാണ്ടത്തിൽ വയ്ക്കേണ്ട കാര്യമില്ല. അതുകൊണ്ട് മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ചിട്ടുള്ള ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. ആയതിനാൽ അത് തള്ളിയതായി അറിയിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ ഈ സഭയിൽ അവതരിപ്പിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. ഈ ബിൽ അവതരിപ്പിക്കുന്നത് ചരിത്രത്തിലെ ഒരു മുഹൂർത്തം എന്നുള്ള നിലയിൽ ഞാൻ കാണുകയാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന 7 യൂണിവേഴ്സിറ്റികളിൽ രണ്ട് യൂണിവേഴ്സിറ്റികൾക്കുള്ള ബിൽ ഈ നിയമസഭയിൽ പൈലറ്റ് ചെയ്യാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. അത് കണ്ണൂർ യൂണിവേഴ്സിറ്റിയും സംസ്കൃത യൂണിവേഴ്സിറ്റിയുമാണ്. ഇത് മൂന്നാമത്തെ യൂണിവേഴ്സിറ്റിയാണ്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ നിർമ്മാണം പണിപ്പുരയിലാണ്. ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പറയുന്ന സമയത്ത് ഇന്ന് നമ്മുടെ നാട്ടിൽ ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 7 നാഷണൽ യൂണിവേഴ്സിറ്റികളുണ്ട്. എട്ടാമത്തെ യൂണിവേഴ്സിറ്റിക്കുള്ള നിയമ നിർമ്മാണമാണിത്. ഇങ്ങനെ ഒരു നിയമ യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ കുറേക്കാലമായി നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലത്ത് തന്നെ ഓർഡിനൻസ് പ്രഖ്യാപിച്ചിരുന്നു. പക്ഷേ അത് നിയമമാക്കിയില്ല. ഇൻഡ്യയിലെ പ്രഗത്ഭരായ നിയമ വിദഗ്ദ്ധൻമാരെല്ലാം തന്നെ

ദേശീയതലത്തിൽ ഈ വിധത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയുടെ പ്രസക്തിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിലെ തന്നെ നിയമവിദ്യാഭ്യാസത്തിന്റെ ചരിത്രം എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഏതാണ്ട് 130 വർഷത്തെ ചരിത്രം അതിനുണ്ട്. 1775-ൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ ഉത്തരവ് പ്രകാരം നിർമ്മിതമായതും നിയമം പഠിപ്പിച്ചിരുന്നതുമായ രാജാപ്രീ സ്കൂളാണ് പിന്നീട് മഹാരാജാസ് കോളേജ് എന്നുള്ള പേരിൽ മാറിയത്. മഹാരാജാസ് കോളേജ് മദ്രാസ് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത കാലത്ത് നിയമപഠനത്തിനു വേണ്ടിയുള്ള കോഴ്സും അഫിലിയേറ്റ് ചെയ്തിരുന്നു. പിന്നീട് അത് കേരള യൂണിവേഴ്സിറ്റിയായി മാറിപോവുകയാണ് ചെയ്തത്. എന്താണ് ഇത്തരമൊരു യൂണിവേഴ്സിറ്റിയുടെ പ്രസക്തി എന്ന് ചോദിച്ചേക്കാം. ഇവിടെ നമുക്കെല്ലാവർക്കുമറിയാം, നമ്മുടെ ലാ കോളേജുകൾ ഇന്ന് പരമ്പരാഗതമായ സങ്കൽപ്പത്തിൽ തന്നെ ചുറ്റിത്തിരിയുകയാണ്. നിയമരംഗം എന്നുപറയുന്നത് വമ്പിച്ച വികസന സാദ്ധ്യതയുള്ള ഒരു രംഗമാണ്. അതിനനുസരിച്ച വിധത്തിൽ നമ്മുടെ ലാ കോളേജുകൾ ഇന്നില്ല എന്നുള്ള യാഥാർത്ഥ്യം നമുക്കെല്ലാവർക്കും അറിയുന്നതാണ്. അതുകൊണ്ട് 1993-ലെ ചീഫ് ജസ്റ്റിസുമാരുടെ സമ്മേളനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. നിയമവിദ്യാഭ്യാസ രംഗത്ത് എങ്ങനെ ഇൻഡ്യയ്ക്ക് കൂടുതൽ നല്ല സ്ഥാപനങ്ങൾ കൊണ്ടുവരാമെന്നതിനെക്കുറിച്ച് പഠിക്കാൻ വേണ്ടിയായിരുന്നു ആ കമ്മിറ്റി. അതുപോലെ 1995-ൽ ഇൻഡ്യയിലെ നിയമമന്ത്രിമാരുടെ സമ്മേളനവും ഈ കാര്യം വിശദമായിട്ട് ചർച്ച ചെയ്തു. ഇൻഡ്യയിലെ ലീഗൽ എഡ്യൂക്കേഷൻ എങ്ങനെ ഉന്നതമായ മാനങ്ങളിലേക്ക് കൊണ്ടുപോകാം, പരമ്പരാഗതമായ സങ്കൽപ്പത്തിൽ നിന്ന് എങ്ങനെ മാറ്റിയെടുക്കാം എന്നതിനെക്കുറിച്ച് ഈ രണ്ട് ചർച്ചാവേളകളിലും ഉയർന്നുവന്ന ഒരു അഭിപ്രായം, മാനേജുമെന്റ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഐ.ഐ.എം. എന്നപോലെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഐ.ഐ.ടി. എന്നപോലെ നിയമവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ദേശീയ അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ കൊണ്ടുവരണമെന്നും ഓരോ സംസ്ഥാനത്തിലും ഇതിൽ ചില സ്ഥാപനങ്ങൾ ഉയർത്തികൊണ്ടുവരണമെന്നുള്ളതുമാണ് ഉയർന്നുവന്ന നിർദ്ദേശം. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആദ്യമായി നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യ ആക്റ്റ് പ്രകാരം ബാംഗ്ളൂരിൽ ഇത്തരത്തിലുള്ള ഒരു സ്ഥാപനം ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ മറ്റ് ഏഴ് സ്ഥാപനങ്ങളും കൂടി അതിന്റെ ഭാഗമായി വന്നു. ഇത്തരമൊരു യൂണിവേഴ്സിറ്റിയുടെ ഏറ്റവും വലിയ പ്രസക്തി എന്നുപറയുന്നത്, ചുരുക്കത്തിൽ ഞാൻ പറയാം, ഇന്ന് നമുക്കെല്ലാവർക്കുമറിയാം, നിങ്ങളിൽ പലരും അഡ്വക്കേറ്റ്സാണ്. ഇന്ന് എന്താണ്? ലാ കോളേജിൽ നിന്ന് പഠിച്ചുവരുന്ന ആളുകൾ കോടതികളിൽ പ്രാക്ടീസ് ചെയ്യാൻ വളരെ ചുരുങ്ങിയ ഒരു ശതമാനം മാത്രമേ പോകുന്നുള്ളു. അതുതന്നെ കാണിക്കുന്നത് എന്താണ്? നമ്മുടെ ആളുകളെ വക്കീലൻമാർ എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ പ്രാക്ടീസ് ചെയ്യാൻ പര്യാപ്തമാക്കുന്നില്ല എന്നതാണ്. പലരും ഓരോ വിധത്തിൽ പോവുകയാണ്, മറ്റ് പ്രൊഫഷനിലേക്ക് പോകുന്നു. നിയമം പഠിച്ച് പുറത്തുവരുന്നവർക്ക് കോടതിയിൽ ഇഫക്ടീവായിട്ട് പ്രവർത്തിക്കാൻ കഴിയുന്ന വിധത്തിൽ നിയമവിദ്യാഭ്യാസത്തെ കാര്യക്ഷമമാക്കി മാറ്റി എടുക്കേണ്ടത് ഈ കാലഘട്ട ത്തിലെ ഏറ്റവും പ്രധാനമായിട്ടുള്ള കാര്യമാണ്. റിസർച്ചിന്റെ കാര്യം, നിയമരംഗം എന്നുപറയുന്നത് നിരന്തരമായ ഗവേഷണം ആവശ്യമുള്ള രംഗമാണ്. നമ്മൾ എന്താണ് ചെയ്യുന്നത്, നമ്മൾ ചെയ്യുന്നത് ഡിഗ്രി കൊടുത്ത് അഡ്വക്കേറ്റ്സിനെ അയയ്ക്കുകയാണ്. ഒരു രാജ്യത്തിന് വേണ്ടുന്ന നിയമം എന്താണ്, നിയമരംഗത്ത് എന്തെല്ലാം വ്യതിയാനങ്ങൾ വരുത്തണം. ഒരുകണക്കിന് പറഞ്ഞാൽ ഈ നിയമ സഭയ്ക്ക്പോലും മാർഗ്ഗരേഖ നൽകാൻ നിയമ യൂണിവേഴ്സിറ്റിക്ക് സാധിക്കും. ഒരു രാജ്യത്ത് ഈ കാലഘട്ടത്തിന് വേണ്ട നിയമം എന്താണെന്ന് ഗവേഷണം നടത്തി നിയമനിർമ്മാണം നടത്തുന്ന നമുക്കുപോലും ആവശ്യമായ മെറ്റീരിയൽ നൽകുവാൻ ഒരു നിയമ യൂണിവേഴ്സിറ്റിക്ക് സാധിക്കണം. ഗവേഷണപരമായ കാര്യങ്ങൾ കൂടി ചെയ്യാൻ സാധിക്കണം. ലീഗൽ റിസർച്ച്, ഞാൻ പറഞ്ഞുകൊണ്ടിരുന്നത് അതാണ്. പിന്നെ നിയമവിദ്യാഭ്യാസവും സോഷ്യൽ കമ്മിറ്റ്മെന്റും. അഡ്വക്കേറ്റ് എന്നുള്ള നിലയിൽ നമ്മൾ പുറത്തുവന്നാൽ സത്യത്തിൽ നിയമപാലകൻമാർ എന്നുപറയുന്നത് ജുഡീഷ്യ റിയുടെ രംഗത്ത് മാത്രമല്ല നിയമത്തിന്റെ പരിരക്ഷയ്ക്ക് വേണ്ടി ഏറ്റവും അധികം പ്രവർത്തിക്കാൻ കഴിവുള്ള ആളുകൾ എന്നുള്ള നിലയ്ക്ക് അവരുടെ സോഷ്യൽ കമ്മിറ്റ്മെന്റ് എന്നുപറയുന്നത് വളരെ വലുതാണ്. അതുകൊണ്ടുതന്നെ നിയമബിരുദ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ സാമൂഹിക പ്രതിബദ്ധത ഉറപ്പുവരുത്തുന്ന വിധത്തിലുള്ള വിദ്യാഭ്യാസം അവർക്ക് കൊടുക്കണം. നമ്മൾ അത് ചെയ്യുന്നില്ല. നമ്മൾ Law Graduates-നെ ഇറക്കി വിടുന്നു എന്നതിൽ കവിഞ്ഞ മാനങ്ങളിലേക്കൊന്നും തന്നെ നമ്മുടെ വിദ്യാഭ്യാസം പോയിട്ടില്ല. നിയമനിർമ്മാണവും നിലിവുള്ള നിയമസഭകളുടെ പരിഷ്ക്കാരവും നമുക്കറിയാം. പല നിയമങ്ങളും കാല ഹരണപ്പെട്ടിരിക്കുന്നു. നമ്മൾ തന്നെ ഇവിടെ Law Reforms Committee ഉണ്ടാക്കി. ഇൻഡ്യാ മഹാരാജ്യത്ത് ഏതെല്ലാം വിധത്തിലുള്ള നിയമങ്ങളുണ്ട്, നമ്മുടെ സംസ്ഥാനത്ത് ഏതെല്ലാം നിയമങ്ങളുണ്ട്. മാറിയ സാഹചര്യത്തിനനുസരിച്ച് ഈ നിയമങ്ങൾ എങ്ങനെ പരിവർത്തിക്കപ്പെട്ടു എന്നത് സംബന്ധിച്ചും ചിന്തിക്കേണ്ടത് ഈ നിയമവിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ്. മറ്റൊന്ന്, Training and Orientation Programme, programme for judicial officers, ജുഡീഷ്യൽ ഓഫീസേഴ്സിന് ട്രെയിനിംഗ് ആവശ്യമാണ്. Update of knowledge എല്ലാവർക്കും ആവശ്യമാണ്. കാലത്തിനനുസരിച്ച് ജുഡീഷ്യൽ ഓഫീസേഴ്സിനുള്ള ട്രെയിനിംഗ് സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. നമ്മുടെ ഏതെങ്കിലും നിയമ കോളേജിൽ അതിനെക്കുറിച്ച് ചിന്തിക്കാനും കഴിയില്ല. ജുഡീഷ്യൽ ഓഫീസേഴ്സിനുള്ള ട്രെയിനിംഗ് അവർക്ക് ഏറ്റെടുക്കാൻ കഴിയുന്ന

കാര്യമല്ല. അതും വളരെ പ്രധാനമായ ഒരു സംഗതിയാണ്. Inservice training for the officers, എല്ലാ ഉദ്യോഗസ്ഥൻമാർക്കും inservice കോഴ്സുകൾ കൊടുക്കാൻ സാധിക്കും. ഡോക്ടർക്കാണെങ്കിൽ അതിനെപ്പറ്റിയുള്ള നിയമം, അദ്ധ്യാപകനാണെങ്കിൽ അതിനെപ്പറ്റിയുള്ള നിയമം, സർക്കാർ സർവ്വീസിലുള്ളവർക്ക് തന്നെ അവരുടെ knowledge update ചെയ്യാം, കൂടുതൽ ക്വാളിഫിക്കേഷൻ attain ചെയ്യാം. അതിനേക്കാൾ ഉപരി അവർക്ക് തന്നെയും സ്വന്തം ഡിപ്പാർട്ടുമെന്റിനെ ബാധിക്കുന്ന നിയമങ്ങളെ സംബന്ധിച്ചുള്ള ഓറിയന്റേഷൻ പ്രോഗ്രാം കൊടുക്കാം. ഉദാഹരണമായിട്ട് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ്, കെ.ഇ.ആർ, യു.ജി.സി. ആക്റ്റ് എന്നീ വിവിധ നിയമങ്ങളുണ്ട്. ആ നിയമങ്ങളെ സംബന്ധിച്ചിടത്തോളം short term course, inservice course എന്നിവയും നൽകാൻ സാധിക്കും. നിലവിലുള്ള നമ്മുടെ ഒരു കോളേജിലും അത് സാദ്ധ്യമാകില്ല എന്നത് പ്രധാനമായിട്ടുള്ള സംഗതിയാണ്. ആ നിലയിൽ നോക്കുന്ന സമയത്ത് ഈ രംഗത്ത് ഇന്ന് പ്രവർത്തിക്കുന്ന സിസ്റ്റത്തിന്റെ പോരായ്മകൾ മുഴുവനും പരിഹരിച്ച് ഈ പറഞ്ഞ വിശാലമായ ലക്ഷ്യങ്ങളിലേക്ക് കൊണ്ടു പോകാൻ സാധിക്കുന്ന ദൗത്യമാണ് ഇത്തരമൊരു യൂണിവേഴ്സിറ്റിക്ക് നിർവ്വഹിക്കാനുള്ളത്. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം മെഡിക്കൽ, എൻജിനീയറിംഗ്, മാനേജുമെന്റ് സ്റ്റഡീസ് എന്നീ എല്ലാ മേഖലകളിലും ഉന്നത വളർച്ച വന്നിട്ടുണ്ട്. പക്ഷേ ലീഗൽ എഡ്യൂക്കേഷന്റെ കാര്യത്തിൽ വളരെ വളരെ പിന്നോക്കമാണ് കാര്യങ്ങൾ എന്നത് നമുക്കറിയാം. എന്റെ കയ്യിലുള്ളത് Legal Education and Profession in India എന്ന പുസ്തകമാണ്. വളരെ പ്രസിദ്ധമായ പുസ്തകമാണ്. ആ പുസ്തകത്തിൽ ഈ നിയമവുമായി ബന്ധപ്പെട്ടായതുകൊണ്ട് പറയുകയാണ്. Shri G. S. Pathak, Former Vice President of India has rightly emphasized on the need of legal education in India ought to be disintegrated from the other branches of education and be improved. Since proper legal education is the foundation of universal brotherhood and eminent for creating a social order in which justice to all institution may be secured. He emphasized that the lawyer of today has not only to serve the people in the adjudication of dispute. He has also to play a wider role in the national life. Legal Education in the present context of the country must start not only for the legal profession but also for the employment in Government and industry and need of the academy alone. Further he opined that legal education is the investment which if wisely made will produce most beneficial result for the nation and accelerate the pace of national development.

അദ്ദേഹം പറഞ്ഞതുപോലെ ചുരുങ്ങിയ ഒരു വൃത്തത്തിനുള്ളിൽ നിൽക്കുന്നതിനു പകരം രാജ്യപുരോഗതിക്ക് കൂടി ഉതകുന്ന വിധത്തിലുള്ള നിയമരംഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ സൃഷ്ടിക്കുന്ന വിധത്തിലുള്ള ഉന്നത സ്ഥാപനമായിട്ട് നമുക്കിത് വികസിപ്പിക്കുക എന്നുള്ളതാണ് ലക്ഷ്യം. നമുക്ക് കാണാൻ സാധിക്കും, ഞാൻ ഇവിടുത്തെ എല്ലാ ലാ കോളേജിലെയും സിലബസ് നോക്കിയിരുന്നു. എന്താണ് അവർ പഠിപ്പിക്കുന്നത്. വളരെ വിചിത്രമാണ്. കാലം ഇത്രയുമൊക്കെ മാറിയിട്ടും നമ്മുടെ നിയമ കോളേജുകളിൽ എന്താണ് പഠിപ്പിക്കുന്നത്? പരമ്പരാഗതമായ കുറെ നിയമങ്ങൾ. യഥാർത്ഥത്തിൽ എന്ത് മാറ്റമാണ് നിയമ രംഗത്ത് വന്നു കൊണ്ടിരിക്കുന്നത്? നിങ്ങളെല്ലാം കൂടുതൽ അറിയുന്ന ആളുകളാണ്. പുതിയപുതിയ അനന്തമായ മേഖലകൾ വരികയാണ്. കാരണം എന്താണ്? സൈബർ ലാ—സൈബർ രംഗത്ത് വളർന്നു കൊണ്ടിരിക്കുന്ന വളരെ വിശാലമായ ഒരു മേഖലയാണ്. ആ രംഗത്തേയ്ക്ക് ഒന്നും നമ്മുടെ നിയമ പഠന രംഗം പോയിട്ടില്ല. ലോകത്തെ ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ് സൈബർ ക്രൈം. സൈബർ ക്രൈമിനെ എങ്ങനെ പ്രതിരോധിക്കാം. കമ്പ്യൂട്ടർ മുഖേന ഐ. ടി. റവല്യൂഷൻ വന്നതിനുശേഷമുള്ള മാറ്റങ്ങൾ ഇത് വലിയ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. ഇന്നുള്ള നിയമം ആ മേഖലയിലേക്ക് പോയിട്ടേയില്ല. ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്, ഇപ്പോൾ ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റിനെ സംബന്ധിച്ചും വേൾഡ് ട്രേഡിനെ സംബന്ധിച്ചുമൊക്കെയുള്ള ധാരാളം സങ്കീർണ്ണതകൾ വരികയാണ്. ലോകത്തെ ഗ്ലോബലൈസേഷന്റെ ഫലം ഡിസ്പ്യൂട്ട് എന്നു പറയുന്നത് വളരെ വലിയ കട്ടിയായിട്ടുള്ള സംഗതികളാണ്. നിർഭാഗ്യമെന്നു പറയട്ടെ നമ്മൾ പണ്ടത്തേതും പഠിപ്പിച്ച് ഇങ്ങനെ പോവുകയാണ്. മാറിയ ലോകത്തിന് അനുസരിച്ച് നിയമ ബിരുദധാരികളെ മാറിയ ലോകത്തിന്റെ ചലഞ്ച് നേരിടാൻ പറ്റുന്ന വിധത്തിൽ പാകമാക്കി എടുക്കാൻ നിർഭാഗ്യവശാൽ നമ്മുടെ നിയമ മേഖലയ്ക്ക് സാധിച്ചിട്ടില്ല എന്നുള്ളതാണ്. ഐ. ടി. നിയമവും നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുകയാണ്. ഐ. ടി. നിയമത്തിൽ അപര്യാപ്തതയുണ്ട്. ആ ഐ. ടി. നിയമം ലോകത്താകെതന്നെ വിവിധ തരത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നിയമ ബിരുദധാരികൾക്ക് അതിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് വേണ്ടതുണ്ട്. അതുപോലെ തന്നെ എൻവയോൺമെന്റൽ ലാ ഉണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ ഗൗരവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സാഹചര്യത്തിൽ മാത്രമല്ല ലോക സാഹചര്യം ഈ എൻവയോൺമെന്റൽ ലായെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ എൻവയോൺമെന്റൽ ലാ, ഇന്റർനാഷണൽ എൻവയോൺമെന്റൽ ലാ ഈ മേഖലകളിലേക്ക് പഠനം പോകേണ്ടതുണ്ട്. വളരെ പഴയ മാതിരിയുള്ള കുറെ കമ്പനി ലായും കുറെ സിവിൽ ലായും കുറെ ഭൂപരിഷ്ക്കരണ നിയമങ്ങളും അതുപോലെ ചില സംഗതികളുമായിട്ട് പോയാൽ മതിയോ? ലോകത്ത് വരുന്ന വ്യതിയാനങ്ങൾ അപ്പപ്പോൾ ചെയ്യണം. അതിന് എന്തു വേണം? ഇവിടെ നിലവിലുള്ള യൂണിവേഴ്സിറ്റി ലാ കോളേജ് അവർക്ക് ഇതിൽ ഏതെങ്കിലും ഒരു മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വേണമെങ്കിൽ ഒരുപാട് കാത്തിരിക്കണം. അങ്ങനെയൊന്നും പറ്റില്ല. പെട്ടെന്നു പെട്ടെന്നു കരിക്കുലം മാറ്റി, ലോകത്ത് വന്നുകൊണ്ടിരിക്കുന്ന നിയമ മാറ്റത്തിന് അനുസരിച്ച് ആ മാൻ പവർ ജനറേഷൻ നിയമ രംഗത്ത് ഉണ്ടാക്കാൻ സാധിക്കണം. അത് മറ്റൊരു കാഴ്ചപ്പാടാണ്. ഹ്യൂമൺ റൈറ്റ്സ് ലാ അത് വളരെ സജീവമായി ലോകത്ത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ന് ഏറ്റവും വലിയ ഡിബേറ്റ്സ് നടന്നുകൊണ്ടിരിക്കുന്ന ഹ്യൂമൺ റൈറ്റ്സ് ലായെപ്പറ്റിയാണ്. ആ മേഖലകളിലേക്ക് വേണ്ടത്ര പഠനം കൊണ്ടുപോകാൻ ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് സാധിക്കുമെന്നുള്ളതാണ് അക്കാര്യത്തിൽ പറയാനുള്ളത്. ഞങ്ങൾ നിയമം കൊണ്ടു ഉദ്ദേശിക്കുന്നത്, നിലവിലുള്ള സിസ്റ്റം ആ സിസ്റ്റത്തിൽ നിന്നും പാഠം പഠിച്ചുകൊണ്ട് നന്നാക്കുക എന്നുള്ളതാണ്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന നാഷണൽ സ്ക്കൂൾ ഓഫ് യൂണിവേഴ്സിറ്റി ബാംഗ്ലൂർ, വെസ്റ്റ് ബംഗാൾ യൂണിവേഴ്സിറ്റി ഓഫ് ജുഡീഷ്യൽ സയൻസ് കൽക്കട്ട. അതുപോലെ 'നാൽസ്' യൂണിവേഴ്സിറ്റി ഓഫ് ഹൈദരാബാദ്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ഭോപ്പാൽ, യൂണിവേഴ്സിറ്റി ജോഡ്പ്പൂർ, ഹിദായത്തുള്ള നാഷണൽ യൂണിവേഴ്സിറ്റി ഛത്തീസ്ഗഡ്, ഗുജറാത്തിലെ യൂണിവേഴ്സിറ്റി ഗാന്ധിനഗർ ഈ സ്ഥാപനങ്ങളാണ് ഇന്നു രംഗത്തുള്ളത്. ഞങ്ങൾ എടുക്കാൻ പോകുന്ന മോഡൽ എന്നു പറയുന്നത് ഇവരെല്ലാം മോഡലായിട്ട് എടുത്തത് ബാംഗ്ലൂരാണ്. ഈ നിയമത്തിൽ ഞങ്ങൾ കൊണ്ടു വന്നിരിക്കുന്നത് ഇന്ത്യയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഏഴ് നാഷണൽ സ്കൂൾ അതിനും അതിന്റേതായിട്ടുള്ള ഭേദങ്ങൾ വേണ്ടേ? നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ബാംഗ്ലൂർ വന്ന സമയത്ത് പിന്നീട് വന്നിട്ടുള്ള യൂണിവേഴ്സിറ്റികൾ എല്ലാംതന്നെ കുറച്ചുകൂടി കറക്ട് മെഷേർസ് എടുത്തിട്ടാണ് പോയത്. ഞങ്ങൾ നിയമം ഉണ്ടാക്കിയിട്ടുള്ളത് ഈ യൂണിവേഴ്സിറ്റിയിൽ നിന്നു വ്യത്യസ്തമായി കുറച്ചുകൂടി പരിഷ്ക്കരിച്ച് ഇതിന്റെ അനുഭവം കൂടി എടുത്തുകൊണ്ടാണ്. ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. എന്നാൽ പോലും ഇതിൽ പോരായ്മയുണ്ടാകും. ഞാൻ പറയുന്നത് ഇത് വളരെ കറക്ടായിട്ട് ചർച്ച ചെയ്യണം. കാരണം ഈ നിയമം യൂണിവേഴ്സിറ്റിയിൽ കൊണ്ടുവരുന്ന സമയത്ത് അത് ഇന്ത്യക്ക് തന്നെ മാതൃകയാകണം. കേരളത്തിൽ വരുന്ന സ്ഥാപനങ്ങൾ ഇന്ത്യയിൽ ഇനി വരാൻ ഇരിക്കുന്ന സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ കൂടി മാതൃകയാകുന്ന നിയമം നമുക്ക് കൊണ്ടുവരണം. അതിന് ഈ ചർച്ചയുടെ സമയത്തും സബ്ജക്ട് കമ്മിറ്റിയിൽ പോകുന്ന സമയത്തും സബ്ജക്ട് കമ്മിറ്റിയിൽ നിന്നു തിരിച്ചു വരുന്ന സമയത്തും വളരെ തലനാരിഴകീറിയുള്ള ഒരു ചർച്ച ഈ രംഗത്തുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. ആ പ്രതീക്ഷയോടുകൂടി ഞാൻ ഈ ബിൽ സമർപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : Sir, I move that—"This House resolves to disapprove The National University of Advanced Legal Studies Ordinance, 2005 (Ordinance No. 9 of 2005)"

ഇവിടെ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രകടിപ്പിച്ചിട്ടുള്ള നിയമ സർവ്വകലാശാലയെ സംബന്ധിച്ചുള്ള നല്ല അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായിട്ട് യോജിപ്പ് പ്രകടിപ്പിക്കുകയാണ്. അതേ സമയം അങ്ങ് ഇവിടെ പ്രകടിപ്പിച്ച താൽപര്യം സ്വാഗതാർഹമാണ്. പക്ഷേ അസംബ്ലി സമ്മേളിക്കുന്ന വിവരം നേരത്തെ തന്നെ സ്പീക്കർ പത്രസമ്മേളനം നടത്തി പറഞ്ഞിട്ടും ജൂൺ മാസം 18-ാം തീയതി ഗവൺമെന്റ് എന്തിനാണ് ഇതൊരു ഓർഡിനൻസായി പുറപ്പെടുവിച്ചത്. ജൂൺമാസം 20-ാം തീയതി അസാധാരണ ഗസറ്റായി ഇത് വിജ്ഞാപനം ചെയ്തു. ഇത്ര തിരക്ക് പിടിക്കേണ്ട കാര്യം എന്താണ്? കേരള നിയമസഭയിൽ ഈ നിയമത്തെ സംബന്ധിച്ച് ആധികാരികമായിട്ട് പറയാൻ വേണ്ടി പ്രാഗൽഭ്യമുള്ള ഒട്ടനവധി ആളുകളുണ്ട്. നിയമ ബിരുദധാരികൾതന്നെയുണ്ട്. അവരുടെയെല്ലാം അഭിപ്രായങ്ങൾ കണക്കിലെടുക്കാനും വിശദമായിട്ടുള്ള ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ എല്ലാവരും സ്വാഗതം ചെയ്യുന്ന ഉന്നത നിയമ പഠനത്തിനുള്ള ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും ആരെങ്കിലും എതിരാണോ? ഇങ്ങനെ തെരക്ക് പിടിച്ച് ഒരു ഓർഡിനൻസായിട്ട് കൊണ്ടുവരേണ്ട സാഹചര്യം എന്തായിരുന്നു എന്നുള്ളത് ബഹുമാന്യനായിട്ടുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞില്ല. അതാണ് എതിർപ്പിന്റെ ഒരു പ്രശ്നം, ഇത് കഴിഞ്ഞ നിയമസഭയിൽ വന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുള്ള സമയത്ത് കേരള നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ജസ്റ്റീസ് എഡ്യൂക്കേഷൻ എന്ന പേരിൽ മാർച്ച് മാസം 22-ാം തീയതി ആ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നു എന്നുള്ളതുകൊണ്ട് അന്ന് ഓർഡിനൻസായിട്ടാണ് വന്നത്. പിന്നീട് നിയമമായി വന്നില്ല. ആ നിയമത്തിൽ നിന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഉന്നതപഠനത്തിനുള്ള നിയമ സർവ്വകലാശാല എന്നുള്ള മൗലികമായ ആ കൺസെപ്റ്റിന്റെ അടിത്തറ തകർക്കുന്ന രൂപത്തിലേക്കുള്ള ഒരു ബില്ലാണ് ഈ ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നത്. ബഹുമാന്യനായിട്ടുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഒരു കാര്യം ഈ സർവ്വകലാശാല നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് നടക്കുമോ? ഇവിടെ നേരത്തെ ശ്രീ. എം. വി. ജയരാജൻ ബിൽ അവതരിപ്പിക്കുന്നതിനുള്ള ഒബ്ജക്ഷനായി ഉന്നയിച്ചിട്ടുള്ള പ്രശ്നം വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. നിങ്ങൾ ഈ ഓർഡിനൻസ് തന്നെ കൊണ്ടുവരാനുണ്ടായ കാരണം എന്താണ്? എന്താണ് ഇതിൽ പറഞ്ഞിരിക്കുന്നത്? ഇതിലെ പ്രധാനപ്പെട്ട പ്രശ്നം ഈ നിയമം വഴി നമ്മൾ ഇവിടെ രൂപീകരിക്കുന്നത് സ്വാശ്രയ അടിസ്ഥാനത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനമാണ് എന്നാണ്. നിങ്ങൾ പറയുന്ന ഈ ബിൽ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ഒരു സ്വാശ്രയ സർവ്വകലാശാലയായി സ്ഥാപിച്ച് അതിന്റെ ലക്ഷ്യങ്ങളും ചുമതലകളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബാർ കൗൺസിലും ബാർ കൗൺസിൽ ഓഫ് കേരള ട്രസ്റ്റും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസും സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ? സ്വാശ്രയ അടിസ്ഥാനത്തിൽ വരണമെന്നുള്ളതിന് ബാർ കൗൺസിലിന്റെ അഭ്യർത്ഥന ഉണ്ടായിരുന്നോ, ഈ ബില്ലിന്റെ ഭാഗമായിട്ട് അത് എഴുതി വച്ചതുകൊണ്ടാണ് ചോദിക്കുന്നത്. സ്വാശ്രയ അടിസ്ഥാനത്തിലുള്ള ഒരു നിയമ സർവ്വകലാശാല എങ്ങനെ ഇവിടെ സ്ഥാപിച്ച് മുന്നോട്ട് പോകും? സർവ്വകലാശാലയുടെ വരുമാനത്തെ സംബന്ധിച്ചിടത്തോളം ഞാൻ പിന്നീട് കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അടിസ്ഥാനപരമായിട്ട് ഞങ്ങൾക്കുള്ള ഭിന്നത കേരളം പോലുള്ള ഒരു സംസ്ഥാനത്ത് തീർച്ചയായിട്ടും അങ്ങ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ നിയമ പഠനം സംബന്ധിച്ചിട്ടുള്ള ഒരു ഉന്നത സ്ഥാപനം ഇവിടെ അനിവാര്യമാണ്. കാരണം നമ്മൾ എല്ലാ മേഖലയിലും ഈ രാജ്യത്തിനാകെ മാതൃകാപരമായിട്ടുള്ള ഒരു നിലപാട് സ്വീകരിച്ചിട്ടുള്ള ആളുകളാണ്. അതുകൊണ്ട് നിയമ വിദ്യാഭ്യാസം ഉയർന്ന തലത്തിലുള്ളതിന്റെ പഠന ഗവേഷണം ഈ കാര്യങ്ങൾക്കെല്ലാം ഒരു സ്ഥാപനം ഉണ്ടാവുകയെന്നു പറയുന്നത് അനിവാര്യമാണ്. ആ സ്ഥാപനം സെൽഫ് ഫിനാൻസിംഗായിട്ട് തുടങ്ങണമെന്നുള്ള ആശയം എവിടെ നിന്നാണ് വന്നത്? അത് ഈ ഗവൺമെന്റിനെ നയിക്കുന്ന സ്വാശ്രയ കോളേജുകൾ എന്നു പറയുന്ന സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ വന്നതല്ലേ? യഥാർത്ഥത്തിൽ ഇത്തരം ഒരു സംവിധാനത്തിനു പണം മുടക്കുന്നതിന് ആരെങ്കിലും ഇവിടെ തടസ്സമാണോ ഗവൺമെന്റുതന്നെ അതിനു മുൻകൈയെടുക്കണ്ടേ? നമ്മുടെ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ചിട്ടുള്ള ഉന്നത പഠനത്തിലും രാജ്യത്തെ നിയമങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ആ നിയമങ്ങളെ വിശദീകരിക്കുന്ന കാര്യത്തിലും ഈ രാജ്യത്തിനു നേതൃത്വം കൊടുത്തിട്ടുള്ള അതിപ്രഗൽഭരായിട്ടുള്ള നിയമ പണ്ഡിതരുടെ ഒരു വലിയ നിരതന്നെയുള്ള അഭിമാനകരമായിട്ടുള്ള പൈതൃകവും സംസ്ഥാനത്തിനില്ലേ, നമുക്ക് അഭിമാനപൂർവ്വം പറയാൻവേണ്ടി കഴിയുന്ന, ഇന്നു ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞു പോയിട്ടുള്ള വരുമായ നിയമ സാരഥികൾ തന്നെ ഈ മലയാളികളുടെ അഭിമാനമെന്ന നിലയ്ക്ക് ഉയർത്തിപ്പിടിക്കാൻവേണ്ടി കഴിയുന്ന ആളുകളുമുണ്ട്. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നമുക്ക് ആരായാൻ കഴിയേണ്ടതല്ലേ. ബാംഗ്ലൂർ യൂണിവേഴ്സിറ്റിയെയാണല്ലോ ഇതിന്റെ കേന്ദ്രമെന്ന നിലയ്ക്ക് പറയുന്നത്. ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ തന്നെ പ്രബുദ്ധരായ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാരഥികളും മലയാളികളായിരുന്നു. ഡോ. മാധവമേനോനെ മലയാളികൾക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തുടക്കത്തിനും അതിന്റെ വളർച്ചയ്ക്കും അദ്ദേഹം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷേ ബാംഗ്ലൂരിലെ ലാ സ്കൂൾ ഇൻസ്റ്റിറ്റ്യൂട്ട് മന്ത്രി ഇവിടെ പറഞ്ഞതുപോലെ സ്വാശ്രയ ഇൻസ്റ്റിറ്റ്യൂട്ട് ആണോ? അല്ലല്ലോ. അതല്ലേ വ്യത്യാസം? കർണ്ണാടക ഗവൺമെന്റിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടു കൂടിയുള്ള ഒരു ആട്ടോണമസ് പദവിയുള്ള ഒരു സർവ്വകലാശാലയാണ്. എവിടെ നിന്നാണ് സർവ്വകലാശാലകൾക്ക് വരുമാനം? ഞാൻ പറഞ്ഞുവന്ന പോയിന്റ് അതല്ല. ഡോ. മാധവമേനോനെ പോലുള്ള പ്രഗൽഭരായ ആളുകൾ അത്തരമൊരു സ്ഥാപനത്തിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്തിരുന്നു. അവിടെ നേരത്തെ ജസ്റ്റീസ് സുബ്രഹ്മണ്യം പോറ്റി ഉണ്ടായിരുന്നു. ഇപ്പോൾ സുപ്രീംകോടതിയിലുള്ള ഡോ. വേണുഗോപാലുണ്ട്. ഇൻഡ്യൻ ലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തന്നെ നേതൃത്വത്തിലുള്ള ഡോ. മാർക്കോസ് ഉണ്ട്. എ. കെ. ജി.യും State of Madras - ഉം തമ്മിലുള്ള ഹേബിയസ് കോർപ്പസ് കേസിൽ ഹാജരായിട്ടുള്ള ഡോ. വേണുഗോപാലിന്റെ പിതാവ് എം. കെ. നമ്പ്യാർ ഉണ്ടായിരുന്നു.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ അഡ്വക്കേറ്റ് വേണുഗോപാലിന്റെ പേര് ഇവിടെ പരാമർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവ് എ. കെ. ജി.-യുമായി ബന്ധപ്പെട്ട ഭരണഘടനാ പ്രശ്നത്തിൽ കേസ് വാദിച്ച ആളുമാണ്. എന്നാൽ ഡോ. കെ. കെ. വേണുഗോപാൽ അദ്ദേഹത്തിന്റെ പിതാവിന്റെ പേരിൽ ഒരു നിയമ പഠന കേന്ദ്രം—യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് വേണ്ടി കേരള ഗവൺമെന്റിന് പണം നൽകാൻ തീരുമാനിച്ച് ചെക്കും കൊടുത്തു. പക്ഷേ അന്നത്തെ ഗവൺമെന്റ് ആ സഹായം സ്വീകരിച്ചുകൊണ്ട് കേരളത്തിൽ ഒരു ഉന്നത നിയമ പഠന കേന്ദ്രം ആരംഭിക്കുന്നതിന് തയ്യാറല്ലായിരുന്നു. ഇപ്പോൾ അഡ്വക്കേറ്റ് വേണുഗോപാലിന്റെ മഹത്വത്തെക്കുറിച്ച് അങ്ങ് സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവിനെക്കുറിച്ചും പറയുകയുണ്ടായി. എന്തുകൊണ്ടാണ് അന്ന് അദ്ദേഹം നൽകിയ ഓഫർ നിങ്ങളുടെ ഗവൺമെന്റ് നിരാകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. മത്തായി ചാക്കോ: ശ്രീ. ബാബു കുബുദ്ധിയായി ചിന്തിക്കരുത്. അങ്ങനെ തർക്കമുള്ള പ്രശ്നമല്ലല്ലോ ഇത്. ഡോ. വേണുഗോപാൽ രാഷ്ട്രം അംഗീകരിക്കുന്ന പ്രഗൽഭനായ അഡ്വക്കേറ്റാണ്. അദ്ദേഹത്തിന്റെ പിതാവും അങ്ങനെയായിരുന്നു. രാജ്യത്തെ അറിയപ്പെടുന്ന ഒരു ഇടതുപക്ഷ സഹയാത്രികനായിരുന്നു എം. കെ. നമ്പ്യാർ. ഇപ്പോൾ ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ തന്നെ അങ്ങനെ ഒരു

സർവ്വകലാശാല പണം വാങ്ങുന്നതിന് എന്താണ് തടസ്സം? ഞങ്ങൾ ആരും തടസ്സം നിന്നിട്ടില്ല. രണ്ടും രണ്ടു തരത്തിലുള്ള നിയമമാണ്. പേര് നിങ്ങൾ മാറ്റിക്കളഞ്ഞു.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ ബില്ലിൽ ഡെഫനിഷൻ ക്ലാസ് 2-ൽ 19 വരെയുള്ള ഓരോന്നും ഡിഫൈൻ ചെയ്യുന്നുണ്ട്. പക്ഷേ സ്വാശ്രയ സർവ്വകലാശാല സംബന്ധിച്ച ഒരു ഡെഫനിഷനും ഇല്ല. 2004-ൽ ഈ നിയമസഭ പാസ്സാക്കിയ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് ക്രമീകരിക്കൽ തുടങ്ങിയുള്ള നിയമത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ എന്നുപറഞ്ഞാൽ ഗവൺമെന്റിന്റെ ധനസഹായം വാങ്ങാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന് ഡിഫൈൻ ചെയ്തിരുന്നു. ഇവിടെ ഗവൺമെന്റിന്റെ സാമ്പത്തികസഹായം വാങ്ങാവുന്ന സ്വാശ്രയ സർവ്വകലാശാലയാണ്. അപ്പോൾ യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടത്തിന് ഗവൺമെന്റ് സഹായം കൊടുക്കുന്ന വിധത്തിലാണ് ഈ ബില്ലിന്റെ ഘടന എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മത്തായി ചാക്കോ: ഗവൺമെന്റിന്റെ ഒരു പൊതു നയത്തിന്റെ തുടർച്ച എന്നുള്ള നിലയ്ക്ക് ഞാൻ ആദ്യം സൂചിപ്പിച്ചു. രാജ്യത്താകെ മാതൃകയാക്കാൻ കഴിയുന്ന നമുക്ക് എടുത്തുപറയാൻ കഴിയുന്ന അതിപ്രഗത്ഭരായിട്ടുള്ള മലയാളികളുടെ ഒരു വലിയ നിര നിയമ പഠനത്തിനും, നിയമം ഉണ്ടാക്കുന്നതിനും നിയമം വ്യാഖ്യാനിക്കുന്നതിനും വേണ്ടി ഈ സംസ്ഥാനത്തുണ്ടായിരുന്നു. ആ പൈതൃകത്തിന് അനുസൃതമായിട്ടുള്ള ഒരു നില അല്ല ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

മി. ചെയർമാൻ : ഇനിയും മൂന്ന് ബില്ലുകളുണ്ട്. സമയം കുറവാണ്. എല്ലാവരും സഹകരിക്കണം.

ശ്രീ. ജോണി നെല്ലൂർ: പ്രധാനപ്പെട്ട ഒരു ബില്ലാണിത്. കേരളം മുഴുവൻ വളരെ താല്പര്യത്തോടുകൂടി കാത്തിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ്. കുറെയധികം സമയം എടുത്തുതന്നെ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് അതിൽ ഇടപെടരുത്. ഇവിടെ കർശനമായ ചട്ടം മാത്രമല്ല നോക്കേണ്ടത്. പ്രധാനപ്പെട്ട ഒരു നിയമമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം കേട്ടു. ഈ ബില്ലിന്റെ പീഠികയിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഉയർന്ന പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ഒരു സ്വാശ്രയ സർവ്വകലാശാലയായി സ്ഥാപിച്ച് അതിന്റെ ലക്ഷ്യങ്ങളും ചുമതലകളും കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി കേരള ബാർ കൗൺസിലും ബാർ കൗൺസിൽ ഓഫ് കേരള ട്രസ്റ്റും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ്

LIBRARY ARCHIVES Kerala Legislative Assembly

ലീഗൽ സ്റ്റഡീസും സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചതിനാലാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് ഈ ബില്ലിന്റെ പീഠികയിൽ പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മത്തായി ചാക്കോ: ബാർ കൗൺസിൽ അത്തരമൊരു ആവശ്യം വച്ചിട്ടുള്ളതായി ഞങ്ങൾക്ക് അറിയില്ല. 1993-ൽ നടന്ന ചീഫ് ജസ്റ്റീസുമാരുടെ യോഗവും 1995-ൽ നടന്ന നിയമമന്ത്രിമാരുടെ യോഗവും ഇത്തരത്തിലൊരു ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ സംസ്ഥാനത്തും സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. തൊഴിൽപരമായ നിയമ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന് പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. പക്ഷേ ഇവിടെ പ്രശ്നം 1971 മുതൽ കൊച്ചി സർവ്വകലാശാലയിൽ ഒരു നിയമ പഠന ഡിപ്പാർട്ടുമെന്റുണ്ട്. അത് സർവ്വകലാശാലയാക്കി ഉയർത്തണമെന്ന ഡിമാന്റ് വച്ചിരുന്നു. അതിനുശേഷമാണ് യഥാർത്ഥത്തിൽ ബാർ കൗൺസിലിന്റെ നേതൃത്വത്തിൽ കൊച്ചിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നുള്ള സ്ഥാപനം നിലവിൽ വന്നത്. അതിപ്പോൾ ഇതിൽ അമാൽഗമേറ്റ് ചെയ്ത് രണ്ടും കൂടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു സംവിധാനം എന്ന നിലയ്ക്കാണ് വന്നിട്ടുള്ളത്. കേരളത്തിൽ ആറ് ലാ കോളേജുകളുണ്ട്. കൂടാതെ നാരായണൻ നായരുടെ ലാ അക്കാഡമി ഉണ്ട്. ഇപ്പോൾ ഇവിടത്തെ ലാ കോളേജുകളിൽ നിന്നും പഠനം കഴിഞ്ഞ് പുറത്തു വരുന്ന ബിരുദധാരികളും പോസ്റ്റ് ഗ്രാജ്യുവേറ്റ് ബിരുദധാരികളും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമങ്ങളെ വ്യാഖ്യാനിക്കാൻ കഴിയുന്ന രീതിയിൽ വിപുലമായ അറിവ് സമ്പാദിച്ചു വരുന്നവരാണെന്ന് പറയാൻ കഴിയില്ല. പരമ്പരാഗതമായ നിയമ സംവിധാനങ്ങളെ കുറിച്ചും ആഴത്തിലുള്ള ഒരു അവഗാഹം അവർക്ക് നേടാൻ കഴിയുന്നില്ല എന്നുള്ളത് നിയമപഠനത്തിന്റെ ഒരു അപാകതയായി നിൽക്കുകയാണ്. ഞാനും ഒരു നിയമ ബിരുദധാരിയാണ്. കോടതിയിൽ പോകില്ല. എന്റെ പേരിലുള്ള കേസുകൾക്ക് മാത്രമേ പോകാറുള്ളൂ. പ്രാക്ടീസിന് പോകില്ല. ഇവിടെയുള്ള ഒരുപാട് ആളുകൾ അങ്ങനെ തന്നെയായിരിക്കും. ആധികാരികമായ പഠനകേന്ദ്രങ്ങൾ എന്ന നിലയിലേയ്ക്ക് ഇവിടുത്തെ ലാ കോളേജുകളെ കാണാൻ കഴിയുന്നില്ല. ആധുനിക കാലഘട്ടത്തിൽ നിയമം സംബന്ധിച്ചുള്ള ഒരുപാട് പ്രശ്നങ്ങൾ ഉയർന്നു വന്നുകൊണ്ടിരിക്കുന്നു. ക്രിമിനൽ പ്രൊസീഡ്യുവർ കോഡും സിവിൽ പ്രൊസീഡ്യുവർ കോഡും ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി നിയമങ്ങളും ഉൾപ്പെടെ അടിസ്ഥാനപരമായ നിയമങ്ങൾ യഥാർത്ഥത്തിൽ ബ്രിട്ടീഷുകാർ ഉണ്ടാക്കി വച്ചിട്ടുള്ള നിയമത്തിൽ ഒരു സ്വതന്ത്ര ജനാധിപത്യ മതനിരപേക്ഷ രാഷ്ട്രം എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

മാറ്റത്തിനുശേഷം അടിസ്ഥാനപരമായി അതിനെ നവീകരിക്കുന്നതിനും പുതുക്കി എഴുതുന്നതിനും നമുക്ക് വലിയ പോരായ്മ ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ്. അത്തരം നടപടിചട്ടം ആകെ യഥാർത്ഥത്തിൽ പുനർചിന്തനത്തിന് വിധേയമാവുകയും അത് തീർത്തും ഒഴിവാക്കുകയും ചെയ്യേണ്ടതായ കാര്യമാണ്. ഗ്രാമീണ ഇൻഡ്യയുടെ ചട്ടമാകെ യഥാർത്ഥത്തിൽ ഒരു പുനർചിന്തനത്തിന് വിധേയമാക്കുകയും അതാകെ തിരുത്തേണ്ടതായിട്ടുമുണ്ട്. ഭൂപരിഷ്കരണ നിയമങ്ങളെ സംബന്ധിച്ച് വ്യാപകമായിട്ടുള്ള ഒരു നിയമം വന്നിട്ടില്ല. ഇടതുപക്ഷ ഗവൺമെന്റുകളെ, വിശേഷിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ അധികാരത്തിൽ ഉണ്ടായിരുന്ന സ്റ്റേറ്റുകളിൽ മാത്രമാണ് ബ്രിട്ടീഷ് കാലത്തെ ബന്ധങ്ങളിൽ മൗലീകമായിട്ടുള്ള മാറ്റം വരുത്തുന്നതിനുള്ള നിയമ നടപടികൾക്ക് ഇവിടെ നേതൃത്വം കൊടുത്തിട്ടുള്ളത്. യഥാർത്ഥത്തിൽ ഇവിടെ വലതുപക്ഷക്കാരും അതുപോലെ യാഥാസ്ഥിതികൻമാരും അവരുടെ രാഷ്ട്രീയ നേതൃത്വം എന്ന നിലയിൽ ഇത്തരം ഭൂപരിഷ്കരണ നിയമങ്ങളെ torpedo ചെയ്യാൻ വേണ്ടിയിട്ടുള്ള കാര്യങ്ങളാണ് യഥാർത്ഥത്തിൽ നടത്തിയിട്ടുള്ളത്. ഭൂപരിഷ്കരണ നിയമത്തിൽ മാറ്റങ്ങൾ വരേണ്ടതുണ്ട്. ഇതു സംബന്ധിച്ചുള്ള ഗവേഷണങ്ങളും പഠനങ്ങളും ഒക്കെയുണ്ട്. ഭൂപരിഷ്കരണ നിയമത്തിൽ തന്നെ തുടരാൻ കഴിയുന്ന രൂപത്തിലേക്ക് പ്ലാന്റേഷൻ നിയമത്തിലുമെല്ലാംതന്നെ ഇവിടെ കുത്തിത്തിരിപ്പുകൾ ഉണ്ടായിട്ടുണ്ട്. അതൊക്കെ പരിഷ്ക്കരിച്ചുകൊണ്ട് അധ്വാനിക്കുന്നവന് ഭൂമി ലഭിക്കുന്ന വിധത്തിലുള്ള ഭൂപരിഷ്ക്കരണ നടപടികൾ വരേണ്ടതുണ്ട്. ഇതിന്റെ ഗവേഷണത്തിനും പഠനത്തിനുമുള്ള കേന്ദ്രമായിട്ട് ഇത്തരം സർവ്വകലാശാലകൾ മാറിയിട്ടുണ്ട്. അതുപോലെ തന്നെ പുതിയ പ്രശ്നങ്ങൾ എന്ന നിലയിൽ ഉയർന്നു വന്നിട്ടുള്ള പൗരാവകാശങ്ങളുണ്ട്. ഭരണഘടന വിഭാവന ചെയ്യുന്ന മൗലികാ വകാശങ്ങളുണ്ട്. ആ മൗലികാവകാശങ്ങളുടെ ലംഘനം ഏറ്റവും ശ്രദ്ധേയമായി നടന്നുവരുന്നു. ഈ നിയമസഭയിൽ രണ്ടുമൂന്നു ദിവസം ചർച്ച ചെയ്തതിൽ മദനിയുടെ പ്രശ്നം വന്നു. മദനി ചെയ്ത കുറ്റത്തെ സംബന്ധിച്ചിടത്തോളം വിചാരണ കോടതി നടത്തണം. അയാൾ കുറ്റവാളി ആണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ച തീരുമാനവും കോടതി എടുക്കട്ടെ. പക്ഷെ ഏഴര എട്ട് വർഷത്തോളം ഒരു പൗരൻ വിചാരണ കൂടാതെ ഇൻഡ്യൻ തടവറയിൽ കിടക്കുകയെന്നുള്ളത് ഏത് നിയമത്തിന്റെ സാധുതയിലാണ്. നമ്മൾ ഇടപെടുന്ന പ്രശ്നമല്ല ഇത്. ഒരു പൗരന്റെ മൗലീകമായിട്ടുള്ള അവകാശത്തിന്റെ ലംഘനമായിട്ട് ഇത് കാണണം. ചികിൽസയ്ക്കുള്ള സംവിധാനമില്ല. ഭരണഘടനാപരമായിട്ടുള്ള ഒരു പൗരന്റെ അവകാശത്തെ ലംഘിക്കുന്ന രൂപത്തിലേക്കുള്ള ഒരു സംവിധാനമാണ്. നിയമത്തിന് പരിരക്ഷ ലഭിക്കണം. സുപ്രീം കോടതി എന്തു പറയുന്നു എന്നു പറയാൻ കഴിയില്ല. മൗലികമായിട്ടുള്ള മാറ്റം ഉണ്ടാകണം. ശ്രീ. ബാബു ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചല്ലോ ഡീറ്റെയിനി (detainee) തടവുകാർക്കുള്ള അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്ന കേസാണ്.....

ശ്രീ. എ. കെ. ബാലൻ: ഇതിൽ ബഹുമാനപ്പെട്ട മത്തായി ചാക്കോ ഇവിടെ സൂചിപ്പിച്ചതുപോലെ ബാർ കൗൺസിൽ ഓഫ് കേരള ട്രസ്റ്റാണ് ഇത് നടത്താൻ പോകുന്നത്. ആ ട്രസ്റ്റിന്റെ ബൈലാ ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടുണ്ടോ? ബൈലായുടെ ഭാഗമായിട്ടാണോ ലാ സ്ക്കൂൾ വരാൻ പോകുന്നത്? ബഹുമാനപ്പെട്ട മത്തായി ചാക്കോ ഇവിടെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്. നമ്മുടെ ഇൻഡ്യാ രാജ്യത്തിന്റെ ജൂറിസ്ഡിക്ഷൻ സയൻസ് ഓഫ് ലാ തന്നെ മാറ്റി മറിക്കേണ്ടതായിട്ടില്ലേ? മദനിയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം സൂചിപ്പിച്ചു. മദനിയെ വിചാരണ ചെയ്യുന്നു എന്നു വിചാരിക്കുക. വിചാരണയുടെ ഭാഗമായിട്ട് അയാൾ നിരപരാധിയാണെന്ന് വിചാരിക്കുക. എട്ട് കൊല്ലം ജയിലിൽ കിടന്നതിന് ഉത്തരവാദിത്വം ആരാണ് ഏറ്റെടുക്കുക.

ശ്രീ. മത്തായി ചാക്കോ: ശ്രീ. കുഞ്ഞാലിക്കുട്ടി പറയുന്ന നിലപാടിൽ നിൽക്കുന്നതായിരിക്കും ലീഗുകാർക്ക് നന്ന്. ഇവിടെ ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞിട്ടുള്ള ട്രസ്റ്റ് ബാർ കൗൺസിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സമിതിയാണ്. ട്രസ്റ്റിന് കൊടുത്തതുകൊണ്ട് മാത്രമല്ല, ഇവിടെ അവതരിപ്പിച്ച സർവ്വകലാശാല നിയമത്തിൽ ഒരുപാട് അവ്യക്തതകൾ ഉണ്ട്. ഇതിന്റെ വരുമാനത്തെ സംബന്ധിച്ചുള്ള നിയമങ്ങളും പ്രശ്നങ്ങളും ഇതിനകത്തുണ്ട്. പൗരാവകാശങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും ഇത്തരം കേന്ദ്രങ്ങളിൽ നടക്കാൻ വേണ്ടിയിട്ടുള്ള സ്ഥിതിയുണ്ടാകണം. അതുപോലെതന്നെ Legal Services Authority Bill ആണ് പരീക്ഷിക്കുന്നത്. ആ ബില്ല് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന് പാസ്സാക്കിയ ഒരു ഭേദഗതി യഥാർത്ഥത്തിൽ ആഗോളവൽക്കരണത്തിലേക്കും ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കും നമ്മുടെ രാജ്യത്തിന്റെ നിയമ സംവിധാനങ്ങളിലേക്കും ചൂഷണ സംവിധാനത്തിലേക്കും ഇടപെടാൻ വേണ്ടി കഴിയുന്ന തരത്തിലുള്ള ചില മാറ്റങ്ങൾക്ക് അനുസൃതമായിട്ടാണ് ഈ ബില്ലിൽ മാറ്റം വരുത്തിയിട്ടുള്ളത്. ഇവിടെ ഞാൻ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രശ്നം യഥാർത്ഥത്തിൽ നിയമ സംവിധാനങ്ങളും നിയമ വാഴ്ചയും നിയമങ്ങൾ തന്നെ നമ്മുടേതുപോലുള്ള രാജ്യത്തിലെ താഴെത്തട്ടിലുള്ള ആളുകൾക്ക്, സാധാരണ പൗരൻമാർക്ക് സാമൂഹ്യ നീതി ഉറപ്പ് വരത്തക്ക വിധത്തിൽ വരണം. കോടതികളെ സംബന്ധിച്ച് ഞാൻ പ്രതിനിധാനം ചെയ്യുന്ന ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും കോടതികൾ ഏതെങ്കിലും തരത്തിലുള്ള സ്വതന്ത്ര സംവിധാനങ്ങളാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഭരണകൂടമെന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗാധിപത്യം നിലനിർത്തിക്കൊണ്ടുവന്നിട്ടുള്ള മർദ്ദന ഉപകരണമാണ് ഭരണകൂടം എന്നുപറയുന്നത്. അല്ലെങ്കിൽ ഇംഗ്ലീഷിൽ സ്റ്റേറ്റ് എന്നു പറയുന്നത്. ആ സ്റ്റേറ്റിന്റെ മർദ്ദക സംവിധാനങ്ങളിൽ ഒന്ന് മാത്രമാണ് ജുഡീഷ്യറി. ആ ജുഡീഷ്യറിയിലേക്ക് തെരഞ്ഞെടുപ്പില്ല. പാർലമെന്റിൽ ഈ സംവിധാനത്തിന്റെ ഭാഗമാണ്. അവിടെ ഇലക്ഷൻ ഇല്ല സെലക്ഷൻ മാത്രമാണ്. ജുഡീഷ്യൽ സംവിധാനങ്ങളെല്ലാം ഇത്തരത്തിലുള്ള വർഗ്ഗ വിഭജിതമായിട്ടുള്ള എല്ലാ നിയമങ്ങളും ഒരു സമൂഹത്തിലെ സംവിധാനങ്ങളും വർഗ്ഗ മേധാവിത്വം ആർക്കാണോ അവരുടെ കയ്യിലായിരിക്കും. അതുകൊണ്ടാണ് പൗരാവകാശങ്ങൾ ഇവിടെ ലംഘിക്കപ്പെടുന്നത്. ഈ ഭരണാധികാരികൾക്ക് തോന്നിയപ്പോൾ 20 മാസത്തോളം ഈ രാജ്യത്തിലെ എല്ലാ അവകാശങ്ങളേയും ഇല്ലായ്മ ചെയ്തില്ലേ? ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ, എവിടെയാണ് അവകാശങ്ങൾ ഉണ്ടായിരുന്നത്? പത്ര സ്വാതന്ത്ര്യം എവിടെയാണ് ഉണ്ടായിരുന്നത്? അന്ന് അതിന് ചൂട്ടുപിടിച്ച ആളുകളല്ലേ ഇവിടെയിരിക്കുന്നത്. പൗരാവകാശങ്ങളുടെ സമ്പൂർണ്ണമായിട്ടുള്ള ലംഘനമാണ് ഈ രാജ്യത്ത് നടന്നത്. ഞാനിവിടെ പറഞ്ഞുകൊണ്ട് വരുന്നത് ഭരണകൂടസംവിധാനങ്ങൾ ഭരണകൂടത്തിന്റെ ഭാഗമായി നിൽക്കുന്ന ജുഡീഷ്യൽ സംവിധാനങ്ങളും നിയമ സംവിധാനങ്ങളും സാധാരണ ജനങ്ങൾക്ക് നീതി ലഭിക്കുന്നതിനുവേണ്ടി തുല്യ നീതിക്ക് വേണ്ടിയിട്ടുള്ള, സോഷ്യൽ ജസ്റ്റീസിന് വേണ്ടിയിട്ടുള്ള മാറ്റങ്ങളുമായി ബന്ധപ്പെടുത്തി കാണാൻ കഴിയുന്ന ഗവേഷണത്തിനും പഠനത്തിനും നിയമനിർമ്മാണത്തിനുമുള്ള സംവിധാനങ്ങൾക്കുള്ള വേദികളുമായിട്ട് സർവ്വകലാശാലയെ മാറ്റാൻ ഒരു സെൽഫ് ഫിനാൻസിംഗ് എന്നു പറഞ്ഞുകൊണ്ട് സാധ്യമാകില്ലെന്നാണ് പറയുന്നത്. നമ്മുടെ രാജ്യത്തിന്റേയും ഭരണഘടനയുടേയും നിലനിൽപ്പിന്റേയും ആധാരം ഒരു രാഷ്ട്രത്തിലെ സെക്യുലർ സംവിധാനമാണ്. മതനിരപേക്ഷ സംവിധാനമാണ്. ഇൻഡ്യയെപ്പോലെയുള്ള ബഹുമതങ്ങളും ബഹു ഭാഷകളും ബഹു ദേശീയതകളുമുള്ള ഒരു രാഷ്ട്രത്തിന്റെ അടിത്തറയെന്നു പറയുന്നത് ഇവിടത്തെ മതനിരപേക്ഷതയുടെ സങ്കൽപമാണ്. ഒരു മതേതര സങ്കൽപത്തിന്റെ അടിത്തറ പകർത്തുന്ന സെക്യുലർ ഇൻഡ്യ എന്നുള്ള കാഴ്ചപ്പാടിനെ വെല്ലുവിളിക്കുന്ന രാഷ്ട്രീയ ശക്തികൾക്കും തത്വശാസ്ത്രത്തിലും ഈ രാജ്യത്തിന് മേധാവിത്വം ലഭിക്കാൻവേണ്ടി കഴിയുമോ? അങ്ങനെ വന്നാൽ നമ്മുടെ രാഷ്ട്രം ഉണ്ടാകുമോ? അങ്ങനെ മതേതര സങ്കൽപങ്ങളെ സംബന്ധിച്ചുള്ള ഗവേഷണവും പഠനവും നടക്കേണ്ടേ; ഈ ലോകത്തിന് തന്നെ മാതൃകയായി മാറേണ്ട ഒരു സംവിധാനം വരേണ്ടേ; അത് തീർച്ചയായിട്ടും ഇത്തരം സർവ്വകലാശാലകളിൽ വേണോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ചില കാര്യങ്ങളോട് വലിയ തോതിൽ യോജിക്കുകയാണ്. ഇപ്പോൾ പരിസ്ഥിതി പഠനം നടത്തുന്നതിന് നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി വരണം. അതിന് വ്യാവസായിക മുതലാളിത്തം തന്നെ വളർന്നു വരുമ്പോൾ ജനങ്ങളുടെ താൽപര്യം നോക്കാതെ ലാഭം മാത്രം അടിസ്ഥാനപ്പെടുത്തി ഇത്തരം വ്യവസായ സംരംഭങ്ങൾ കൊണ്ടുവരും അങ്ങനെ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുമ്പോൾ അതിലും മൂലധനത്തിന്റെയെല്ലാം തന്നെ വേണം. പക്ഷെ സമൂഹത്തിനും ഭാവി തലമുറയ്ക്കും അപകടകരമായ ഒരു സംവിധാനമായി മാറാൻ പാടില്ല. കോടികളുടെ ലാഭം കൊണ്ടുപോയി. പക്ഷെ വായു മലിനീകരണം ജല മലിനീകരണം തടയുന്നതിനുവേണ്ടിയിട്ടുള്ള സംവിധാനം ഇവിടെ ഏർപ്പെടുത്തിയിട്ടില്ല. നിയമങ്ങൾ വേണം, പൊല്യൂഷൻ കൺട്രോൾ ആക്ടെല്ലാം ഇവിടെയുണ്ട്. പക്ഷെ പരിസ്ഥിതി സംബന്ധിച്ചുള്ള, Environmental Law സംബന്ധിച്ചുള്ള പുതിയ പഠനങ്ങളും ഗവേഷണങ്ങളും ബഹുമാന്യനായിട്ടുള്ള മന്ത്രി പറഞ്ഞതുപോലെ ഉണ്ടായിട്ടുണ്ടോ? മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കൺസ്യൂമർ നിയമങ്ങളിൽ വേണ്ടത്ര പഠനം നടന്നിട്ടില്ല. അതിനാവശ്യമായിട്ടുള്ള നിലപാടുകൾ ഉണ്ടാകണം. ഞാൻ പൊതുവിൽ പറഞ്ഞുകൊണ്ട് വരുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം നിയമ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ പൈതൃകത്തിന് ശക്തി പകരുന്ന രൂപത്തിലുള്ള ഗവേഷണ പഠനങ്ങൾക്കും അതുപോലെതന്നെ ഉയർന്ന പഠനങ്ങൾക്കുമെല്ലാം സാധ്യമാകുന്ന രൂപത്തിലുമെല്ലാം സർവ്വകലാശാല അനിവാര്യമാണ്. ആ സർവ്വകലാശാലയുടെ നേതൃത്വം കേരള ഗവൺമെന്റിനാകണം. എന്തിനാണ് സ്വകാര്യ സ്വാശ്രയ സംവിധാനത്തിന് പിന്നാലെ പോകുന്നത്? പൈസയുണ്ടാക്കാൻ ഈ ഗവൺമെന്റിന് എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. ഇവിടെ പണം ഉപയോഗിച്ച് ധൂർത്ത് നടത്തുന്നു. ആരെങ്കിലും ചീത്ത പറയുമോ? ഞങ്ങൾ പറയാൻ പോകുന്നില്ല. അതുകൊണ്ട് നേരെ ചൊവ്വേയുള്ള നിയമമായിട്ട് ഇത് കൊണ്ടുവരണം. സെക്ഷൻ 8-ൽ സർവ്വകലാശാലയുടെ ചാൻസലർ കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസാണെന്ന് പറയുന്നുണ്ട്. കേരള ഹൈക്കോടതിയുടെ വിസിറ്റർ പോസ്റ്റിൽ സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റീസിനെയാണ് വച്ചിരിക്കുന്നത്. എന്തിനാണ് നമ്മൾ അങ്ങനെ പോകുന്നത്? നമുക്ക് അഖിലേൻഡ്യാ പ്രശസ്തരായിട്ടുള്ള ചീഫ് ജസ്റ്റീസ് പോലെയുള്ള പ്രഗൽഭരായിട്ടുള്ള ചീഫ്ജസ്റ്റീസിനെ വയ്ച്ചാൽ പോരേ? അല്ലെങ്കിൽ ചിന്നപ്പറെഡ്ഡിയെപ്പോലുള്ള ആളുകൾ ഉണ്ട്. ആന്ധ്രാപ്രദേശിൽ എത്രയോ ആളുകളുണ്ട്. അതുകൊണ്ട് അതിനൊന്നിനും നിർബന്ധം പിടിക്കരുത്.

ഇതിന്റെ പ്രോ-വൈസ് ചാൻസലറായി മന്ത്രി തന്നെ ഇരുന്നോട്ടെ. ഞാൻ എതിർ പറയുന്നില്ല. പക്ഷേ മറ്റേ സർവ്വകലാശാലയിൽ മാറ്റിക്കഴിഞ്ഞു.

12.00 Noon] സെക്ഷൻ 12-ൽ ജനറൽ കൗൺസിലിനെക്കുറിച്ച് പറയുന്നുണ്ട്. ജനറൽ കൗൺസിലിൽ ചില ഭേദഗതികൾ ഉണ്ടാക്കണം. കാരണം കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സർവ്വകലാശാലയിലും നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തി. ഒരു പ്രൊപ്പോസൽ എനിക്ക് പറയാനുള്ളത് കേരളത്തിലെ ലാ കോളേജുകളിൽ നിന്ന് അല്ലെങ്കിൽ കേരളത്തിനു പുറത്തുള്ള സർവ്വകലാശാലയിൽ നിന്ന് നിയമം പാസ്സായിട്ടുള്ള നിയമബിരുദധാരികളായിട്ടുള്ള പ്രതിനിധിയെ അതിൽ കൊടുക്കണം. കേരളത്തിൽ നിന്നോ പുറത്തുള്ള സർവ്വകലാശാലയിൽ നിന്നോ പാസ്സായി കേരളത്തിൽ, സ്ഥിര താമസമാക്കിയ നിയമ ബിരുദധാരികളായിട്ടുള്ള ആളുകൾക്ക് ഒരു മണ്ഡലം ഉണ്ടാക്കണം. അതൊരു ഡെമോക്രാറ്റിക് അപ്രോച്ചാണ്. നിയമ ബിരുദധാരികളായ അഞ്ചു പേരുടെ പ്രാതിനിധ്യം അതിൽ കൊടുക്കണമെന്നുള്ള നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. അതുപോലെ തന്നെ സർവ്വകലാശാലാ ജീവനക്കാർക്ക് ജനറൽ കൗൺസിലിൽ പ്രാതിനിധ്യം ഉണ്ടാകണം. അത് നമ്മൾ നേരത്തെ അംഗീകരിച്ച കാര്യമാണ്. നിങ്ങൾ പറയുന്നത് വിദ്യാർത്ഥി പ്രാതിനിധ്യമല്ല, നോമിനേഷൻ എന്നാണ്. കോളേജിൽ വിദ്യാർത്ഥികളെ നോമിനേറ്റ് ചെയ്യും എന്നു പറഞ്ഞു, അതു പോര സ്റ്റേറ്റിൽ ആകെ വിദ്യാർത്ഥികളുടെ ജൂറിസ്ഡിക്ഷനുണ്ട്. കേരളത്തിലെ എല്ലാ ലാ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ അഞ്ച് പ്രതിനിധികളെ ജനറൽ കൗൺസിലിൽ കൊടുക്കണം. എക്സിക്യൂട്ടീവിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകണം. ജനറൽ കൗൺസിലിൽ എക്സിക്യൂട്ടീവിലെ നിയമ ബിരുദധാരികളായവരുടെ മണ്ഡലം പുതുതായി ഉണ്ടാക്കി. അങ്ങനെയുള്ള ആളുകൾക്ക് പ്രാതിനിധ്യം കൊടുക്കുന്നത് ഇതിന്റെ ജനാധിപത്യപരമായിട്ടുള്ള സംവിധാനത്തിനെ ശക്തിപ്പെടുത്തും. സെക്ഷൻ 25-ലാണ് വൈസ് ചാൻസലറുടെ നിയമനം സംബന്ധിച്ച് പ്രതിപാദിക്കുന്നത്. അതിന്റെ കമ്മിറ്റി മൂന്ന് അംഗങ്ങളായുള്ള കമ്മിറ്റിയാണ്. ഒന്ന് സെർച്ച് കമ്മിറ്റി. കേരളാ ബാർ കൗൺസിലിന്റെ പ്രതിനിധി ആയിക്കോട്ടെ. യു.ജി.സി. യുടെ പ്രതിനിധി, സ്റ്റേറ്റ് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ. പക്ഷേ നിലവിലുള്ള എല്ലാ സർവ്വകലാശാലാ നിയമത്തിലും അങ്ങ് തന്നെ പൈലറ്റ് ചെയ്ത, സി. എച്ച്. മുഹമ്മദ് കോയ കൊണ്ടുവന്ന നിയമമുണ്ട്. ആ നിയമത്തിൽ സർവ്വകലാശാല വൈസ് ചാൻസലർ നിയമന കമ്മിറ്റിയിൽ ഒരു സർവ്വകലാശാല, ഭരണ സമിതിക്ക് പ്രാതിനിധ്യമുണ്ട്. അത് എവിടെ? സർവ്വകലാശാല സെനറ്റിന്റെ ഒരു പ്രതിനിധി കേരള, കാലിക്കട്ട്, കണ്ണൂർ സർവ്വകലാശാലയിലെ സെലക്ഷനിൽ വരുന്നുണ്ട്. മൂന്ന് എന്നത് മാറ്റി നാല് ആക്കണമെന്ന് പറയുന്നില്ല. ബാർ കൗൺസിലിന്റെ പ്രതിനിധിയെ വയ്ക്കട്ടെ. ജനറൽ കൗൺസിലിന്റെ പ്രതിനിധിയെക്കൂടി വൈസ് ചാൻസലറെ നിശ്ചയിക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. യു.ജി.സി. യുടെ ആൾ വേണമെന്ന് നിർബന്ധമില്ല, യു.ജി.സി. യുടെ ആളെ മാറ്റുന്നതിനോട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി യോജിക്കുമെന്ന് കരുതുന്നു. വി. സി. യുടെ നിയമനം സംബന്ധിച്ച് സെർച്ച് കമ്മിറ്റിയിൽ ആവശ്യമായ മാറ്റം വരുത്തണം. ശ്രീ. ജയരാജൻ വളരെ പ്രസക്തമായ ഒരു കാര്യം പറഞ്ഞു. സെക്ഷൻ 29 സർവ്വകലാശാലയുടെ ഫണ്ടുകളെ സംബന്ധിച്ച് പറയുന്നു. അതിൽ ഗവൺമെന്റ് ഗ്രാന്റ്, കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്, യു.ജി.സി. ഗ്രാന്റ് ഒക്കെ പറയുന്നുണ്ട്. ഇതാണ് നേരത്തെ ശ്രീ. എം. വി. ജയരാജൻ ചൂണ്ടിക്കാണിച്ച വൈരുദ്ധ്യം. ഇതിന്റെ ക്ളാസിനെപ്പറ്റി ഈ ബില്ലിൽ പറയുന്നുണ്ട്. ധനകാര്യ മെമ്മോറാണ്ടം പറയുന്നത്, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല എന്നാണ്. കാൽ പൈസ ചെലവില്ലാതെ ചുളുവിൽ ഒരു സർവ്വകാലാശാല! ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശം നല്ലതുതന്നെ. ഇത് ആരാണ് കൊണ്ടു നടത്തുക? ഇതിന്റെ വരുമാനം എന്താണ്? ആര് വരുമാനം കൊടുത്തു? 25 ലക്ഷവും 45 ലക്ഷവും വരെ ലേലം വിളിച്ച് മാനേജ്മെന്റിന് ഉണ്ടാക്കാൻ കഴിയുന്ന വിധത്തിൽ നിയമ പഠനത്തിന്റെ പേരിൽ കച്ചവടമാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? ആണെങ്കിൽ ഞങ്ങൾ ശക്തിയായി എതിർക്കും. വിദ്യാഭ്യാസ കച്ചവടക്കാർക്ക് കടന്നു വരാൻ അംഗീകാരം കൊടുക്കുന്ന ആരാച്ചാരുടെ പണിക്ക് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നിന്നുകൊടുക്കരുത്. ഈ ബിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സ്വാശ്രയ എന്ന വാക്ക് മാറ്റണം. അങ്ങ് ഉദ്ദേശിക്കുന്ന രൂപത്തിൽ നിയമം സംബന്ധിച്ചുള്ള ഒരു സർവ്വകലാശാല ഉണ്ടാകണമെങ്കിൽ ഈ സ്വാശ്രയം പറ്റില്ല. സ്വാശ്രയം മാറ്റി സ്റ്റേറ്റ് ഗവൺമെന്റ് ഗ്രാന്റ് കൊടുക്കണം. കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് വാങ്ങണം. യു.ജി.സി. യുടെ ഗ്രാന്റ് വാങ്ങണം. എന്നിട്ട് സംസ്ഥാനം സ്പോൺസർ ചെയ്യുന്ന ഓട്ടോണമസ് സ്ഥാപനം ആയിക്കോട്ടെ. ഭരണം അവർ നടത്തിക്കോട്ടെ. അങ്ങ് പറഞ്ഞപോലെ സിലബസ് അവർ തീരുമാനിക്കട്ടെ. പരീക്ഷ അവർ നടത്തിക്കോട്ടെ. ഒരു വിരോധവുമില്ല. പക്ഷേ കേരളാ ഗവൺമെന്റ് സഹായിക്കണം. അങ്ങനെയൊരു സഹായം അവർ ഉദ്ദേശിക്കുന്നുണ്ട്. പ്രഗത്ഭരായ ആളുകൾ സംഭാവന ചെയ്താൽ വാങ്ങാമല്ലോ. ഒരു വ്യവസ്ഥ വച്ചാൽ പോരേ? ഗവൺമെന്റിന്റെ നേതൃത്വത്തിൽ, ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തോടെ എല്ലാ മേഖലയിലും നമ്മുടെ പാരമ്പര്യവും പൈതൃകവും ഉയർത്തിപ്പിടിക്കുന്ന ഒരു സർവ്വകലാശാലയായി മാറണം. ഐ.ഐ.ടി.-യേയും ഐ.എം.ജി.-യേയുംപോലെ സാങ്കേതിക മേഖലയിലും മാനേജ്മെന്റ് മേഖലയിലുമുള്ള സ്ഥാപനങ്ങൾ ആരാണ് നടത്തുന്നത്? ലാഭക്കച്ചവടക്കാരാണോ? അത് ഗവൺമെന്റ് നേതൃത്വത്തിലല്ലേ നടത്തുന്നത്? അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുന്നു. നിയമപഠനം കഴിഞ്ഞ് വരുന്ന ആളുകൾ വേണ്ടത്ര പ്രാഗത്ഭ്യം നേടുന്നില്ല. ഏറ്റവും വലിയ

പ്രശ്നം നിയമം പഠിപ്പിക്കാൻ അധ്യാപകരില്ല. എൽ.എൽ.എം. കഴിഞ്ഞുവരുന്ന പ്രഗത്ഭരായ അഭിഭാഷകർ, 10, 25 വർഷം കോടതിയിൽ പ്രാക്ടീസ് ചെയ്ത വലിയ അനുഭവ സമ്പത്തുള്ള അഭിഭാഷകർ വരണം. നേരത്തെ അങ്ങനെയൊരു സംവിധാനം ഉണ്ടായിരുന്നു. അങ്ങനെയാണെങ്കിൽ മാത്രമേ നിയമ പഠനത്തിന്റെ നിലവാരം ഉയർത്താൻ കഴിയുന്ന രൂപത്തിലേക്ക് കേരളത്തിലെ റിട്ടയർ ചെയ്ത, ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്നവരുമായ അതിപ്രഗത്ഭരായ നിയമ പണ്ഡിതന്മാരെ കോളേജുകളിലേക്ക് വിടാൻ കഴിയൂ. അങ്ങനെ ചെയ്യാൻ കഴിയണം. നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ സ്വാശ്രയ സർവ്വകലാശാലയായി നടക്കുന്ന കാര്യമല്ല. അങ്ങ് വിഭാവനം ചെയ്യുന്നതുപോലെ ഐ.ഐ.ടി. പോലെ, എൻ.ഐ.ടി. പോലെ ഐ.എം.ജി. പോലെയുള്ള സ്ഥാപനമായി മാറണമെങ്കിൽ ഗവൺമെന്റ് പണം മുടക്കണം. അല്ലാതെ സ്വാശ്രയത്തിന്റെ പേരിൽ ഒരു സർവ്വകലാശാല കൊണ്ടുവരണമെന്ന ഓർഡിനൻസ് കൊണ്ടു വന്നിട്ട് കാര്യമില്ല. അതുകൊണ്ട് ഞാൻ ഈ ഓർഡിനൻസ് നിരാകരിക്കുകയും അതിന്റെ ഉള്ളടക്കത്തിൽ മൗലികമായ മാറ്റം വരുത്തണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രന് പിൻതാങ്ങി സംസാരിക്കാവുന്നതാണ്. സംസാരിക്കുന്നതിനുമുമ്പ് നമുക്ക് ഇന്ന് ബി.എ.സി.യുടെ തീരുമാനപ്രകാരം 3 ബിൽ തീർക്കേണ്ടതായിട്ടുണ്ട്. നമുക്ക് ആകെ അലോട്ട് ചെയ്തിരിക്കുന്ന സമയം, രണ്ടരമണിക്കൂറാണ്. 11 മണിക്കാണ് ബിസിനസ്സ് തുടങ്ങിയത്. അതൊന്നു മനസ്സിൽ വച്ചുകൊണ്ട് സംസാരിക്കണം. ബിൽ ആയതുകൊണ്ട് നമുക്ക് നിയമപരമായി നിയന്ത്രിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് അതു ഉൾക്കൊള്ളണമെന്ന് മെമ്പർമാരോട് പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ അങ്ങ് പറഞ്ഞതുൾക്കൊള്ളുകയാണ്. ഞങ്ങൾ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ഇതൊക്കെ പറഞ്ഞിരുന്നതാണ് 3-ഉം 4-ഉം 5-ഉം 10-ഉം ബില്ലുകൾ ഒന്നിച്ച് അവതരിപ്പിക്കരുതെന്ന്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബിൽ ഒരു പൂർണ്ണ ബിൽ ആണ്. ഇത് വിശദമായി ചർച്ച ചെയ്തില്ലെങ്കിൽ, നമ്മൾ പെട്ടെന്ന് പെട്ടെന്ന് പാസ്സാക്കിയാൽ ഒരുപാട് അപാകതകൾ, പ്രത്യേകിച്ച് സെൽഫ് ഫിനാൻസിംഗുമായി ബന്ധപ്പെട്ട ഒരുപാട് വിഷയങ്ങൾ, നിയമപരമായി കോടതികളിലും, സുപ്രീം കോടതിയിലും ഭരണഘടനാ ബഞ്ചിലുമൊക്കെ നിൽക്കുന്ന വിഷയങ്ങൾ ഒക്കെ ഉള്ളതാണ്. പരമാവധി ചുരുക്കാം.

മി. ചെയർമാൻ: സെൽഫ് ഫിനാൻസിംഗിന്റെ വേറെയൊരെണ്ണം വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അത് 2 ചെറിയ ഭേദഗതിയാണ്. ചെറുതാണെങ്കിലും അപകടമുള്ള ഭേദഗതിയാണ്. അതിലും സംസാരിക്കേണ്ടതുണ്ട്. ഭേദഗതി ചെറുതേയുള്ളൂ. പക്ഷേ കീശ വീർപ്പിക്കാൻ പറ്റിയ ഭേദഗതികളാണ്. സർ, ഞാൻ പരമാവധി ചുരുക്കാം. ആദ്യം എന്റെ ഒരു ഒബ്ജക്ഷൻ, ഞാൻ ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഇന്നലെ ബുള്ളറ്റിൻ നമ്പർ 686 ആയിട്ട് തന്നിട്ടുള്ളത്, National University of Advanced Legal Studies Bill ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കുന്നതിന് സ്പീക്കർ അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ ചോദിച്ചാൽ സ്പീക്കർ സ്വാഭാവികമായും അനുമതി നൽകണം. അത് നല്ല കാര്യം തന്നെ. പക്ഷേ എന്തിനാണ് ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നത്? ഭരണ ഭാഷ, കോടതിഭാഷ മലയാളത്തിൽ ആക്കണമെന്നാണ്. നിയമസഭയിൽ ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ ആയിരുന്നു ആ കമ്മിറ്റിയുടെ അന്നത്തെ ചെയർമാൻ. ഇപ്പോൾ ശ്രീ. കെ. വി. തോമസ് ആണ് അതിന്റെ ചെയർമാൻ. കോടതിയിലുള്ള ഭാഷ ഉൾപ്പെടെ മലയാളത്തിലാക്കണമെന്ന് തീരുമാനിക്കുകയും ഭരണത്തിന്റെ എല്ലാ കാര്യങ്ങളും മാതൃഭാഷയിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സമയത്ത് മാതൃഭാഷയ്ക്കുവേണ്ടി ശക്തമായി വാദഗതികൾ ഉയർത്തുന്ന ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ എന്തിനാണ് ഇത് ഇംഗ്ലീഷിൽ അവതരിപ്പിച്ചത്? ഞാനത് ചോദിക്കുന്നത് ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതുകൊണ്ട് മറ്റ് എതിർപ്പ് പറയുന്നതല്ല. നമ്മൾ മാതൃഭാഷയിലാക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുമ്പോൾ പിന്നെ പുതിയ ബില്ലുകൾ ഇംഗ്ലീഷിൽ വരുന്നത് എന്തിനാണ്? ചുമട്ടുതൊഴിലാളികളുടെ ഒരു ബിൽ വന്ന സമയത്ത് ഞാൻ ഈ ഒബ്ജക്ഷൻ അന്നിവിടെ എഴുതിക്കൊടുത്ത് ഉന്നയിച്ചു, ചുമട്ടുതൊഴിലാളികളെ സംബന്ധിക്കുന്ന ബിൽ എന്തിനാണ് ഇംഗ്ലീഷിൽ എന്ന്? ചുമട്ടുതൊഴിലാളികളൊക്കെ വളരെ പാവപ്പെട്ടവരും സാധാരണക്കാരുമാണ്. അപ്പോൾ അന്ന് ബഹുമാനപ്പെട്ട ചെയറിൽ നിന്ന് പറഞ്ഞത് ഇത് ഇവിടെ മനസ്സിലാക്കാനുള്ളതല്ല, പുറത്ത് മനസ്സിലാക്കാനുള്ളതാണെന്നാണ് ഞങ്ങൾക്കൊക്കെ അത് മനസ്സിലായി. ജിം സമ്മേളനത്തിന് തൊട്ടുമുമ്പാണത്. കാര്യം മനസ്സിലായി. ഇപ്പോൾ അങ്ങനെയുള്ള ഒരു അന്തരീക്ഷമല്ലല്ലോ? അതുകൊണ്ട് അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നുമാത്രം. പിന്നെ ആദ്യത്തെ പ്രധാനപ്പെട്ട ഒബ്ജക്ഷൻ ഉന്നയിക്കുന്നത് ഈ ഓർഡിനൻസ് എന്തിനാണ് ഇറക്കിയത്? മന്ത്രി ബിൽ ഇവിടെ അവതരിപ്പിച്ച സമയത്ത് നമുക്കിവിടെ വിതരണം ചെയ്തു. നമ്മുടെ ചട്ടമനുസരിച്ച് 75(1) ചട്ടപ്രകാരമുള്ള പ്രസ്താവന കിട്ടി. ഇതിന് ഒരു ഓർഡിനൻസ് ഇറക്കേണ്ടതിന്റെ ആവശ്യകത, അല്ലെങ്കിൽ അതിന്റെ അടിയന്തിരസ്വഭാവം ഇതിൽ പറയുന്നില്ല. ഈ ബില്ലിലും അതു പറയുന്നില്ല. എന്തെങ്കിലും ഒരു അടിയന്തിരസാഹചര്യം പ്രത്യേകമായി

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്ന് നിയമസഭ സമ്മേളിക്കാതിരിക്കുന്ന സമയത്ത്, ചില സന്ദർഭങ്ങളിൽ ഭരണസ്തംഭനം ഉണ്ടാകാതിരിക്കാൻ അല്ലെങ്കിൽ ഏതെങ്കിലും കാര്യങ്ങൾ അഡ്മിനിസ്ട്രേറ്റീവായി നമുക്ക് നടപ്പാക്കിക്കൊണ്ടുപോകാനൊക്കെ ഇത് നമുക്കാവശ്യമായിരിക്കും. പക്ഷേ ഓർഡിനൻസ് ഏതുസമയത്തും, എപ്പോഴും ഇറക്കുക, അത് ശ്രീ. മത്തായി ചാക്കോ ഇവിടെ ചൂണ്ടിക്കാണിച്ചു. നിയമസഭ സമ്മേളിക്കുന്നതിന് മുൻപ് ബഹുമാനപ്പെട്ട സ്പീക്കർ പത്രസമ്മേളനം വിളിച്ചുകൂട്ടി തീയതിയുൾപ്പെടെയുള്ള കാര്യങ്ങൾ പറയുന്നു. സഭ ചർച്ച ചെയ്യാൻ പോകുന്ന ബില്ലുകളെക്കുറിച്ച് സൂചനകൾ നൽകുന്നു. നല്ല അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട സ്പീക്കറുടെ നല്ല വിശദീകരണം വരും. മന്ത്രിസഭ കൂടി ഗവർണ്ണറോട് ശുപാർശ ചെയ്യാൻ ഡേറ്റ് ഫിക്സ് ചെയ്യാൻ പോകുന്ന സമയത്ത് അന്ന് തീരുമാനമെടുക്കാതെ പിറ്റേദിവസത്തേക്ക് മന്ത്രിസഭയുടെ വിശേഷാൽ യോഗം വിളിക്കുന്നു. അതിനിടയിൽ ഓർഡിനൻസ് ഇറക്കാനുള്ള ഒപ്പ് വയ്ക്കുന്നു. സർ, മാതൃഭൂമി പത്രം ഇതുസംബന്ധിച്ച് ഒരു എഡിറ്റോറിയൽ എഴുതി. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിച്ചുകാണും. കാരണം മാതൃഭൂമി പത്രം ഇത് സംബന്ധിച്ച് ഒരു എഡിറ്റോറിയൽ എഴുതുമ്പോൾ തീർച്ചയായിട്ടും ഗൗരവം ഉണ്ടാകുമല്ലോ? അതിന്റെ തലക്കെട്ട് ഇതാണ്. ഓർഡിനൻസ് രാജ് വേണ്ട. അവരത് പറയുന്നുണ്ട്. എന്തുകൊണ്ടാണ് ഈ ഓർഡിനൻസ് എന്ന്? സർക്കാർ വിശേഷിച്ചും ശ്രദ്ധിക്കേണ്ടത് എം. എൽ. എ. മാർക്ക് ചുമതല നിറവേറ്റുന്നതിന് അവസരം നിഷേധിക്കുന്ന ഭരണാധികാരികൾ നിയമസഭയേയും, ജനാധിപത്യ സംവിധാനത്തേയും അവഹേളിക്കുകയാണ്. അവർ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട വി. എം. സുധീരൻ സ്പീക്കർ ആയിരുന്ന സമയത്ത് നടത്തിയിട്ടുള്ള റൂളിംഗ് ഒക്കെ ഇതിനകത്ത് പറയുന്നുണ്ട്. എന്തിനാണ് അങ്ങനെയൊരു ഓർഡിനൻസ് ഇത്ര ധൃതി പിടിച്ച് ഇറക്കിയത്? അതിവിടെ വിശദീകരിച്ചിട്ടില്ല, ഞങ്ങൾക്ക് നൽകിയ സ്റ്റേറ്റുമെന്റിലുമില്ല. അങ്ങ് അതിവിടെ പറയണം.

ശ്രീ. എ. കെ. ബാലൻ: സർ, 75(1) ചട്ടപ്രകാരം അടിയന്തിര സാഹചര്യം എന്താണെന്ന് ഓർഡിനൻസിന്റെ ഭാഗമായിട്ട് തരേണ്ടതാണ്. അത് ഇതിലില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: അത് ഇതിലില്ല. ഞാൻ അതിവിടെ ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ മറുപടി പറയുമ്പോൾ .....

മി. ചെയർമാൻ: അതിന്റെ സ്റ്റേറ്റുമെന്റ് ഇവിടെ വിതരണം ചെയ്തിട്ടില്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിലില്ല. ബഹുമാനപ്പെട്ട ചെയർ വായിച്ചുനോക്കണം. എന്ത് അടിയന്തിരസാഹചര്യം? അതല്ലേ പറയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റുമെന്റിൽ സഭ സമ്മേളിക്കാത്തതുകൊണ്ട് എന്ന് എഴുതിയിട്ടുണ്ട്. അതൊരു നടപടിക്രമമല്ലേ? അടിയന്തിരസാഹചര്യം എന്താണെന്ന് അറിയാൻ അംഗങ്ങൾക്ക് അവകാശമുണ്ടെന്ന് മാത്രമല്ല, പൊതുജനങ്ങൾക്കും അവകാശമുണ്ട്. കാരണം ഒരു ഓർഡിനൻസ് ഇറങ്ങുകയല്ലേ. ഒരു ഓർഡിനൻസ് ഇറങ്ങിയാൽ, നിങ്ങൾ അത് തീരുമാനമെടുത്ത് നടപ്പാക്കിയില്ലേ? പിന്നെ ഈ ചർച്ചയ്ക്ക് എന്താണ് പ്രസക്തി? അത് വളരെ കുറഞ്ഞില്ലേ? ഞങ്ങൾ ഇവിടെ പറയുന്ന പല കാര്യങ്ങളും നിർദ്ദേശങ്ങളും അങ്ങ് നേരത്തെ പറഞ്ഞപോലെ സബ്ജക്റ്റ് കമ്മിറ്റി ചർച്ച ചെയ്താലും, ഇവിടെ അങ്ങ് പറഞ്ഞു വളരെ ഡീറ്റെയിൽഡ് ഡിസ്ക്കഷൻ വേണം. ഞാൻ ആ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. അങ്ങനെ ചർച്ച ചെയ്യുന്ന ഒരു ബിൽ, അങ്ങനെയൊരു ഓർഡിനൻസിന് പ്രത്യേകിച്ചൊരു വിശേഷാൽ ക്യാബിനറ്റ്, പിറ്റേദിവസം അതിനിടയിലൊരു ഓർഡിനൻസ് ഇറക്കി ഒപ്പുവയ്ക്കുക. അത് ഗസറ്റിൽ അസാധാരണ ഗസറ്റ് ആയി പ്രഖ്യാപനം ചെയ്യുക, എവിടെയോ അൽപ്പം പന്തികേടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചാൽ നമുക്ക് കാര്യങ്ങൾ മനസ്സിലാകും.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ അടിയന്തിരസാഹചര്യം വിവരിച്ചില്ലായെന്നു മാത്രമല്ല, 1993-ലെ നിയമ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ചീഫ് ജസ്റ്റീസുമാരുടെ സമ്മേളനം നിശ്ചയിച്ച കമ്മിറ്റി ബാംഗ്ലൂരിലെ National Law School of India University-യുടെ മാതൃകയിൽ ഓരോ സംസ്ഥാനത്തും ഒരു സ്ഥാപനം എന്നതാണ് ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്. എന്നു വച്ചാൽ 12 വർഷം മുൻപ് എടുത്ത തീരുമാനം ആണ് ഈയൊരു നിയമനിർമ്മാണം. അപ്പോൾ അടിയന്തിര പ്രാധാന്യമായി ഒരു ആഴ്ച്ചത്തെ കാര്യം ആയിട്ട് ഓർഡിനൻസ് ഇറക്കേണ്ട കാര്യമില്ല എന്ന് അങ്ങേയ്ക്കറിയില്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ. ഞാനതുകൊണ്ടാണ് പറഞ്ഞത് എന്തോ ചീഞ്ഞു നാറുന്നു, എന്തോ ഒരു വശപിശക് എവിടെയോ ഉണ്ട്. ഞാൻ ഒരു കാര്യം കൂടി പറയട്ടെ. പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തി പറയുകയാണെന്ന് ധരിക്കരുത്. ചില പത്രങ്ങളിൽ വരുന്നത് ശ്രദ്ധിക്കാതിരിക്കാൻ പറ്റില്ലല്ലോ? നിങ്ങളും അത് ക്വാട്ട് ചെയ്യുന്നുണ്ടല്ലോ? പത്രങ്ങളിൽ വന്നു, ആദ്യം നിങ്ങൾ ഓർഡിനൻസായി തയ്യാറാക്കിക്കൊണ്ടുവന്ന ബില്ലിന്റെ കരടിൽ സ്വാശ്രയം എന്നില്ല. പിന്നെ സ്വാശ്രയം എന്നുചേർക്കുന്നത് സംബന്ധിച്ച് ക്യാബിനറ്റിൽ മന്ത്രിമാർ തമ്മിൽ തർക്കം നടന്നുവെന്നും, പിന്നെ സ്വാശ്രയം എന്ന് കൂട്ടിച്ചേർത്തുവെന്നും നിങ്ങൾ തമ്മിൽ ചില കോംപ്രമൈസ് ഉണ്ടാക്കിയെന്നും, അങ്ങനെയൊക്കെ ഒരു ബിൽ തയ്യാറാക്കുമ്പോൾ നിങ്ങൾ തമ്മിൽ അങ്ങനെയൊരു കോംപ്രമൈസ് ഉണ്ടാക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

മതിയോ? അങ്ങനെയൊരു കോംപ്രമൈസിന്റെ അടിസ്ഥാനത്തിലാണോ ചാൻസലറെ സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത്? അതൊരു അക്കാഡമിക്ക് ഇന്റെറസ്റ്റ് ഉള്ള കാര്യമാണ്. ചാൻസലർ, വൈസ് ചാൻസലർ അത്തരം സ്ഥാനങ്ങളെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതാണ്. ഏറ്റവും നല്ലത് ഏതാണ്, ആരാണ് ചുമതല വഹിക്കേണ്ടത്? പക്ഷേ സ്വാശ്രയം എന്നത് അങ്ങനെയുള്ളതല്ല. അതിനകത്ത് ബേസിക്കായ ചില വിഷയമുണ്ട്. ഇവിടെ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരുപാട് വിഷയങ്ങളില്ലേ? അതുകൊണ്ട് ക്യാബിനറ്റിൽ അങ്ങനെ ഒരു തർക്കത്തിന് ഇട വന്ന സാഹചര്യം എന്താണ്? എന്താണിങ്ങനെയൊരു ഓർഡിനൻസ് ഇറക്കാനുണ്ടായ സാഹചര്യം? അത്തരം ഒരു ഓർഡിനൻസ് രാജിന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ എന്തിനു നിന്നു കൊടുത്തു? വിശദീകരിക്കാൻ വേണ്ടി പറയുകയാണ്. ഞാൻ ഇനി ബില്ലിലേക്ക് കടക്കുകയാണ്. ഇതിൽ കൊച്ചിൻ യൂണിവേഴ്സിറ്റി, ഇത് നല്ലൊരു യൂണിവേഴ്സിറ്റിയാണെന്ന് ഇപ്പോൾ അങ്ങ് തന്നെ പറഞ്ഞു, അതിന്റെ സ്റ്റാറ്റസ് ഉയർത്തുന്നതു സംബന്ധിച്ച്. അതൊരു രാജ്യാന്തര പദവിയുള്ള വലിയൊരു സർവ്വകലാശാല, നമ്മുടെ ഒരു ശാസ്ത്രസാങ്കേതിക സർവ്വകലാശാലയായിട്ട് ഉയർത്തുന്നു. ആ സർവ്വകലാശാലയുടെ നിയമവകുപ്പിനെ സർവ്വകലാശാലയായി ഉയർത്തണമെന്ന ഒരു നിർദ്ദേശം എത്രയോ വർഷങ്ങളായിട്ട് ഇവിടെ ഗൗരവമായി പരിഗണിക്കപ്പെട്ടുവരികയാണ്. എന്തുകൊണ്ടാണ് ഇത്തരം ആലോചനയിലേക്ക് ഗവൺമെന്റ് പോകാതിരുന്നത്? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു നമുക്കിപ്പോൾ ടെക്നിക്കൽ യൂണിവേഴ്സിറ്റി വരുന്നു. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതാണോ എന്നെനിക്കറിയില്ല. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കാർഷികസർവ്വകലാശാലയുടെ ജൂബിലി സമ്മേളനത്തിൽ, ഞങ്ങളൊക്കെ അതിൽ പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വന്നില്ല, —കഴിഞ്ഞമാസം അവിടെ വച്ച് ഒരു പ്രഖ്യാപനം നടത്തി. കേരളത്തിൽ ഒരു വെറ്ററിനറി സർവ്വകലാശാല ആരംഭിക്കാൻ പോകുന്നു. ഞാനിപ്പോൾ പറയുന്നത്, ഞാൻ അവസാനം വരുമ്പോൾ കാർഷിക യൂണിവേഴ്സിറ്റിയിലേക്ക് വരുന്നുണ്ട്. അപ്പോൾ ഒന്നുകൂടി വിശദീകരിക്കാം. പല യൂണിവേഴ്സിറ്റികളും ഇവിടെ വരാൻ പോകുകയാണ്. പുതിയ പുതിയ സർവ്വകലാശാലകൾ വരുന്നത് ഈ സ്വാശ്രയാടിസ്ഥാനത്തിലുള്ള സർവ്വകലാശാലയായല്ലേ? അങ്ങനെ കേരളത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ മാത്രമല്ല സെൽഫ് ഫിനാൻസിംഗ് സർവ്വകലാശാല, മെഡിക്കൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടെക്നിക്കൽ യൂണിവേഴ്സിറ്റി അത്തരം യൂണിവേഴ്സിറ്റികൾ വരാൻ പോകുകയാണ്. അപ്പോൾ ഞങ്ങൾ കുറെ ദിവസങ്ങളായി ഇവിടെ ഉന്നയിക്കുന്നതും, കേരളത്തിലെ പൊതുജന മനസ്സാക്ഷിക്കനുസരിച്ച് ഉയർന്നുവന്നിട്ടുള്ള ജനവികാരവും,

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും അഭിപ്രായവും, ഇതിൽ രാഷ്ട്രീയം ഒന്നുമില്ല, കേരളത്തിന്റെ പൊതുഅഭിപ്രായവും ഇത്തരം കച്ചവടത്തിനെതിരായിട്ടല്ലേ? അങ്ങനെയൊരു പൊതുഅഭിപ്രായം രാജ്യത്ത് ഉയർന്നുവരുമ്പോൾ അതൊന്നും തെല്ലുപോലും മാനിക്കാതെ ഇനി സെൽഫ് ഫിനാൻസിംഗ് കോളേജല്ല, ഞങ്ങൾ സെൽഫ് ഫിനാൻസിംഗ് സർവ്വകലാശാല തന്നെ ആരംഭിക്കുകയാണ് എന്ന മട്ടിൽ ഈ പോക്ക് എവിടേയ്ക്കാണ് എന്ന് ഗൗരവപൂർവ്വമായി ചിന്തിക്കണമെന്ന് ഞാൻ പറയുകയാണ്.

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ലീഗൽ വകുപ്പിനെ എന്തുകൊണ്ടാണ് ഇത്തരം സ്റ്റാറ്റസിലേക്ക് കൊണ്ടുവരാൻ ആലോചിക്കാത്തത് എന്നും അങ്ങയുടെ മറുപടിയിൽ ഉണ്ടാവണം. ബാർ കൗൺസിൽ ഉണ്ടാക്കിയ NIALS (National Institute for Advanced Legal Studies) ആരംഭിച്ചു. കോഴ്സ് തുടങ്ങി, ക്ളാസ് ആരംഭിച്ചു. താത്ക്കാലികമായി സ്കൂൾ കെട്ടിടത്തിലാണ് ഇപ്പോൾ നടക്കുന്നത്. അതിനെ ഇതിൽ സംയോജിപ്പിച്ച് ഇത്തരം ഒരു സ്വാശ്രയ സർവ്വകലാശാല ഉണ്ടാക്കുന്നത് നിയമപരമായി നിലനിൽക്കുമോ? അതുകൊണ്ട് ഇതിന്റെ പ്രവേശനത്തെ സംബന്ധിച്ച വ്യവസ്ഥകളും ഫീസും അറിയണം. ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചുകൊണ്ട് ബിൽ പാസ്സാക്കിയെങ്കിലും സർവ്വകക്ഷിയോഗത്തിൽ അവിടെ എല്ലാവരും അഡ്മിറ്റ് ചെയ്ത ഒരു കാര്യമുണ്ട് എല്ലാവരും ഇരുപത്തഞ്ചും മുപ്പതുമൊക്കെ വാങ്ങുന്നുണ്ട് എന്നത്. വാങ്ങുന്നു എന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. അങ്ങനെ ഒരു സാഹചര്യത്തിൽ കേരളത്തിൽ വ്യാപകമായി ഗവൺമെന്റിന്റെ സമ്പത്ത് ഉപയോഗിച്ച് സ്ഥാപനം ഉണ്ടാക്കി ആ സ്ഥാപനങ്ങൾ കച്ചവടാടിസ്ഥാനത്തിൽ സീറ്റുകളും കോഴ്സുകളും ആരംഭിക്കാൻ പോയാൽ പ്രിയപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ അങ്ങയുടെ ഭരണകാലത്ത് അത്തരം ഒരു സാഹചര്യം ഉണ്ടായാൽ, അങ്ങയുടെ ചരിത്രത്തിലെ സ്ഥാനം എന്തായിരിക്കും? ഒന്നു ചിന്തിക്കാൻവേണ്ടി പറയുകയാണ്. എന്തുകൊണ്ട് ഗവൺമെന്റിന് ഒരു നിയമ സർവ്വകലാശാല ആരംഭിച്ചുകൂടാ? ഗവൺമെന്റ് അത്ര പാപ്പരായോ. സർക്കാർ പിന്നെ എന്തിനാണ് ടാക്സ് പിരിക്കുന്നത്? ഗവൺമെന്റിന്റെ അടിസ്ഥാന ചുമതല തന്നെ ടാക്സ് പിരിക്കുന്നതല്ലേ?

ശ്രീ. എ. സുജനപാൽ : ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. മത്തായി ചാക്കോയും പറഞ്ഞകാര്യങ്ങൾ—ഇത് ഒരു ബൂർഷ്വാ സംവിധാനമാണ്. ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസം എങ്ങനെ ആയിരിക്കണമെന്നത് സംബന്ധിച്ച യു.ജി.സി. യുടെ ഗൈഡ് ലൈൻ വന്നിട്ടുണ്ട്. അത് കാലാകാലങ്ങളിൽ മാറ്റം വരുത്തുന്നുണ്ട്. പക്ഷേ നിങ്ങൾ പറഞ്ഞ ആശയം 18-ാം നൂറ്റാണ്ടിന്റെ ആശയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ സംബന്ധിച്ച് ഗൈഡ്ലൈൻ ഉണ്ട്. അതിനകത്ത് പറഞ്ഞിട്ടുള്ളത് ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ സ്വാശ്രയ സർവ്വകലാശാലകളും, സ്വാശ്രയ കോളേജുകളും ഓട്ടോണമസ് കോളേജുകളും തുടങ്ങണമെന്നാണ്. നിങ്ങൾ എല്ലാക്കാലത്തും ഇത്തരം പരിഷ്ക്കാരങ്ങളെ എതിർത്തിട്ടേയുള്ളു. ഉദാഹരണത്തിന് ഓട്ടോണമസ് കോളേജുകൾ. യു. ജി. സി. ഗൈഡ് ലൈൻ അനുസരിച്ച് 20 കൊല്ലം മുൻപ് പറഞ്ഞതാണ്. ഇതുവരെയും കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ തുടങ്ങിയിട്ടില്ല. നേരെ മറിച്ച് കർണ്ണാടകയും തമിഴ്നാടും ഒരുപാട് ഓട്ടോണമസ് കോളേജുകൾ തുടങ്ങി. വിദ്യാഭ്യാസ രംഗത്ത് മാറ്റം വരുത്തിയിട്ടുണ്ട്. നിങ്ങൾ പറയുന്നത് 18-ാം നൂറ്റാണ്ടിന്റെ ആശയങ്ങളാണ്. അത് മാറ്റണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : പാവപ്പെട്ട കുട്ടികൾക്ക് നിയമപഠനമുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടാകണം. പാവപ്പെട്ടവർക്ക് പഠിക്കാൻ സൗകര്യമുണ്ടാകണമെന്നു പറയുന്നതിന്റെ പേരിൽ പത്താം നൂറ്റാണ്ടിന്റെ വക്താക്കൾ ആണെന്നുപറഞ്ഞാലും ഞങ്ങൾക്ക് അഭിമാനമേയുള്ളു. ധനികർക്കുമാത്രം വിദ്യാഭ്യാസം എന്ന ഒരു മുദ്രാവാക്യം ഉയർത്തി അത് പ്രചരിപ്പിക്കുകയാണ് അതിനോട് ഞങ്ങൾക്ക് യോജിപ്പില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കാലാകാലങ്ങളിൽ യു.ജി.സി. പുറപ്പെടുവിക്കുന്ന ഗൈഡ്ലൈൻസ് എന്നു പറയുന്നത് യു.ജി.സി.-യുടെ തലപ്പത്തിരിക്കുന്നവരുടെ വർഗ്ഗ വർണ്ണ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ശ്രീ. രാജേന്ദ്രനറിയില്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ : യു.ജി.സി.-യിലും സമിതിയിലുമൊക്കെ പല നിർദ്ദേശങ്ങളും പരിഷ്ക്കരണങ്ങളും വരും. ഈ ഗ്ലോബലൈസേഷന്റെ കാലഘട്ടത്തിൽ വരുന്ന മാറ്റങ്ങൾ ആലോചിക്കണോ? നമ്മൾ ആലോചിക്കേണ്ടത് നമ്മുടെ സ്റ്റേറ്റ്, നമ്മുടെ പാവപ്പെട്ട ആളുകൾ, അവരുടെ വീടുകളിലെ കുട്ടികൾ, അവരുടെ വിദ്യാഭ്യാസം, അവർക്ക് പഠിക്കാനുള്ള സൗകര്യം എന്നിവയാണ്. ഈ ബില്ലിന്റെ നിർവ്വചനത്തിൽ—നിർവ്വചനം തയ്യാറാക്കിയതിലും മറ്റും നിയമവകുപ്പിന് വളരെ സൂക്ഷ്മതയുണ്ടാവുമല്ലോ—അതിലും അപകടങ്ങൾ ഉണ്ട്. നിർവ്വചനത്തിൽ സ്വാശ്രയം എന്നുപറയുന്നത് എന്തിനാണ് ഒഴിവാക്കിയത്. ഈ യൂണിവേഴ്സിറ്റി സ്വാശ്രയ യൂണിവേഴ്സിറ്റിയാണ്. വിപ്ലവകരമായ പരിഷ്ക്കരണങ്ങൾ നിങ്ങൾ കൊണ്ടുവരുന്നു. ആദ്യമായി സ്വാശ്രയ യൂണിവേഴ്സിറ്റി സ്ഥാപിച്ച് ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പട്ടികയിൽ ചേർക്കാം. സ്വാശ്രയ നിർവചനത്തിൽ അതിന്റെ ഫീസ്, പ്രവേശന രീതി, എൻട്രൻസ് എക്സാമിനേഷൻ തുടങ്ങിയ നിർവ്വചനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ട പല കാര്യങ്ങളും പറഞ്ഞിട്ടില്ല. അതുപോലെ ഇതിനകത്ത് ചാൻസലർ എന്നതിന് സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥം. ഇത്രയേ definition-ൽ പറയുന്നുള്ളു. പിന്നീട് പറയുന്നു ഗവർണ്ണർ ആയിരിക്കണം, ഇവിടെ നിലവിലുള്ള എല്ലാ യൂണിവേഴ്സിറ്റികളുടെയും ചാൻസലർ ഗവർണ്ണർ ആണ്. എന്തിനാണ് ഗവർണ്ണറെ ആ പദവിയിൽ വയ്ക്കുന്നത്. സിൻഡിക്കേറ്റ് ഒരു പ്രധാനപ്പെട്ട യൂണിവേഴ്സിറ്റി എക്സിക്യൂട്ടീവ് ബോഡി ആണല്ലോ. നമ്മൾ വൈസ് ചാൻസലറെ വയ്ക്കുന്നുണ്ട്, പ്രോ വൈസ്ചാൻസലറെ വയ്ക്കുന്നുണ്ട്. ഇതിനുപുറമേ വിദ്യാഭ്യാസ മന്ത്രി. യോഗത്തിനുപോകുന്ന പോലെയല്ല. സർവ്വകലാശാലയുടെ authentic ആയിട്ടുള്ള സ്ഥാനമാണ്. ഇവിടെ ചീഫ് ജസ്റ്റീസ് ആഗ്രഹിക്കുന്നതുപോലെയാണോ വൈസ് ചാൻസലറെ നിയോഗിക്കേണ്ടത്. ചാൻസലറുടെ കാര്യത്തിൽ ഗവൺമെന്റ് സ്ഥാപനത്തിൽ ഗവൺമെന്റിന് ഒരു തരത്തിലും ബന്ധം ഇല്ലേ. പൂർണ്ണമായി കൈയൊഴിയുന്നതിന്റെ ഭാഗമാണോ സ്വാശ്രയത്തിന് മാത്രം തയ്യാറാക്കിക്കൊണ്ടുവന്ന ഒരു വിസിറ്റർ എന്ന പദവി പറയുന്നത്. എന്നാൽ വിസിറ്ററുടെ ചുമതലകൾ അധികാരങ്ങൾ എന്നതിന് ഒരുപാട് അവ്യക്തതകൾ നിലനിൽക്കുന്നു. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ പറയുന്നിടത്ത് " തൊഴിൽപരമായ നിയമവിദ്യാഭ്യാസവും ദേശീയ വികസനത്തിൽ അതിനുള്ള പങ്കും, അഭിഭാഷക വൃത്തി, നിയമനിർമ്മാണവും നിയമ പരിഷ്ക്കരണവും എല്ലാം പറയുന്നു. നിയമ മേഖലയിൽ സാമൂഹ്യസേവനത്തിന്റെ ഉത്തരവാദിത്വബോധം നിയമ വിദ്യാർത്ഥികളിലുണ്ടാവണം, അഭിഭാഷകരിലുണ്ടാവണം. സാമൂഹ്യപരിവർത്തനത്തിനും ദേശീയ വികസനത്തിനും വേണ്ടി നടപടികൾ കാര്യക്ഷമമാക്കണം. നിയമവും നിയമപരവുമായ ജുഡീഷ്യൽ അധികാരങ്ങൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് നീതിനിർവ്വഹണത്തിനാവശ്യമായ ഓറിയന്റേഷൻ പരിശീലനവും നൽകണം". അതുപറയുമ്പോൾ ഒരു കാര്യം പറയാതെ വയ്യ കോടതിയെ വിമർശിക്കുകയല്ല, ബഹുമാനത്തോടും ആദരവോടും കൂടി പറയുകയാണ്. സുപ്രീം കോടതിയായാലും ഹൈക്കോടതി ആയാലും ഏറ്റവും തഴെയുള്ള കോടതികൾ ആയാലും... നമ്മുടെ കോടതികളിൽ നിന്നു വരുന്ന ഉത്തരവുകൾ നിങ്ങൾക്ക് സൗകര്യം കിട്ടുന്നവയാണെങ്കിൽ കോടതിയെ മാനിക്കുകയും മറിച്ചാണെങ്കിൽ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യാം. കോടതി പറഞ്ഞു ഒരു റിട്ട് ഹർജിയായി സ്വീകരിച്ചു. ആരുകൊടുത്തു എന്നില്ല. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഹർജി പരിഗണിച്ചു. ഗവൺമെന്റിനെ കേട്ട, ഡി.ജി.പി. യെ കേട്ട, ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു എൻട്രൻസ് എക്സാം നടക്കുന്ന പ്രദേശത്തെവിടെയെങ്കിലും കുട്ടികൾ മുദ്രാവാക്യം വിളിച്ചാൽ തല്ലി ഒതുക്കുക. അങ്ങനെ വന്നപ്പോൾ കുട്ടികളുടെ അഭിപ്രായം കേട്ടോ, രക്ഷകർത്താക്കളുടേത് കേട്ടോ എന്നു മാത്രമല്ല വിധിയിൽ ജഡ്ജിമാരുടെ പേരുപോലുമില്ല. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ഇത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് വളരെ പ്രമുഖ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മുഖ്യമന്ത്രി ശ്രീ. കൃഷ്ണയ്യരെ ഉദ്ധരിച്ചു പറഞ്ഞു ഹർത്താലിനെക്കുറിച്ച് പറഞ്ഞിരുന്ന ഭാഗം എടുത്തു പറഞ്ഞു ഞങ്ങളെ നേരിട്ടില്ലേ. ഉമ്മൻ ചാണ്ടി സർക്കാർ ധനികർക്കുമാത്രം വിദ്യാഭ്യാസം നേടാനുള്ള നടപടികളുമായി മുന്നോട്ടുപോകുമ്പോൾ അതിനനുസൃതമായി ഏകപക്ഷീയമായി കോടതി ഉത്തരവിറക്കുന്നു. ഇത് ഭരണഘടനാ വിരുദ്ധമാണ്. അത് ബോധ്യമുള്ളപക്ഷം വിവേചന പൂർവ്വം വിധി അനുസരിക്കാനുള്ള അവകാശം ഭരണഘടനാപരമായി ഒരു പൗരനുണ്ട്. ലേഖനത്തെ quote ചെയ്തതാണ്. ജനങ്ങൾക്കുള്ള അവകാശം ജനങ്ങളുടെ Fundamental Rights, മൗലികാവകാശം, നമ്മൾ നേടിയെടുത്ത അവകാശം, നമ്മൾ പോരാടി നമ്മുടെ പൂർവ്വികർ നേടിയ പല പൗരാവകാശങ്ങളും ഏതെങ്കിലും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉത്തരവു കളുടെ അടിസ്ഥാനത്തിൽ അങ്ങനെ ചോദ്യം ചെയ്യപ്പെട്ടുകൂടാ. മഹാത്മാഗാന്ധി നേതൃത്വം കൊടുത്തു നടത്തിയ സമരങ്ങൾ, രാജ്യത്തെ ദേശാഭിമാനികളായ നിരവധി പഴയകാല സ്വാതന്ത്ര്യസമര സേനാനികൾ നടത്തിയ സമരങ്ങൾ, ആ സമരത്തിൽ നിയമ നിഷേധം, നിയമ ലംഘനം ഉണ്ടായി. അവിടെയും ലാത്തിച്ചാർജ്ജും ഭീകര മർദ്ദനങ്ങളും ഉണ്ടായി. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി അവിടെയെല്ലാം ഇതേ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നെങ്കിൽ ഉത്തരവുകൾ വരുന്നതെങ്കിൽ അതനുസരിക്കാതിരിക്കാനുള്ള അവകാശവും ഭരണഘടനയുടെ 19-ാം വകുപ്പിൽ പറയുന്നുണ്ട്.

സർ, ഭരണഘടനയുടെ 19-ാം ഷെഡ്യൂളിൽ പറയുന്നുണ്ട്, കോടതി വിധിയോടുപോലും വിയോജിപ്പ് പ്രകടിപ്പിക്കാനുള്ള അവകാശം അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് എന്ന്. അതുകൊണ്ട് കോടതി വിധി വന്നശേഷം കോടതിവിധിയാണ് അടിച്ചു ശരിയാക്കാമെന്ന രീതിയിലേക്ക് പോകരുത്. മഹാനായ അമേരിക്കൻ ലേണഡ് ജഡ്ജി ഹാമിൽട്ടന്റെ പ്രസിദ്ധമായ വിധി വാചകം ഞാൻ പറയാം. ജഡ്ജിമാരോട് അദ്ദേഹം പറഞ്ഞതെന്താണ്, ഒരു വിധിയെഴുതുമ്പോൾ നിങ്ങൾക്ക് തെറ്റു പറ്റാൻ സാധ്യതയുണ്ടെന്ന് എപ്പോഴും ഓർമ്മിക്കണം. കാരണം, സൂക്ഷ്മതയോടുകൂടി ശ്രദ്ധാപൂർവ്വമായിരിക്കണം വിധി എഴുതേണ്ടത് എന്നുള്ളതുകൊണ്ടാണ്. ഉപ്പു സത്യാഗ്രഹമായാലും മരണം വരെയുള്ള നിരാഹാര സമരം നമ്മുടെ ദേശീയനേതാക്കൾ പ്രഖ്യപിച്ചതായാലും, പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നുള്ളതായാലും തൊഴിൽ അല്ലെങ്കിൽ ജയിൽ എന്നു പ്രഖ്യാപിച്ച സമരമായാലും ആ സമരമൊക്കെ നാടിനുവേണ്ടി, ആ നാട്ടിലെ വിദ്യാഭ്യാസത്തിനും ജീവിക്കാനും തൊഴിലെടുക്കാനും മാന്യമായി, പൗരന്മാരായി ഈ രാജ്യത്ത് ജീവിക്കാനുമുള്ള അവകാശത്തിനുവേണ്ടി നടത്തിയ സമരങ്ങൾക്കായി ഉയർന്നുവന്ന മുദ്രാവാക്യങ്ങളാണ്. നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചതുപോലെ ലക്ഷ്യങ്ങളിൽ ചില കാര്യങ്ങൾ പറയുന്നു. ഇപ്പോൾ, നിലവിൽ മൂന്നു ലാ കോളേജുകൾ ഗവണ്മെന്റ് ഉടമസ്ഥതയിൽ ഉണ്ട്. മറ്റു കോളേജുകളുമുണ്ട്. ഈ കോളേജുകളുടെ ഭാവി എന്തായിരിക്കും? സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ കീഴിലേക്ക് നിലവിലുള്ള ഗവണ്മെന്റ് ലാ കോളേജുകൾ, നിലവിലുള്ള മറ്റ് എയ്ഡഡ് ലാ കോളേജുകൾ എന്നിവയുള്ള സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റി വന്നാൽ ആ യൂണിവേഴ്സിറ്റിയിലേക്ക് നിങ്ങൾ സംയോജിപ്പിക്കുകയാണോ അതല്ലാതെ പ്രത്യേകമായി നിലനിൽക്കുന്നുണ്ടെങ്കിൽ അതെങ്ങനെയാണ് നിലനിൽക്കാൻ കഴിയുക? ഇത് നിയമപരമായിട്ട് നിലനിൽക്കുമോ എന്ന് സംശയം പ്രകടിപ്പിച്ചത് അതുകൊണ്ടാണ്. ഇതിനു സമാനമായിട്ട് വരുന്ന മറ്റൊന്ന്, സർവ്വകലാശാലയുടെ വിസിറ്ററുടെ കാര്യമാണ്. ചീഫ് ജസ്റ്റീസ്, അദ്ദേഹത്തിന്റെ സമ്മതത്തിന് വിധേയമായി, സർവ്വകലാശാലയുടെ വിസിറ്ററായി ചീഫ് ജസ്റ്റീസ് ഇതിനകത്ത് അഡ്വൈസറി ബോഡി ഉണ്ടാക്കി നമുക്ക് രാജ്യത്ത് അതുപോലുള്ള വ്യക്തികൾ ഉണ്ടായാൽ അവരുടെ അഡ്വൈസ് സ്വീകരിച്ചാൽ മതി. ഒരു വിസിറ്റർ എന്നു പറയുമ്പോൾ വിസിറ്റ് ചെയ്യണ്ടേ? ഇൻഡ്യയുടെ ചീഫ്ജസ്റ്റീസ് പോലുള്ള ഒരാൾക്ക് അങ്ങനെ ഒരു വിസിറ്ററായി നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഇരിക്കാൻ കഴിയുമോ? അത് ആലോചനാവിധേയമാക്കണം. ഹൈക്കോടതി ചീഫ്ജസ്റ്റീസ് അദ്ദേഹത്തിന്റെ സമ്മതത്തിന് വിധേയമായി സർവ്വകലാശാലയുടെ ചാൻസലറായിരിക്കണം. നമ്മുടെ ചീഫ്ജസ്റ്റീസിന് അതിന് കഴിയുമോ? കോടതിയിൽ ധാരാളം കേസ്സുകളും തിരക്കുകളും ഉള്ള സ്ഥാനത്തിരിക്കുന്ന അദ്ദേഹത്തിന് അതിന് കഴിയുമോ? അപ്പോൾ അഡ്വൈസറി ബോഡിയുണ്ടെങ്കിൽ ഇതിൽ അഡ്വൈസ് തരേണ്ട ആളുകൾ ഉണ്ടാകും.

മി. ചെയർമാൻ: ചീഫ് ജസ്റ്റീസുമാരുടേയും നിയമ മന്ത്രിമാരുടേയും യോഗത്തിൽ എടുത്ത തീരുമാനമാണിത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിനു കഴിയുമോ? ഈ സ്ഥാനങ്ങളിൽ ആളിനെ വച്ചിട്ട് അവസാനം സെൽഫ് ഫിനാൻസിംഗ് ആയതുകൊണ്ട് ഇവരുടെയൊന്നും ആവശ്യമില്ല എന്നു വരും. ഇപ്പോൾ ഡീംഡ് യൂണിവേഴ്സിറ്റിയുടെയൊക്കെ പരസ്യങ്ങൾ ധാരാളം പത്രങ്ങളിലും ടി.വി.-യിലുമൊക്കെ വരുന്നുണ്ട്, നാളെ പരസ്യം ചെയ്യുമ്പോൾ ചീഫ് ജസ്റ്റീസ് വിസിറ്റർ, കേരളാ ചീഫ് ജസ്റ്റീസ് ഇതിന്റെ ചാൻസലർ, വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രോ-ചാൻസലർ, നടത്തിപ്പുകാർ ആരാണ്? കീശ വീർപ്പിക്കാൻ നടക്കുന്ന കച്ചവടക്കാർ. ആ രീതിയിലേക്ക് പോകാതിരിക്കാൻ വേണ്ടിയാണ് പറയുന്നത്. അതുകൊണ്ട് അഡ്വൈസറി സമിതിയെക്കുറിച്ച് ആലോചിക്കുക. മറ്റൊന്ന്, കേരള

കാർഷിക സർവ്വകലാശാലയെക്കുറിച്ചാണ്. ഇപ്പോൾ ഗവൺമെന്റ് ഒരു ജി. ഒ. ഇറക്കി. ആ ജി. ഒ. എന്റെ കയ്യിൽ ഇപ്പോഴില്ല. കാർഷികസർവ്വകലാശാല യ്ക്കകത്ത് ഒരു വെർച്വൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നു എന്നാണ്. കാർഷിക സർവ്വകലാശാലയിൽ എങ്ങനെയാണ് വെർച്വൽ യൂണിവേഴ്സിറ്റി തുടങ്ങാൻ കഴിയുക? ഇന്ന് കേരളത്തിൽ എല്ലാ ഡിഗ്രി കോഴ്സുകളും മെഡിക്കലായാലും എൻജിനീയറിംഗ് രംഗത്തായാലും സെൽഫ് ഫിനാൻസിംഗ് ആരംഭിച്ചു. സെൽഫ് ഫിനാൻസിംഗ് വരാത്ത ഒരേയൊരു മേഖല ഞാൻ മനസ്സിലാക്കുന്നത് കാർഷിക സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ ആണെന്നാണ്. ശ്രീ. പി. പി. ജോർജ്ജ് ഇവിടെയിരിപ്പുണ്ട്. അദ്ദേഹം മന്ത്രിയായിരുന്നയാളാണ്. കാർഷിക സർവ്വകലാശാലയ്ക്കകത്ത് ഒരു വെർച്വൽ യൂണിവേഴ്സിറ്റി എങ്ങനെയാണ് തുടങ്ങുന്നത്? മറ്റൊന്ന് പറയാനുള്ളത്, ഞങ്ങളൊക്കെ പങ്കെടുത്ത ഒരു സമ്മേളനത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ഒരു വെറ്ററിനറി സർവ്വകലാശാല ആരംഭിക്കാൻ പോകുന്നു എന്നതാണ്. വമ്പിച്ച കരഘോഷം ആ പ്രഖ്യാപനത്തിന് കിട്ടിയതാണ്. ഈ വെറ്ററിനറി സർവ്വകലാശാല എന്തായിരിക്കുമെന്ന് ഞാൻ അന്നു ചോദിച്ചു. ഈ സംശയത്തിന്റെ ഒരു കാരണം ഞാൻ പ്രകടിപ്പിക്കുകയാണ്. സർവ്വകലാശാലയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നത് ആരാണ്? ബഡ്ജറ്റിലല്ലേ? സംസ്കൃത യൂണിവേഴ്സിറ്റിക്കായാലും കാർഷിക സർവ്വകലാശാലയ്ക്കായാലും വർഷാവർഷം ബഡ്ജറ്റിലാണ് ഗ്രാന്റ് നിശ്ചയിക്കുന്നത്. തുക പോരായെന്നുള്ള പരാതികളൊക്കെയുണ്ടാകും. എന്നാലും നമ്മൾ പ്ളാൻ, നോൺ-പ്ളാൻ വിഭാഗത്തിലായിട്ട് സംഖ്യ കൊടുക്കുന്നു. കേരള കാർഷിക സർവ്വകലാശാലയ്ക്കായിട്ട്, യു.ഡി.എഫ്. ഗവൺമെന്റ് വന്നശേഷം കഴിഞ്ഞ നാലു കൊല്ലമായി ഗവണ്മെന്റ് കൊടുത്തുകൊണ്ടിരിക്കുന്ന ഗ്രാന്റ്, ബഡ്ജറ്റ് പാസ്സാക്കുന്ന ഗ്രാന്റ് കൊടുക്കുന്നില്ല. എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാകും. ഇപ്പോൾ അഞ്ചു മാസമായിട്ട് കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർമാർക്കോ ശാസ്ത്രജ്ഞന്മാർക്കോ ജീവനക്കാർക്കോ ശമ്പളമില്ല. ഇടയ്ക്കിടയ്ക്ക് കുറച്ചു ദിവസത്തെ ശമ്പളം കൊടുക്കും. അങ്ങനെ ശമ്പളം കൊടുക്കാനായി ഇത് മുതലാളിമാരുടെ സ്ഥാപനമാണോ? തമ്പ്രാക്കന്മാരുടെ സ്ഥാപനമാണോ? അടിമ-ഉടമകളാണോ? ഇടയ്ക്ക് കുറച്ചു ദിവസത്തെ അല്ലെങ്കിൽ രണ്ടാഴ്ചത്തെ കൂലി കൊടുക്കും. കേരളത്തിലെ കാർഷിക സർവ്വകലാശാല എന്നു പറയുന്നത് ഇൻഡ്യയിലെ ഏറ്റവും ഉയർന്ന അക്കാഡമിക് നിലവാരമുള്ള, തുടർച്ചയായി ഏറ്റവും നല്ല യൂണിവേഴ്സിറ്റി അക്കാഡമിക് നിലവാരത്തിലെന്ന് ICAR സർട്ടിഫിക്കറ്റ് കൊടുത്തുകൊണ്ടിരുന്ന കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർമാർക്കെല്ലാം കഴിഞ്ഞ അഞ്ചു മാസമായി ശമ്പളം കിട്ടാതിരിക്കുകയാണ്. അവിടെയുള്ള പ്രൊഫസർമാരെല്ലാം കൂട്ടത്തോടെ സ്വാഭാവികമായും കുറച്ചു കൂലി കൊടുക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവർ മറ്റു സ്ഥലങ്ങളിലേക്ക് പോകും. അവർ ശാസ്തജ്ഞന്മാരല്ലേ? 1990-ൽ 1100 പേരുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 660 പേരാണുള്ളത്. ഭരണഘടനാപരമായി ഇവിടെ ബഡ്ജറ്റ് പാസ്സാക്കി, ആ ബഡ്ജറ്റ് പ്രകാരം കൊടുക്കേണ്ട സംഖ്യപോലും ഗ്രാന്റായി കൊടുക്കാതെ, മാസങ്ങളായി ശമ്പളം കിട്ടാതെ, അവിടെയുള്ള ശാസ്ത്രജ്ഞന്മാർ അവിടെ നിന്ന് പോകാൻ നിർബന്ധിക്കപ്പെടുന്നു. അതിനൊപ്പമാണ് അവിടെ വെർച്വൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നു എന്നു പറയുന്നത്. മറ്റൊരുകാര്യം പറയാനുള്ളത്, ശ്രീ. ഇ. എം. അഗസ്തിയുടെ മണ്ഡലത്തിൽ ഇൻഡ്യയിലെ ഏറ്റവും വലിയൊരു ഡയറി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ തീരുമാനിച്ചു. ഇന്ന് രാവിലെ ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ പശുവിനെയും പാലിനെയും കുറിച്ച് പറയുകയും ശ്രീമതി ഗൗരിയമ്മയെ വിശേഷിപ്പിക്കുകയും ചെയ്തു. പീരുമേട് താലൂക്കിൽ കോലാഹലമേട്ടിൽ വാഗമണിൽ ഡയറി സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ തീരുമാനിക്കുകയും കെ.എൽ.ഡി. ബോർഡിന്റെ കയ്യിൽ നിന്ന് രണ്ടേമുക്കാൽ കോടി രൂപ കൊടുത്ത് സ്ഥലം യൂണിവേഴ്സിറ്റി ഏറ്റെടുത്ത് അവിടെ കല്ലിട്ട് കെട്ടിടം പണി ആരംഭിക്കുകയും ചെയ്തു. അന്നവിടെ തർക്കമുണ്ടായി. ഡയറി സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് കോളേജ് തുടങ്ങുന്നത് എൽ.ഡി.എഫ്. അല്ല, അത് യു.ഡി.എഫ്.-ന്റെ കാലത്തു കൊണ്ടുവന്നതാണ് എന്നതാണ്. അങ്ങനെയായിക്കോട്ടെ. അതിൽ തർക്കമില്ല. ഇപ്പോൾ എന്തുണ്ടായി? ഡയറി സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടം പണി തുടങ്ങി കെട്ടിടം കുറേ ഉയർന്നപ്പോൾ ഒരു തീരുമാനമെടുത്തു, ഡയറി സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പീരുമേട്ടിൽ തുടങ്ങേണ്ട എന്നാണ്. ഇപ്പോൾ അറിയുന്നത്, ആ സ്ഥലം കാർഷിക സർവ്വകലാശാല കൈമാറി. കാർഷിക സർവ്വകലാശാല സ്വന്തമായി കെട്ടിടം പണി ആരംഭിച്ച് റിസോർട്ടുകാർക്കോ വേറെ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ കൊടുത്തു എന്നതല്ല, യൂണിവേഴ്സിറ്റി കയ്യൊഴിഞ്ഞു. വളരെ ഗൗരവമായൊരു പ്രശ്നം കൂടി ഇതിൽ ഉന്നയിക്കുകയാണ്. ശ്രീമതി ഗൗരിയമ്മ ഇവിടെയില്ല, എന്നാലും ഈ പ്രസംഗം അവർ അറിയാതിരിക്കുകയില്ല, കാർഷിക സർവ്വകലാശാല ഡയറി സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ നാലഞ്ചു കോടി രൂപ ഗവണ്മെന്റുതന്നെ നീക്കിവച്ച സ്ഥലത്ത് അതേ പ്രദേശത്ത് നിങ്ങളുടെ സ്വാശ്രയ ഡയറി വെറ്ററിനറി കോളേജ് ഇവിടെ നിന്ന് പിരിഞ്ഞുപോയവരും റിട്ടയർ ചെയ്തുപോയവരും പുറത്തു നിൽക്കുന്ന ആളുകളും കൂടിയുണ്ടാക്കിയിട്ടുള്ള ഒരു പുതിയ സ്ഥാപനം, ഒരു സ്വാശ്രയ സ്ഥാപനം ഇവിടെ തുടങ്ങാൻ പോകുന്നു.

ഇതെന്തു നീതിയാണ്? ഇത് ഏതു നീതിയാണ്? കേരള കാർഷിക സർവ്വകലാശാല എന്നുപറയുന്ന മഹത്തായ ഒരു സ്ഥാപനത്തെ സംബന്ധിച്ച് നമ്മൾ നിയമം പാസ്സാക്കി, സംരക്ഷിച്ചുകൊണ്ട്, ഗ്രാന്റ് കൊടുത്ത്.....(ബഹളം).... ഞാൻ

അവസരം കിട്ടിയതുകൊണ്ട് പറയുകയാണ്. അപ്പോൾ കാർഷിക സർവ്വകലാശാല പോയി, ഇന്ന് വെറ്ററിനറി സ്വാശ്രയമാക്കി, ഓരോ കോഴ്സും സ്വാശ്രയമാക്കി, എഞ്ചിനീയറിംഗും മെഡിക്കലും സ്വാശ്രയമാക്കിയതുപോലെ ഇതുപഠിക്കാൻ, ശ്രീ. എ. സുജനപാൽ നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ഞങ്ങൾ പഴയ നൂറ്റാണ്ടുകളാണെന്നൊക്കെ പറഞ്ഞോ, പക്ഷേ പാവപ്പെട്ട കുട്ടികൾക്ക് ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള സൗകര്യങ്ങൾ നിഷേധിക്കുകയാണ്. ഈ യൂണിവേഴ്സിറ്റിയൊക്കെ വരുന്ന കൂട്ടത്തിൽ, ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്, ഹൈക്കോടതി ബഞ്ച് ഇതിന്റെ ഭാഗമായി കേരളത്തിൽ വളർന്നുവന്ന വിഷയമാണല്ലോ. പ്രിയങ്കരനായ സഖാവ് പി.കെ.വി. മരണപ്പെടുന്നതിനുമുമ്പ് ഞങ്ങളുമായിട്ടുള്ള ഈ മീറ്റിംഗിൽ അദ്ദേഹം ഞങ്ങളുടെയടുത്ത് വളരെ ശക്തമായി പറഞ്ഞത് ഡൽഹിയിൽ കേന്ദ്ര ലാ മിനിസ്റ്ററും നമ്മുടെ പ്രൈംമിനിസ്റ്ററുമൊക്കെയായി ചർച്ചചെയ്ത് ഏതാണ്ട് ഹൈക്കോടതി ബഞ്ചിന്റെ കാര്യങ്ങൾക്ക് എം.പി. മുൻകൈ എടുത്ത് കുറെ കാര്യങ്ങൾ നീങ്ങിയിട്ടുണ്ടെന്നാണ് നമ്മുടെ നിയമസഭയിലും ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഇതുസംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്. ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് തുടങ്ങുന്നതിനും അതുപോലെ നമ്മുടെ കോടതിയുടെ, ജുഡീഷ്യറിയുടെ സ്റ്റേറ്റ് ഗവൺമെന്റിന്റെ തന്നെ പല ആവശ്യങ്ങളുമായി ബന്ധപ്പെട്ട് നിയമനിർമ്മാണത്തിന്റെ കാര്യത്തിലായാലും നിയമം നടപ്പാക്കുന്ന കാര്യത്തിലായാലും ഗവൺമെന്റ് ഇങ്ങനെ അടിക്കടി കേസുകൾ തോറ്റുപോകാതിരിക്കാനും കേരളത്തിലെ താത്പര്യങ്ങൾക്ക് ഒരു ഹൈക്കോടതി ബഞ്ച് ഇവിടെ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഞാൻ ഇതിനെ ബന്ധപ്പെടുത്തിക്കൊണ്ട് പറഞ്ഞുവെന്നുമാത്രം. കാരണം പി. കെ. വി. മരണപ്പെട്ടുപോയി. അദ്ദേഹം ഞങ്ങളോട് പ്രത്യേകം പ്രത്യേകം സൂചിപ്പിച്ച കാര്യമാണ്. ഇവിടെ എം. പി. യായിരുന്ന അദ്ദേഹത്തിന്റെ അഭിപ്രായംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട്, ഹൈക്കോടതി വിധിയെക്കുറിച്ച് സുപ്രീംകോടതിയിലുണ്ടാകുന്ന വിധികളായാലും ഇതു സംബന്ധിച്ച് ചീഫ് ജസ്റ്റീസുമാരുടെ സമ്മേളനത്തിലുണ്ടായ നിർദ്ദേശമായാലും ലാ മിനിസ്റ്ററുടെ സമ്മേളനത്തിലുണ്ടായ നിർദ്ദേശമായാലും ആ നിർദ്ദേശങ്ങളുടെയൊക്കെ നല്ല വശങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട്, ഒരു യൂണിവേഴ്സിറ്റി നിയമപഠനത്തിനായി കേരളത്തിനുണ്ടാകണമെന്ന അങ്ങയുടെ താത്പര്യത്തിനോട് യോജിച്ചുകൊണ്ട്, എന്നാൽ അതിൽ "സ്വാശ്രയം" എന്നതുകൂട്ടിച്ചേർത്ത് ആ നല്ല ഉദ്ദേശശുദ്ധിയെ അപകീർത്തിപ്പെടുത്തിയോ അല്ലെങ്കിൽ നമ്മുടെ കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത രീതിയിലുള്ള ഒരു സർവ്വകലാശാലയുണ്ടാക്കി കേരളത്തിന് അത് തീരാ ഭാരമോ ശാപമോ ആക്കി മാറ്റാൻ ഇടവരരുത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പ്രധാനപ്പെട്ട ഈ ഭേദഗതികൾ ഉൾക്കൊണ്ടുകൊണ്ട് വീണ്ടും ഈ നിയമം പൂർണ്ണമായ രീതിയിൽ ഇവിടെ പാസ്സാക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: Sir, I move that the National University of Advanced Legal Studies Bill, 2005 be circulated for eliciting public opinion Bill 15-8-2005. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ അതിന്റെ ഉള്ളടക്കത്തെ ചോദ്യം ചെയ്യാതിരിക്കാൻ നിർവ്വാഹമില്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. ഇപ്പോൾ 1993-ലെ നിയമ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ചീഫ് ജസ്റ്റീസുമാരുടെ സമ്മേളനവും ബാംഗ്ളൂരിലെ National Law School of India University-യുടെ മാതൃകയിൽ ഓരോ സംസ്ഥാനത്തും ഇതുപോലുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ശുപാർശ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 1995-ലെ നിയമമന്ത്രിമാരുടെ അഖിലേന്ത്യാ സമ്മേളനത്തിൽ തൊഴിൽപരമായി നിയമ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് National Law School of India University -യുടെ മാതൃകയിലുള്ള നിയമ വിദ്യാലയം ഓരോ സംസ്ഥാനത്തും തുടങ്ങണമെന്നാണ് ശുപാർശ ചെയ്തിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും നിയമ വിദ്യാഭ്യാസത്തിനും നിയമ ഗവേഷണത്തിനും വേണ്ടിയുള്ള നിയമസർവ്വകലാശാലകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ 1993-ലെ നിയമ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ചീഫ് ജസ്റ്റിസ്മാരുടെ സമ്മേളനം നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശത്തെ അടിസ്ഥാനമാക്കിയാണ് ഇവിടെ നിയമസർവ്വകലാശാല സ്ഥാപിക്കപ്പെടേണ്ടത്. 2001 മാർച്ച് 22-ാം തീയതി അസാധാരണ ഗസറ്റായി (നമ്പർ 443 ആയി) 28-ാം നമ്പർ ഗസറ്റ് ഓർഡിനൻസ് എൽ.ഡി.എഫ്. ഗവൺമെന്റ് ഇറക്കുകയുണ്ടായി. അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയത് ഗവൺമെന്റ് മേഖലയിൽ ഓട്ടോണമികൾക്ക് അധികാരമുള്ള ഒരു നിയമസർവ്വകലാശാല സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ്. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് ഇത് നിയമമാക്കിയില്ല. അതുകൊണ്ടാണ് അത് ലാപ്സായിപ്പോകാനിടയായത്. പിന്നിട് ഇപ്പോൾ കാലാവധി അവസാനിക്കുന്ന ഘട്ടത്തിലാണ് ഇത് വരുന്നത്. എന്നാൽ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാനുദ്ദേശിച്ചിരുന്ന സർവ്വകലാശാല ഇപ്പോൾ ഈ ബില്ലിലൂടെ സ്വാശ്രയാടിസ്ഥാനത്തിൽ കൊണ്ടുവരാനാണ് അങ്ങ് ഇവിടെ നിർദ്ദേശിക്കുന്നത്. ആ ഉള്ളടക്കത്തെയാണ് ഞങ്ങൾ വളരെ ഗൗരവമായി ഏതിർക്കുന്നതും ആ ഭാഗം നീക്കം ചെയ്യണമെന്നാണ് ഇക്കാര്യത്തിലൂടെ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കാരണം ഇവിടെ സ്വാശ്രയ രംഗത്ത് ഇതിനോടകംതന്നെ വന്നുചേർന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ദുരന്തങ്ങൾ, കഴിഞ്ഞ പ്രാവശ്യം, ഏതാനും നാളുകൾക്കുമുമ്പ് മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിതന്നെ വേണ്ടത്ര ജാഗ്രതയില്ലാതെ കോളേജുകൾക്ക് അംഗീകാരം കൊടുത്തതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ ഈ കുഴപ്പങ്ങളെല്ലാം ഉണ്ടാകാൻ ഇടയായതെന്ന് പരസ്യമായി പ്രകടിപ്പിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് മറ്റു ദുരന്തങ്ങളിലേക്ക് കടക്കാനല്ല ഞാനിത് പറയുന്നത്. അപ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഈ നിയമപഠന വിദ്യാഭ്യാസം തികച്ചും സ്വാശ്രയ മേഖലയിൽ കൊണ്ടുവരുന്നതിന് ഈ ബില്ലിലൂടെ അങ്ങ് ഉദ്ദേശിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സഹായകരമല്ലെന്നുള്ളതാണ് എറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ടെക്നിക്കൽ രംഗത്ത് ഐ.ഐ.ടി. യുടെ പ്രാധാന്യം അങ്ങ് ബിൽ അവതരിപ്പിച്ചിട്ട് പ്രസംഗത്തിലൂടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഐ.ഐ.ടി. യുടെ പ്രാധാന്യം പോലെതന്നെ നിയമരംഗത്ത് ഏറ്റവും പ്രാധാന്യമുള്ളതാണ് ഈ സ്ഥാപനമെന്നുപറയുന്നത്. ഇപ്പോൾ സ്വാശ്രയ രംഗത്ത് വിദ്യാഭ്യാസം വരിക എന്നുപറഞ്ഞാൽ ഇതിന്റെ അടിസ്ഥാനത്തിൽ മെറിറ്റിൽ പഠിച്ചുവരുന്ന കുട്ടികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും ഇവിടെ നിയമപഠനത്തിലോ ഗവേഷണത്തിലോ പങ്കെടുക്കാൻ കഴിയാതെ വരികയെന്നുള്ളതാണ്. മറ്റു രംഗത്ത് വന്നിരിക്കുന്നതുപോലെതന്നെ ഈ രംഗത്ത് വരിക എന്നുള്ളതാണ് ഇതിനർത്ഥം. അല്ലാതെ മറ്റ് യാതൊരു അർത്ഥവും ഇതിൽ നിന്നും നേടാൻ പോകുന്നില്ല. ഇപ്പോൾ അങ്ങ് കൊടുക്കാൻ പോകുന്ന കൊച്ചിയിലെ National Institute of Advanced Legal Studies തുടങ്ങുന്നതിന് എറണാകുളത്ത് Bar Council of Kerala Trust -ന് സർക്കാർ അനുമതി നൽകിയിരിക്കുന്നു. അവർ സ്വാശ്രയാടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്രസാങ്കേതിക, ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റുചെയ്ത് പ്രവർത്തിച്ചു വരികയാണ് എന്ന് പറയുകയുണ്ടായി. ഇവരെ സംബന്ധിച്ച് ശ്രീ. വി. ആർ. കൃഷ്ണയ്യർ ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അവിടെ നിയമപഠനത്തിന് ചേരുന്നവരിൽ നിന്നും പിടിച്ചുപറിയാണ് നടക്കുന്നതെന്നാണ് പരസ്യമായി ശ്രീ. വി. ആർ. കൃഷ്ണയ്യർ പറഞ്ഞിരിക്കുന്നത്. ഇങ്ങനെ സ്വാശ്രയ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന് ഗവൺമെന്റ് ആവശ്യമായ പരിരക്ഷ നൽകുക എന്നുള്ളതാണ് ഈ ബില്ലിലൂടെ വരുന്നത്. സ്വാശ്രയ രംഗത്ത് ഒരു സ്ഥാപനം തുടങ്ങുന്നതിന് പരിരക്ഷ നൽകുന്നതിന് ഒരു നിയമംതന്നെ ഇവിടെയുണ്ടാക്കുന്നത് എന്തിനാണ്? ഇപ്പോൾ സാധാരണ, സർവ്വകലാശാലയുടെ ചാൻസലറെ നിയമിക്കുന്നെന്നു പറഞ്ഞാൽ നമുക്ക് വ്യക്തമായ നിബന്ധനയുണ്ട്, ധാരണയുണ്ട്. ആ ആൾ കേരള ഗവർണർ ആയിരിക്കണമെന്നാണ്. ഇവിടെ പറയുന്നത് ചീഫ് ജസ്റ്റീസ് അംഗീകരിച്ചാൽ അദ്ദേഹമായിരിക്കുമെന്നാണ്. ചീഫ് ജസ്റ്റീസ് അംഗീകരിച്ചില്ലെങ്കിലോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് ജസ്റ്റീസ് അംഗീകരിച്ചില്ലെങ്കിൽ ഇപ്പോൾ പാസ്സാക്കുന്ന ഈ നിയമംതന്നെ, വേണമെങ്കിൽ ഭരണഘടനാഭേദഗതി കൊണ്ടുവന്ന് വേറെ ആരെയെങ്കിലും ആക്കാമെന്ന് വേണമെങ്കിൽ വാദിക്കാം. അപ്പോൾ വേണ്ടത്ര കരുതലോടെയും ജാഗ്രതയോടെയും കൂടിയല്ല ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്നാണ് ഞാൻ പറഞ്ഞത്.

ഇനി മറ്റൊരു അർത്ഥമെടുത്താൽ ജുഡീഷ്യറിയിൽ ഏറ്റവും സമുന്നതനായ അല്ലെങ്കിൽ ചീഫ് ജസ്റ്റീസ് തന്നെ ഈ നിയമ സർവ്വകലാശാലയുടെ ചാൻസലറായി വരികയാണ്. ജുഡിഷ്യറി ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്ന പല നിലപാടുകളും കാരണം നിയമ പഠനമുള്ളവർക്കും നിയമപഠനം പൂർത്തിയാക്കി വരുന്നവർക്കും പുതിയതായി നിയമപഠനം കൊടുക്കേണ്ട ഒരു പരിതഃസ്ഥിതി ഇന്നു സംജാതമായി വന്നിട്ടുണ്ട്. മുമ്പ് ജുഡീഷ്യറി പ്രഖ്യാപിച്ചിരുന്ന പല വിധികളും എടുത്തു പരിശോധിച്ചാൽ, സാധാരണ ജനങ്ങൾക്ക്, അർഹതയുള്ളവർക്കെല്ലാം മാനുഷിക പരിഗണനയോടുകൂടിയുള്ള വിധികൾ വന്നിട്ടുണ്ടായിരുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ സമീപകാലത്തു വന്നിട്ടുള്ള വിധികൾ പരിശോധിച്ചാൽ, ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിനനുസരിച്ച് ജുഡീഷ്യറിയുടെ മുഖവും മാറിക്കൊണ്ടിരിക്കുകയാണെന്ന് നമുക്കു കാണാൻ കഴിയും. ഒരു ഉദാഹരണം പ്ളാച്ചിമടയിലെ വെള്ളം ഊറ്റുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് കോടതിയുടെ വിധിയെന്താണ്? കോടതി വിധി പഞ്ചായത്തിനെതിരാണ്. വെള്ളം എന്നു പറയുന്നത് ജീവിക്കുന്നതിനുള്ള അവകാശത്തിന്റെ ഭാഗമാണ്. അതിനു സംരക്ഷണം കൊടുക്കേണ്ടത് ഗവൺമെൻറാണ്. നിലവിലുള്ള നിയമമനുസരിച്ച് പഞ്ചായത്തുകൾക്കാണ് വെള്ളം ഊറ്റുന്നതിനു ലൈസൻസ് കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള അവകാശമുള്ളത്. പക്ഷേ ഇവിടെ കോടതി പഞ്ചായത്തിന്റെ അവകാശങ്ങളെ ഹൈജാക്കു ചെയ്തിരിക്കുകയാണ്. സാർവ്വദേശീയ അഡ്വക്കേറ്റുമാരുടെ സമ്മേളനം പാരീസിൽ വച്ച് ജൂലൈ 7 മുതൽ 11 വരെ തീയതികളിൽ നടന്നു. കേരളമുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള ജഡ്ജിമാർ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അവിടെ പ്ളാച്ചിമടയിലെ വിധിയെ വിമർശിക്കപ്പെടുകയുണ്ടായി. എന്തുകൊണ്ടാണ് ഇങ്ങനെ വിധികൾ വരുന്നത്? ഇപ്പോൾ സ്വാശ്രയ കോളേജിന്റെ പ്രശ്നത്തിലും, ഉണ്ണിക്കൃഷ്ണൻ കേസ്സിലും ടി.എം.എ. പൈയുടെ കേസ്സിലും, ഇസ്ലാമിക് ട്രസ്റ്റിന്റെ കേസ്സിലും വ്യത്യസ്തമായ വിധികളാണ് വന്നത്. പക്ഷേ അതിനൊക്കെ ഒരു പൊതു മുഖമുണ്ട്. തലവരി പിരിക്കാൻ പാടില്ല എന്നുള്ളതു പൊതുവെ അംഗീകരിച്ചിരുന്നു. പക്ഷേ ഏറ്റവും അവസാനം വന്ന വിധി എന്താണ്? ഏറ്റവും അവസാനം വന്ന വിധി തലവരി പിരിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

നിയമപരമാണെന്നു സമർത്ഥിക്കുന്നതാണ്. ഇപ്പോൾ പുഷ്പഗിരി കോളേജിന്റെ പ്രശ്നത്തിൽ കേരള ഹൈക്കോടതിയുടെ വിധി എന്താണ്? കേരള ഹൈക്കോടതിയുടെ വിധിയും അതിനു സമാനമായിട്ടുള്ള വിധിയാണ്. കാമ്പസ് രാഷ്ട്രീയം പാടില്ലെന്നു പറഞ്ഞുകൊണ്ട് ഒരു വിധി വന്നല്ലോ. 18 വയസ്സുള്ളവർക്കെല്ലാം വോട്ടവകാശമുണ്ടല്ലോ? അവർക്കെല്ലാം രാഷ്ട്രീയ അഭിപ്രായം ഉണ്ടല്ലോ. രാഷ്ട്രീയ അഭിപ്രായം പാടില്ലെന്നു പറയുന്നതിനു തുല്യമായിട്ടുള്ള വിധിയാണ് വരുന്നത്. ഇതു മാത്രമല്ല, ഏറ്റവും അവസാനം വന്ന വിധി വളരെ ശ്രദ്ധേയമാണ്. നമ്മുടെ കുട്ടികൾ നടത്തുന്ന സമരത്തെ നേരിടാൻ വന്ന ഒരു വിധി. അങ്ങനെയൊരു വിധിയുണ്ടാകാൻ കുട്ടികളുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും പെന്റിംഗ് കേസ്സുകൾ ഉണ്ടായിരുന്നോ? കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നോ ഇതു സംബന്ധിച്ചൊരു വിധി കേരളത്തിലെ ഹൈക്കോടതി ജഡ്ജിമാരോടു പ്രഖ്യാപിക്കണമെന്ന്. ഇല്ല. അവരോടു പറഞ്ഞിരുന്നില്ല. അതല്ല ഏതെങ്കിലും സ്വാശ്രയ മാനേജുമെന്റുകൾ ആവശ്യപ്പെട്ടിരുന്നോ? അതും ഇല്ല. പിന്നെ എങ്ങനെയാണ്? ജഡ്ജിമാർ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ, കുട്ടികളെ അടിച്ച് ശരിപ്പെടുത്തിക്കൊള്ളണമെന്നു കേരള ഗവൺമെന്റിനു നിർദ്ദേശം കൊടുക്കാൻ പര്യാപ്തമായ രൂപത്തിൽ ഒരു വിധി പ്രഖ്യാപിച്ചത്? ജുഡീഷ്യറിയുടെ മുഖം ഈ രൂപത്തിൽ ജനവിരുദ്ധമായി മാറിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള ശക്തികളെ സഹായിക്കുന്ന തരത്തിലാണ് ഈ ബില്ലിന്റെ പോക്ക്. സമൂഹത്തിലെ സാധാരണക്കാർക്ക് നീതി ലഭിക്കേണ്ടതുണ്ട്. അതുപോലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണങ്ങൾ സാധാരണക്കാരനുകൂടി ലഭിക്കാൻ പര്യാപ്തമാകുന്ന രൂപത്തിൽ ഇതു മാറ്റിത്തീർക്കണം. അങ്ങനെ മാറ്റിത്തീർക്കുന്നില്ലെന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട പോരായ്മ. അതുകൊണ്ട് ഇതിനു വ്യാപകമായി ജനങ്ങളുടെ പിന്തുണ ആരായേണ്ടതുണ്ട്. സമൂഹത്തിലെ വിദഗ്ദ്ധന്മാരുടെയും ഉന്നതരായ ആളുകളുടെയും സാധാരണക്കാരുടെയും അഭിപ്രായങ്ങൾ ആരായേണ്ടതുണ്ട്. ഈ ബില്ല് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ ഗുണകരമായ മാറ്റത്തിനുവേണ്ടിയുള്ള ഒരു ബില്ലാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ മൂവ് ചെയ്തിരിക്കുന്നത്. ഇവിടെ മന്ത്രി സൂചിപ്പിച്ചതുപോലെ ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂളിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാറ്റേണിൽ നിയമ വിദ്യാഭ്യാസരംഗത്തെ, ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ആകർഷിക്കുന്ന ഒരു നിയമ വിദ്യാഭ്യാസ കേന്ദ്രം എന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യം. കേരളത്തിൽ ആദ്യമായിട്ടാണ് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ അല്ലാത്ത ഒരു യൂണിവേഴ്സിറ്റി കൂടിയുണ്ടാകുന്നത്. പക്ഷേ ഈ ബിൽ പരിശോധിച്ചാൽ ബാംഗ്ളൂരിലെ നാഷണൽ ലാ യൂണിവേഴ്സിറ്റി രൂപീകരിച്ചിരിക്കുന്ന നിയമമോ അതുപോലെ തന്നെ ഇവിടെ സൂചിപ്പിച്ച ഹൈദ്രാബാദിലേയോ ഛത്തിസ്ഗഡിലേയോ അഹമ്മദാബാദിലേയോ മറ്റു നിയമങ്ങളുമായോ താരതമ്യമുള്ള നിയമമല്ല. ഈ നിയമത്തിന് നിയമസഭ പാസ്സാക്കിയ കേരള യൂണിവേഴ്സിറ്റി നിയമവും എം. ജി. യൂണിവേഴ്സിറ്റി നിയമവുമായി ഒരുപാടു സമാനതകളുണ്ട്. കാരണം ആ യൂണിവേഴ്സിറ്റികളിൽ യൂണിവേഴ്സിറ്റിയുടെ ചാൻസലർ മുതൽ അവിടെയുള്ള പൂന്തോട്ടം സൂക്ഷിപ്പുകാരനുവരെ ശമ്പളം കൊടുക്കുന്നതു സർക്കാരാണ്. ഇവിടെ ചോദിച്ചു സർക്കാരിന് യൂണിവേഴ്സിറ്റികൾ തുടങ്ങാൻ പാടില്ലേ എന്ന്. അങ്ങനെ കേരള സർക്കാർ നിയമ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു യൂണിവേഴ്സിറ്റി, മെഡിക്കൽ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു യൂണിവേഴ്സിറ്റി അങ്ങനെ മുട്ടിനു മുട്ടിന് പെട്ടിക്കടകൾ പോലെ യൂണിവേഴ്സിറ്റികൾ തുടങ്ങാൻ കഴിയത്തക്ക സാമ്പത്തിക സ്ഥിതിയിലല്ല നമ്മുടെ ഗവൺമെന്റ്. ആ യൂണിവേഴ്സിറ്റികൾ എന്നുള്ള സങ്കല്പം അല്ല ഇന്നിപ്പോൾ ഈ ബില്ലിൽ കാണുന്ന യൂണിവേഴ്സിറ്റി എന്നുള്ള സങ്കല്പം. ശ്രീ. മത്തായി ചാക്കോ സംസാരിച്ചതുപോലെ നിങ്ങൾ ഇപ്പോഴും പഴയ കാലത്തു തന്നെ പിടിച്ചു നിൽക്കുകയാണ്. ഇതു കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ല് അല്ലല്ലോ? ഈ ബില്ല് പാസ്സായിക്കഴിഞ്ഞാൽ, കേരളത്തിലെ നിലവിലുള്ള കേരളാ യൂണിവേഴ്സിറ്റിയുടെയും എം. ജി. യൂണിവേഴ്സിറ്റിയുടെയും കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെയും കീഴിലുള്ള ഒരു ഗവൺമെന്റ് ലാ കോളേജും അല്ലെങ്കിൽ എയ്ഡഡ് ലാ കോളേജും അടച്ചു പൂട്ടാൻ പോകുന്നില്ലല്ലോ. ആ ലാ കോളേജുകളെല്ലാം നിലനിർത്തുകയും, ആ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാതരം കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതോടൊപ്പം തന്നെ പ്രൊഫഷണൽ നിയമ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള ഒരു സെന്റർ ഓഫ് എക്സലൻസ്, വലിയ ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നതാണ് ബാംഗ്ളൂർ നാഷണൽ ലാ സ്കൂളിന്റെ നിലവാരം. ആ നാഷണൽ ലാ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഏകദേശം 50 ശതമാനത്തോളം ആളുകൾ ഇന്ത്യയിലെ സിവിൽ സർവ്വീസിലേക്കാണ് നേരെ പോകുന്നത്. ഇവിടെ മന്ത്രി സൂചിപ്പിച്ചതുപോലെ മുഴുവൻ ആളുകളും വക്കീലന്മാരായി ഗൗണിട്ടുകൊണ്ട് കോടതികളിലല്ല പോകുന്നത്. നിയമം പഠിക്കുന്നവരിൽ നിന്നും വക്കീലന്മാരെ മാത്രമല്ല ആവശ്യം. നിയമം പഠിക്കുന്നവരെ എല്ലാ മേഖലകളിലും ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർ സിവിൽ സർവ്വീസിൽ ഉണ്ട്. ഇന്ത്യയിലെ പ്രമുഖമായ സ്ഥാപനങ്ങളിലേക്ക് മാനേജർമാരായി പോകുന്നുണ്ട്. ക്ളാസ്സ് വൺ ഓഫീസർമാരായി പോകുന്നുണ്ട്. Cream ആയിട്ടുള്ള വിദ്യാർത്ഥികളെ, പുതിയ യുവത്വത്തെ നമ്മുടെ രാജ്യത്തിന്റെ പുരോഗതിയുടെ ചക്രം തിരിക്കാനുള്ള മേഖലകളിലേക്ക് സംഭാവന ചെയ്യുന്ന സ്ഥാപനമായി നാഷണൽ ലാ സ്കൂൾ മാറിയിരിക്കുന്നു. അതുപോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണം. ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഞങ്ങളുടെ ഗവൺമെന്റല്ല നിങ്ങളുടെ ഗവൺമെന്റ് നാളെ വന്നാലും കഴിയില്ല എന്നുള്ള യാഥാർത്ഥ്യം നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ട് ഗവൺമെന്റ് ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്ന സമയം വരെ ആ വാതിലുകൾ, ജാലകങ്ങൾ അടച്ചിടണമെന്നു പറയുന്നതു ശരിയായ സമീപനമല്ല. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് 18-ാം നൂറ്റാണ്ടിൽ സ്പെയിനിൽ ജീവിക്കേണ്ട ആളുകളാണ് നിങ്ങളെല്ലാമെന്ന്. ഒരു മാറ്റത്തിനും സമ്മതിക്കാതെ വളരെ കൺസർവേറ്റീവായ, യാഥാസ്ഥിതിക സമീപനം മാത്രം ഉൾക്കൊള്ളുന്ന, അന്ധമായ വിശ്വാസങ്ങളെ പുൽകി ഉറങ്ങുന്ന ആളുകളായി നിങ്ങളെല്ലാം മാറിയിരിക്കുന്നു. മാറ്റങ്ങൾക്ക് നാം കാതോർക്കണം. പ്രൈവറ്റ് സെക്ടറിൽ ഇന്ത്യയിൽ എത്രയോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നിരിക്കുന്നു. വലിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. രാജസ്ഥാനിലെ പിലാനിയിലെ ഏറ്റവും വലിയ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബിറ്റ്സ് പിലാനി ബിർലാ ഇൻസ്റ്റിറ്റ്യൂട്ടാണ്. സോഷ്യൽ സയൻസിന് ടാറ്റാ തുടങ്ങിയിരിക്കുന്ന ബോംബെയിലെ സ്ഥാപനം, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്. അതുപോലെ മാനേജ്മെന്റിനുവേണ്ടി ബജാജ് ഇൻസ്റ്റിറ്റ്യൂട്ട്, റിലയൻസ് തുടങ്ങിയിരിക്കുന്ന മൈക്കാ, എക്സ്.എൽ.ആർ.ഐ. സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, ജാംഷഡ്പൂരിലെ മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, തുടങ്ങി ഇന്ത്യയിൽ എത്രയോ സ്ഥാപനങ്ങൾ വർഷങ്ങളായി പ്രവർത്തിക്കുന്നു. എത്രയോ വിദ്യാർത്ഥികൾ കേരളത്തിൽ നിന്നും അവിടെ പോയി പഠിച്ച് വലിയ പൊസിഷനിൽ ഇരിക്കുന്നുണ്ട്. ഇവിടെ അതൊന്നും ഉണ്ടാകാൻ പാടില്ല എന്നു പറയുന്ന സമീപനം ശരിയല്ല. ഫീനാൻഷ്യൽ ലയബിലിറ്റിയുടെ കാര്യം, ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ഒരു രൂപ പോലും മുടക്കാതെ ഒരു നല്ല വിദ്യാഭ്യാസ സ്ഥാപനം ഇവിടെ തുടങ്ങാനുള്ള ഒരു സൗകര്യം ഈ ഗവൺമെന്റ് ഒരുക്കി കൊടുക്കുന്നു എന്നതിൽ യാതൊരു തെറ്റും ഞാൻ കാണുന്നില്ല.

1.00 P.M.] അതുപോലെ ഈ നിയമത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിലവാരം ഉയർത്തേണ്ടതിന്റെ പ്രസക്തിയെക്കുറിച്ചും മന്ത്രി ഇവിടെ സൂചിപ്പിച്ചല്ലോ. നിയമത്തിന്റെ ഒരുപാട് ശാഖകൾ വരുകയാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക്, ഇൻഡസ്ട്രിയൽ റിലേഷൻസിന് അതിനൊക്കെ കാലാനുസൃതമായ മാറ്റങ്ങളുണ്ടാകണം. പണ്ടുണ്ടായ നിയമങ്ങൾ അങ്ങനെതന്നെ തുടരണമെന്ന് പറയുന്നത് ശരിയാണോ? പണ്ട് പുതിയ നിയമത്തിന്റെ ശാഖകൾ ഉണ്ടായിരുന്നു. Maritime law, ഇപ്പോൾ നമുക്ക് ലോകം മുഴുവൻ free trade ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വലിയ കോമ്പറ്റീഷനാണ്. വലിയ മൽസരങ്ങൾ നടക്കുന്നു. International arbitration, സുപ്രീം കോടതിയിൽ സീനിയർ അഭിഭാഷകരെ പലരേയും engage ചെയ്യാൻ പറ്റുന്നില്ല. കാരണം ഇപ്പോൾ അവരെല്ലാം appear ചെയ്യുന്നത് പാരീസിലും ലണ്ടനിലുമൊക്കെയാണ്. ഇപ്പോൾ ശ്രീ. കെ. കെ. വേണുഗോപാലിനെയൊക്കെ engage ചെയ്യാൻ വലിയ പാടാണ്. അവരെല്ലാം ലണ്ടനിലും പാരീസിലും മെൽബണിലുമൊക്കെ നടക്കുന്ന ഇന്റർനാഷണൽ ആർബിട്രേഷനിൽ പങ്കെടുക്കുകയാണ്. ആ നിയമത്തിന്റെ സാദ്ധ്യതകൾ, അതുപോലെ പുതിയ patent laws വന്നിട്ടുണ്ട്. ആ ബ്രാഞ്ചുകൾക്കൊക്കെ അതിനെക്കുറിച്ചൊക്കെ വളരെ research oriented ആയിട്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ നാട്ടിലുണ്ടാകണം. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് നിയമ ബോധവൽക്കരണമുണ്ടാക്കണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: അത്യാധുനികമായ ആവശ്യങ്ങളനുസരിച്ചുള്ള നിയമ പഠനം സമൂഹത്തിലെ സമ്പന്ന വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി മാത്രം പരിമിതപ്പെടുത്തണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്. അതാണ് നിങ്ങളുടെ മാറ്റമെങ്കിൽ നിങ്ങളുടെ മാറ്റം ഒരു ഉപവിപ്ളവമായ മാറ്റമാണെന്നുള്ള സത്യം നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഇതുതന്നെയാണ് നിങ്ങൾ നിരന്തരമായി പ്രചരണം നടത്തുന്നത്. കേരളത്തിൽ ആരംഭിച്ചിരിക്കുന്ന നാനൂറോളം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ ചേർന്നിരിക്കുന്ന കുട്ടികൾ മുഴുവൻ സമ്പന്ന വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളാണോ? എത്രയോ കുട്ടികൾ പുതുതായി നിലവിൽവന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നു. അവർക്കെല്ലാം പഠിക്കാനുള്ള സൗകര്യങ്ങളുണ്ടായിട്ടുണ്ട്. പുതിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നു. ലോകത്തിന്റെ ചുറ്റുപാടുകളിലേക്ക് ഒന്ന് കണ്ണോടിക്കണം. ഈ ചെറിയ ലോകത്തിൽ നിന്നുകൊണ്ട് മാത്രം തിരിയരുത്. ലോകത്തിലുണ്ടാകുന്ന വിദ്യാഭ്യാസ മാറ്റങ്ങളെക്കുറിച്ച് സാമാന്യ ജനങ്ങൾക്ക് ബോധവൽക്കരണമുണ്ടാകണം. Law abiding citizen-നായി നമ്മുടെ പൗരൻമാരെ മാറ്റിയെടുക്കണം. വിദേശത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

Advanced State-കളിൽ എന്താണ് നടക്കുന്നത്. അവർ ഒരു നിയമം പാസ്സാക്കുമ്പോൾ അതിനുമുൻപ് വലിയ ചർച്ചകൾ നടത്തും. ഓരോ ലജിസ്ലേഷൻസ് വരുമ്പോഴും വലിയ ലോബീസും ഉണ്ടാകും. വലിയ സമ്മർദ്ദങ്ങളും ചർച്ചകളും നടക്കും. പക്ഷെ എല്ലാ ചർച്ചകൾക്കുംശേഷം നിയമങ്ങൾ പാസ്സാക്കുമ്പോൾ ആ നിയമങ്ങൾ എല്ലാപേരും അനുസരിക്കും. ഉദാഹരണത്തിന് ഇപ്പോൾ ഒരു പുതിയ ടാക്സേഷൻ വന്നാൽ അതിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കും. ടാക്സ് ഏർപ്പെടുത്താമോ എന്നതിനെക്കുറിച്ച് രാജ്യവ്യാപകമായി ചർച്ച നടക്കും. അതിനുശേഷം നിയമനിർമ്മാണ സഭകൾ പാസ്സാക്കുന്ന നിയമം ആളുകൾ അനുസരിക്കുകയും ചെയ്യും.

ശ്രീ. എ. കെ. ബാലൻ : ഇത് അക്കാഡമിക്കായിട്ട് ചിന്തിക്കേണ്ട വളരെ പ്രസക്തമായ ഒരു ഭാഗമാണ്. നമ്മൾ ഉണ്ടാക്കുന്ന നിയമം നടപ്പിലാക്കാൻ കഴിയണം. അങ്ങനെ കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് ഈ വിദ്യാർത്ഥി പ്രക്ഷോഭം ഉണ്ടാകില്ലായിരുന്നു. നമ്മൾ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ നടപ്പിലാക്കണമെന്നു പറഞ്ഞുകൊണ്ടാണ് വിദ്യാർത്ഥികൾ സമരത്തിനിറങ്ങുന്നത്. അതുകൊണ്ടുണ്ടാകുന്ന അപകടം എന്താണെന്നോ നമ്മൾ ഉണ്ടാക്കുന്ന നിയമം നമുക്ക് നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ ഈ ഉണ്ടാക്കപ്പെടുന്ന നിയമത്തിന്റെ സംരക്ഷകരായി നമുക്ക് നടക്കാൻ പറ്റില്ല. പാർലമെന്ററി വ്യവസ്ഥയോട് ജനങ്ങൾക്ക് അപമാനമുണ്ടാകും.

ശ്രീ. വി. ഡി. സതീശൻ : ശ്രീ. എ. കെ. ബാലൻ പറഞ്ഞത് വളരെ കറക്ടായിട്ടുള്ള പോയിന്റാണ്.

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. എ. കെ. ബാലൻ ഇവിടെ പ്രസക്തമായ ഒരു കാര്യമാണ് പറഞ്ഞത്. ഈ നിയമങ്ങളെല്ലാം നമ്മൾ ധിക്കരിക്കുന്നു. നമ്മുടേത് പൊളിറ്റിക്കൽ കമ്മ്യൂണിറ്റിയാണല്ലോ. ആ രാഷ്ട്രീയ സമൂഹം സംഘടിതരാണ്. ഇവിടെ നിലനിൽക്കുന്ന എല്ലാ നിയമങ്ങളേയും സമ്പ്രദായങ്ങളേയും ലംഘിക്കുകയും ആളുകളെ ലംഘിപ്പിക്കുവാൻ പ്രേരിപ്പിക്കുകയുമാണെന്നുള്ള ഒരു കുറ്റബോധം നമുക്കുണ്ടോ?

ശ്രീ. വി. ഡി. സതീശൻ ഞാൻ അതിലേക്കാണ് വരുന്നത്. ഇത് അക്കാഡമിക്കായിട്ടുള്ള ചർച്ചയാണ്. നമ്മുടെ രാജ്യത്ത് കോടതികൾ നിയമം പാസ്സാക്കുന്നുണ്ട്. വിധിപ്രഖ്യാപനങ്ങളും നിയമങ്ങളായി വരുന്നുണ്ട്. നിയമസഭയിൽ ചർച്ച ചെയ്ത് നിയമം പാസ്സാക്കുന്നുണ്ട്. നമ്മൾ എത്ര ആഴ്ചകളിലായി ചർച്ചചെയ്തതിനുശേഷം തലനാരിഴകീറി കൂലംകക്ഷമായി ചർച്ച ചെയ്തതിനുശേഷമാണോ പാസ്സാക്കുന്നത് എന്നു ചോദിച്ചാൽ വളരെ ദുർബ്ബലമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു മറുപടി മാത്രമേ നമുക്ക് പലർക്കും പറയാൻ കഴിയുകയുള്ളു. പല നിയമങ്ങളും അതിന്റെ ആധികാരികത പരിശോധിച്ചിട്ടാണോ പാസ്സാക്കുന്നത് എന്നുചോദിച്ചാൽ നമ്മൾ അംഗങ്ങളായിരിക്കുന്ന സ്ഥാപനത്തിന്റെതന്നെ വിശ്വാസ്യതയെ ചോദ്യം ചെയ്യപ്പെടുമെന്ന കാര്യത്തിൽ സംശയമുള്ള ഒരാളാണ് ഞാൻ. നമ്മൾ പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കാൻ വിധിക്കപ്പെട്ട കോടതികളുണ്ട്. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച്, സ്വാശ്രയ വിദ്യാഭ്യാസവുമായി ഭരണഘടനാ ബഞ്ച് നിയമം പാസ്സാക്കിയാൽ അത് law of the land ആണ്. നമുക്ക് മാറ്റാൻ കഴിയില്ലല്ലോ. നമ്മുടെ നിയമ സംവിധാനമനുസരിച്ച് ഇവിടെ ഉണ്ണികൃഷ്ണൻ കേസുണ്ടായിരുന്നു. അതനുസരിച്ചാണ് കേസ് പോയത്. അത് സോഷ്യൽ കമ്മിറ്റ്മെന്റുള്ള ഒരു ജഡ്ജ്മെന്റായിരുന്നു. ആ സോഷ്യൽ കമ്മിറ്റ്മെന്റ് ആ വിധിയിലുണ്ടായി. പിന്നീട് വന്നതാണ് ടി. എം. എ. പൈ കേസ്. ഉണ്ണികൃഷ്ണൻ കേസിൽ ഉണ്ടായിരുന്ന മുഴുവൻ പ്രിൻസിപ്പിളും reverse ചെയ്തു ടി. എം. എ. പൈ കേസിൽ. അപ്പോൾ ഒന്നുകൂടി നിയമത്തിൽ ക്ളാരിഫിക്കേഷൻ കൊടുക്കാൻ പോയ കേസാണ്. ഇസ്ലാമിക് അക്കാഡമിക് കേസ്. അതല്ലേ നമ്മൾ പാസ്സാക്കിയ നിയമംപോലും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യത്തിലേക്ക് നമ്മളെ കൊണ്ടുപോയത്. ഇസ്ലാമിക് അക്കാഡമിക് കേസിൽ പറഞ്ഞിരിക്കുന്നത് മെറിറ്റ് സീറ്റിലൊക്കെ കറക്ടാണ്. ഫീസ് സ്ട്രക്ച്ചറിനെക്കുറിച്ചുള്ള പ്രശ്നമില്ലേ. നമ്മൾ മെറിറ്റ് സീറ്റിലെ കുട്ടികൾക്ക് മുഴുവൻ സർക്കാർ ഫീസ് കൊടുക്കണമെന്ന് പറഞ്ഞു. മാനേജ്മെന്റിന് വേറെ ഫീസ് വാങ്ങിക്കാനുള്ള അധികാരം കൊടുത്തു. ഇസ്ലാമിക് അക്കാഡമിക് കേസിൽ സുപ്രീംകോടതിവരെ വളരെ സ്പെസിഫിക്കായിട്ട് പറഞ്ഞിരിക്കുന്നത് എന്താണ്? Cross subsidy പാടില്ല, എന്നുമാത്രമല്ല ഇതിന് എക്സ്പ്ളനേഷൻ കൊടുത്തിരിക്കുന്നത് മാനേജുമെന്റ് സീറ്റിൽ പഠിക്കുന്ന കുട്ടികളുടെ ഫീസുപയോഗിച്ചുകൊണ്ട് മെറിറ്റ് സീറ്റിൽ ആരും പഠിക്കേണ്ട എന്നാണ്. രണ്ട് തരത്തിലുള്ള കുട്ടികൾ പഠിക്കേണ്ട. ഒരേ ക്ളാസിൽ രണ്ടുതരം ഫീസ് സ്ട്രക്ച്ചർ പാടില്ല. ഞാൻ ചോദിക്കട്ടെ, ഞാൻ അതിനെ വിമർശിക്കുന്നതല്ല പക്ഷെ എന്തെങ്കിലുമൊരു സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു ജഡ്ജ്മെന്റാണോ അത്. ആ ജഡ്ജ്മെന്റുണ്ടായി. പതിനൊന്നംഗ ഭരണഘടനാ ബഞ്ചുണ്ടാക്കിയ ജഡ്ജ്മെന്റാണ് അത്. അത് നമ്മുടെ നാട്ടിലെ law of the land ആയി ഇപ്പോഴും ഇവിടെ നിലനിൽക്കുന്നു. നമുക്ക് ധിക്കരിക്കാൻ കഴിയാത്ത നിയമമായി നിൽക്കുന്നു. നമ്മൾ പ്രൊവിഷൻസ് നോക്കി, നിയമമുണ്ടാക്കി ആ നിയമം 9th schedule-ൽപ്പെടുത്താൻ പറ്റുമോയെന്നുള്ളതിനെക്കുറിച്ച് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം നമ്മുടെ മുന്നിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഈ സർക്കാരിന്റെ നയങ്ങളും സങ്കൽപ്പങ്ങളും പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത വലിയ തടസ്സമായി

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുകയാണ്. ആ കാര്യത്തെക്കുറിച്ച് ചർച്ച വേണം. പണ്ട് കേരളീയ സമൂഹത്തിൽ വലിയൊരു ചർച്ചയുണ്ടായി. കല കലയ്ക്കുവേണ്ടിയാണോ ജീവിതത്തിനുവേണ്ടിയാണോ എന്നതിനെക്കുറിച്ച് വലിയൊരു ചർച്ചയുണ്ടായി. അതുപോലൊരു ചർച്ച വേണം. നിയമം നിയമത്തിനുവേണ്ടിയാണോ നിയമം ജനങ്ങൾക്ക് വേണ്ടിയാണോ എന്നുള്ളതിനക്കുറിച്ച് വളരെ വലിയ ഒരു ചർച്ച നമ്മുടെ സമൂഹത്തിലുണ്ടാകണം. ഇവിടെ സുപ്രീംകോടതിയുടെ ജഡ്ജുമെന്റിനേയോ ഹൈക്കോടതിയുടെ ജഡ്ജ്മെന്റിനേയോ വിമർശിക്കാൻ പാടില്ലെന്നൊന്നുമില്ല: Healthy discussion ആകാം. ആ സ്ഥാപനത്തിന്റെ വിശ്വാസ്യതയേയോ അതിന്റെ ഇന്റഗ്രിറ്റിയേയോ ചലഞ്ച് ചെയ്യാതെയുള്ള ചർച്ചയാകാം. അതിൽ അക്കാഡമിക് ചർച്ചകളാകാം. ചില പ്രധാനപ്പെട്ട ജഡ്ജുമെന്റുകളെ വിമർശിച്ചുകൊണ്ടുള്ള ചില ലേഖനങ്ങൾ വരാറുണ്ട്. അക്കാഡമിക് ചർച്ചകളുണ്ടാകണം. ഇത്തരം കാര്യങ്ങളിൽ നിയമസഭാ സാമാജികൻമാർക്കും വേണമെങ്കിൽ ഇത് റിപ്പോർട്ട് ചെയ്യുന്ന പത്രപ്രവർത്തകർക്കും ജുഡീഷ്യൽ ഓഫീസേഴ്സിനും ട്രെയിനിംഗ് കൊടുക്കുന്ന ഒരു നിലവാരമുള്ള സ്ഥാപനംകൂടിയായി ഇത് മാറണം. ഇന്നലെ ഇവിടെ ഏതോ ഒരംഗം ഈ 10 സീറ്റിലേക്കും ബൈ ഇലക്ഷൻ നടത്താൻ തയ്യാറുണ്ടോയെന്ന് ഇവിടെ വെല്ലുവിളിച്ചു. Representation of Peoples Act-ൽ വളരെ ക്ളിയറായി പറഞ്ഞിരിക്കുന്നു ഇവിടെ ഒരു ഒഴിവ് വന്നുകഴിഞ്ഞാൽ ആ ഒഴിവ് കഴിഞ്ഞുള്ള ബാക്കി കാലാവധി ഒരു വർഷത്തിന് താഴെയാണെങ്കിൽ ഒരു കാരണവശാലും ഇലക്ഷൻ നടത്താൻ പാടില്ല. Shall not be done എന്നാണ് പറഞ്ഞിരിക്കുന്നത്. വളരെ mandatory ആണ്. ആർ.പി. ആക്ടിൽ Election shall not be done if the remaining period is less than one year. ഇലക്ഷൻ നടത്താൻ പറ്റില്ല. പിന്നെ ഇലക്ഷൻ നടത്താമോ എന്ന് ചോദിച്ച് മുഖ്യമന്ത്രിയെ വെല്ലുവിളിക്കുകയാണ്. മുഖ്യമന്ത്രി വിചാരിച്ചാലും ഇലക്ഷൻ കമ്മീഷൻ വിചാരിച്ചാലും ഒരു വർഷത്തിനുതാഴെയാണ് കാലാവധിയെങ്കിൽ ഇലക്ഷൻ നടത്താൻ പറ്റില്ല. ഇപ്പോൾ നമുക്ക് അത് അറിയില്ല. എല്ലാവരും നിയമം പഠിക്കണമെന്നില്ല. ഈ സഭയിൽ തന്നെ നിയമം പഠിച്ച ഒരുപാട് ആളുകളുണ്ട്. നിയമം പഠിക്കാത്ത ആളുകൾ ഇവിടെ ഇഷ്ടംപോലെ ഉണ്ടല്ലോ. ബഹുമാനപ്പെട്ട ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഇവരൊന്നും നിയമം പഠിച്ചിട്ടില്ല. പക്ഷേ നിയമം പഠിച്ച സുഹൃത്തുക്കളേക്കാൾ അവരൊക്കെ നല്ല കോൺസ്റ്റിറ്റ്യൂഷണൽ സെൻസുള്ള ആളുകളാണ്. അവരൊക്കെ സ്വന്തമായി പഠിച്ചതാണ്. അപ്പോൾ നിയമസഭാസാമാജികർ എന്ന നിലയിൽ നിയമം പഠിക്കാത്ത ആളുകൾക്ക് സാമാന്യ വിദ്യാഭ്യാസവും അതിന്റെ re-orientation-ഉം എല്ലാം. ലഭിക്കണം. നമ്മൾ എല്ലാം തികഞ്ഞവരാണ് എന്ന് പറഞ്ഞിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് എന്തെല്ലാം കാര്യങ്ങളെക്കുറിച്ച് പഠിക്കാനുണ്ട്. ഇവിടെ കുറുമാറ്റം ഉണ്ടായി. എല്ലാവരും ചർച്ച ചെയ്തത് പഴയ, പാർലമെന്റ് പാസാക്കിയ നിയമമാണ്. പിന്നീട് അതിനുള്ള അമന്റ്മെന്റ് വന്നു. ഒരുപാട് ബേസിക് ചെയ്ഞ്ചസ് ഉണ്ടായി. പക്ഷേ പലർക്കും അത് അറിയില്ല. നിയമനിർമ്മാണ സഭയിലെ അംഗങ്ങൾക്ക് സാമാന്യ ജനങ്ങൾക്ക് ഉണ്ടാകുന്നതിനേക്കാൾ കുറേകൂടി കൂടുതൽ നിയമവിദ്യാഭ്യാസം അടിസ്ഥാനപരമായി ഉണ്ടാകേണ്ടതാണ്. നമുക്ക് എല്ലാവർക്കും അത് പ്രയോജനപ്പെടും. ഈ സ്ഥാപനം വന്നുകഴിഞ്ഞാൽ നമുക്കൊക്കെ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. നിയമത്തെക്കുറിച്ച്, നിയമനിർമ്മാണത്തെക്കുറിച്ച്, നിയമനിർമ്മാണ സഭയെക്കുറിച്ച്, വിധി പ്രഖ്യാപനങ്ങളെക്കുറിച്ച്, സാമൂഹ്യ പ്രതിബദ്ധതയുള്ള കാര്യങ്ങളെക്കുറിച്ച് ഒക്കെ ഒരുപാട് ചർച്ചകൾ ഉണ്ടാകണം. ജനം കോടതിയിലേക്ക് ഇരച്ചു കയറുന്ന കാലം വരും എന്ന് ഒരിക്കൽ ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണഅയ്യർ പറഞ്ഞു. അദ്ദേഹം വളരെ വിപ്ലവകരമായി പറഞ്ഞതാണ്. അദ്ദേഹം നിയമമന്ത്രിയായിരുന്നു, ഹൈക്കോടതി ജഡ്ജിയായിരുന്നു, സുപ്രീംകോടതി ജഡ്ജിയായിരുന്നു. ലാ കമ്മീഷൻ മെമ്പറായിരുന്നു. ഇതെല്ലാം റിട്ടയർ ചെയ്തിട്ടാണ് അദ്ദേഹം പറഞ്ഞത്. മലയാളത്തിൽ വേണമെന്ന് ശ്രീ. കെ. പി. രാജേന്ദ്രൻ ഇപ്പോൾ പറഞ്ഞതുപോലെ അദ്ദേഹം പറയുന്നത് ജഡ്ജ്മെന്റ് വളരെ സിമ്പിൾ ആയിരിക്കണം, സാധാരണ ജനങ്ങൾക്ക് അത് മനസ്സിലാകണം എന്നാണ് അദ്ദേഹം എഴുതിയത്. ഒരുപാട് സാമൂഹ്യ പ്രതിബദ്ധതയുള്ള, സാമൂഹ്യ മാറ്റങ്ങൾക്ക് കാരണമായ ഒരുപാട് ജഡ്ജുമെന്റ് എഴുതിയിട്ടുള്ള ആളാണ് അദ്ദേഹം.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. വി. ഡി. സതീശൻ നിയമം വായിക്കുന്ന ആളാണ് എന്നാണ് എന്റെ ധാരണ. അതിന്റെ ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, ഭരണഘടന ഇതൊക്കെ വാസ്തവത്തിൽ വളരെ thread bare ആയിട്ട് ഡിസ്ക്കസ് ചെയ്യേണ്ട കാര്യമാണ്. നിയമപഠനത്തിന് കൂടുതൽ സൗകര്യം ഒരുക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ ഒരു സർവ്വകലാശാലാ എന്നുള്ള നിലയിൽ നിയമം രൂപീകരിക്കുമ്പോൾ ഇതിനകത്ത് ആ കാര്യങ്ങളിലൊക്കെ വന്നിരിക്കുന്ന ഡിഫക്ട്റ്റ് ഒന്ന് ചൂണ്ടിക്കാണിക്കണം.

ശ്രീ. വി. ഡി. സതീശൻ: ഞാൻ അതിലേക്ക് വരികയാണ്. ഇതിനകത്ത് ആദ്യം ക്ലാസ് രണ്ടിൽ കേരളാ യൂണിവേഴ്സിറ്റി നിയമമായിട്ടും കാലിക്കട്ട് യൂണിവേഴ്സിറ്റി നിയമമായിട്ടും ഒരുപാട് സമാനതകൾ ഉണ്ട്. അതിന്റെ സ്ട്രക്ച്ചറൊക്കെ ഏകദേശം ഒരുപോലെയാണ്. അതുപോലെ എക്സിക്യൂട്ടീവ് കൗൺസിലിലും ജനറൽ കൗൺസിലിലും അക്കാഡമിക്ക് കൗൺസിലിലുമൊക്കെ കോൺസ്റ്റിറ്റ്യൂഷണലായിട്ട് കുറേ സമാനതകളുണ്ട്. ക്ലാസ് 4 (2) -ൽ ചില തെറ്റുകൾ പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകളിൽ ലിംഗ, വർഗ്ഗ, വിശ്വാസപ്രമാണ, ജാതി, മത വ്യത്യാസം കൂടാതെ എല്ലാ ആളുകൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതും ഒരു അദ്ധ്യാപകനോ വിദ്യാർത്ഥിയോ ആയി പ്രവേശനം ലഭിക്കുന്നതിനുള്ള അർഹതയ്ക്കോ അതിൽ ഏതൊരു ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിനോ അവിടെ നിന്നും ബിരുദം നേടുകയോ, അതിന്റെ ഏതെങ്കിലും പ്രത്യേകാവകാശം അനുഭവിക്കുകയോ വിനിയോഗിക്കുകയോ ചെയ്യുന്നതിനും വേണ്ടി ഏതെങ്കിലും മതവിശ്വാസമോ അത് പിൻതുടരുകയോ സംബന്ധിച്ചുള്ള, ഏതൊരു തരത്തിലുള്ള നിബന്ധന ഏതെങ്കിലും ആളിൽ ചുമത്തുന്നത് നിയമപരമല്ലാത്തതാകുന്നു എന്നുപറഞ്ഞിട്ടുണ്ട്. എന്തിനാണ് നിയമ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള യൂണിവേഴ്സിറ്റി ബില്ലിൽ ഈ വാചകം കൊടുത്തിരിക്കുന്നത്? ഇങ്ങനെ ഇൻഡ്യയിൽ ഒരു സ്ഥാപനത്തിലും പറ്റില്ല. നമ്മുടെ ഭരണ ഘടനയിൽ ആർട്ടിക്കിൾ 14-ൽ പറഞ്ഞിരിക്കുന്നത് എന്താണ്? ആ ആർട്ടിക്കിൾ 14 അനുസരിക്കണം എന്ന് പ്രത്യേകം പറയേണ്ട കാര്യമുണ്ടോ? 4 (2) റിമൂവ് ചെയ്യണം. അത് അനവസരത്തിലുള്ള ഒരു പാരഗ്രാഫ് ആണ്. അതുപോലെ ക്ലാസ് 8 നേരത്തേ ചർച്ച ചെയ്ത കാര്യമാണ്. സർവ്വകലാശാലയുടെ ചാൻസലറായി ഹൈക്കോടതി ചീഫ് ജസ്റ്റിസ് വേണ്ട സർ. അദ്ദേഹത്തെ ശല്യപ്പെടുത്തുന്നത് ശരിയല്ല. കാരണം യൂണിവേഴ്സിറ്റിയുടെ ചാൻസലറായി ചീഫ് ജസ്റ്റിസ് വന്നാൽ അദ്ദേഹത്തിന് വേറെ ജോലിത്തിരക്കുകളും ഭാരിച്ച ഉത്തരവാദിത്വങ്ങളും ഉണ്ടാകും.

ശ്രീ. ടി. എം. ജേക്കബ്: ഈ പറഞ്ഞതിനേക്കാൾ പ്രധാനപ്പെട്ട ഒരു സംഗതി എന്ന് പറയുന്നത് സ്വാഭാവികമായും ഏതെങ്കിലുമൊക്കെ കാര്യങ്ങൾ കോടതിയിൽ ചോദ്യം ചെയ്യാമല്ലോ. ചീഫ് ജസ്റ്റിസ് വൈസ് ചാൻസലറായി വരുന്ന സ്ഥാപനത്തെ സംബന്ധിച്ച് ഒരു കേസ് കോടതിയിൽ വരുമോ? അതിനെതിരായി ആരെങ്കിലും പറയുമോ? അത് തന്നെ തെറ്റല്ലേ? മറ്റ് എല്ലാ സർവ്വകലാശാലാ നിയമത്തിനകത്തും ചാൻസലറെ ഗവർണ്ണറായിട്ട് വച്ചിട്ടുണ്ട്. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ തുടങ്ങിയ തസ്തികകൾ ഗവൺമെന്റ് നിശ്ചയിച്ച് അതല്ലെങ്കിൽ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ചെയ്യുന്നതാണ്. അതിനകത്ത് ഗവൺമെന്റിന് കൃത്യമായ കാഴ്ചപ്പാടുണ്ടാകണം. എന്നാൽ മാത്രമേ ഒരു യൂണിവേഴ്സിറ്റിയായിട്ട് ഫംഗ്ഷൻ ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ : ആ രണ്ടു പോയിന്റാണ് ഞാൻ പറയുന്നത്. University may sue and may be sued. അവർക്ക് കേസ് കൊടുക്കാം. അവർക്കെതിരെ കേസ് കൊടുക്കാം. അപ്പോൾ അതിന്റെ ചാൻസലറായിട്ട് ചീഫ് ജസ്റ്റീസ് ഇരുന്നാൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനൗചിത്യമുണ്ട്. അതിന് വേറെ എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. ടി. എം. ജേക്കബ്: ഇത് ഓർഡിനൻസ് ആയി, നിയമമായിട്ട് വന്നു. നമുക്ക് അമന്റ്മെന്റ് വരുത്താം. കുഴപ്പമില്ല. പക്ഷേ ഇത്രയും പ്രധാനമായിട്ടുള്ള ഒരു ബിൽ ലിമിറ്റഡ് ടൈം വച്ചാണെങ്കിലും ഇത് സെലക്ട് കമ്മിറ്റിക്ക് കൊടുത്ത് അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് തന്നെ റഫർ ചെയ്തിട്ട് നോക്കി തിരിച്ചുകൊണ്ടുവരുന്നതല്ലേ നല്ലത്?

ശ്രീ. വി. ഡി. സതീശൻ: അതുപോലെ തന്നെ ഇതിന്റെ ജനറൽ കൗൺസിലുമായിട്ട് ബന്ധപ്പെട്ട് വിശാലകൊച്ചി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഒരു സാമാജികൻ എന്നൊക്കെ വച്ചിട്ടുണ്ട്. ഞാൻ ആ ഏരിയ റപ്രസന്റ് ചെയ്യുന്ന ഒരു എം.എൽ.എ. ആണ്. അത് വേണ്ട എന്നാണ് പറഞ്ഞത്. അങ്ങനെ വിശാല കൊച്ചിയിലേക്ക് യൂണിവേഴ്സിറ്റിയെ ഒതുക്കണ്ട എന്നാണ് എന്റെ അഭിപ്രായം. അതുപോലെ വിദ്യാർത്ഥി പ്രതിനിധിയായിട്ട് ഒരു വിദ്യാർത്ഥിയെയാണ് വച്ചിരിക്കുന്നത്. മൂന്നു വിദ്യർത്ഥികളാകാം. കാരണം പഠിക്കാൻ വരുന്ന കുട്ടികളിൽനിന്നും നല്ല കോൺട്രിബ്യൂഷൻസ് ഈ ബോഡിയിൽ ഉണ്ടാകും. അവരുടെ സജഷൻസ് നന്നായി പ്രയോജനപ്പെടും. അതുകൊണ്ട് വിദ്യാർത്ഥി പ്രതിനിധികളുടെ എണ്ണം കൂട്ടണം. അതുപോലെ ക്ലാസ് 9-ൽ സർവ്വകലാശാലയുടെ പ്രോ- ചാൻസലർ എന്ന നിലയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. കാര്യമായ പരിശോധനകൾ നടത്താനുള്ള സംവിധാനങ്ങളൊക്കെയുണ്ട്. ഗവൺമെന്റിന് യാതൊരു നിയന്ത്രണവുമില്ലാതെ കൊടുത്തിരിക്കുന്ന സർവ്വകലാശാലയാണ് എന്ന തെറ്റിദ്ധാരണയൊന്നും വേണ്ട. ഗവൺമെന്റ് പണം മുടക്കുന്നില്ല. അവർക്ക് ഗ്രാന്റ് വാങ്ങിക്കാം എന്നുള്ള ഒരു പ്രൊവിഷൻ മാത്രമേ വച്ചിട്ടുള്ളൂ.

എന്തായാലും പ്രൊഫഷണൽ കോളേജുകൾക്ക് സെൽഫ് ഫിനാൻസിംഗ് കോളേജുകളുമായി ബന്ധപ്പെട്ട ഫീസ് സ്ട്രക്ച്ചറിന് ഒരു ഫൈനൽ സൊല്യൂഷൻ വേണമല്ലോ, ആ ഫൈനൽ സൊല്യൂഷൻ ഉണ്ടാകുമല്ലോ. നമ്മൾ പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ ഒരു ധാരണയുണ്ടല്ലോ. 9th schedule-ൽപ്പെടുത്താം എന്നുള്ള ധാരണയുണ്ട്. അതെല്ലാം വന്നുകഴിയുമ്പോൾ ഫീസ് സ്ട്രക്ച്ചറിന്റെ കാര്യത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു ധാരണ ഇക്കാര്യത്തിലും ഉണ്ടാകണം. പിന്നെ പ്രവേശനം നടത്തേണ്ടത് നാഷണൽ ലാ സ്കൂളിലും മറ്റ് സ്ഥാപനങ്ങളിലും നടക്കുന്നതുപോലെയുള്ള ഒരു വലിയ എൻട്രൻസ് നടത്തിയിട്ട് വേണം ഇതിലേക്ക് കുട്ടികളെ പ്രവേശിപ്പിക്കാൻ. ശരിയായി മിടുക്കൻമാരായ മിടുക്കികളായ കുട്ടികൾക്ക്,

cream ആയ കുട്ടികൾക്ക് ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുമെന്ന് ഉറപ്പുനൽകുന്ന രീതിയിൽ വേണം. ഇല്ലെങ്കിൽ നമ്മൾ ഉദ്ദേശിച്ച നിലവാരം ഈ സ്ഥാപനത്തിൽ ഉണ്ടാകുകയില്ല. ആ കാര്യത്തിലേക്ക് ഗവൺമെന്റ് കുറച്ചുകൂടി കർശനമായ സമീപനം സ്വീകരിക്കണം. ഇതിന്റെ പിറകിൽ ബാർ കൗൺസിൽ ഉണ്ട്. സംസ്ഥാന ബാർ കൗൺസിലുമായി ബന്ധപ്പെട്ട ഒരു ട്രസ്റ്റാണ് ഈ സ്ഥാപനം നടത്തുന്നത്, അത് കഴിയുമ്പോഴേക്കും സ്വാശ്രയ യൂണിവേഴ്സിറ്റിയായി മാറും എന്നുള്ളതാണ്. ലോകത്തിലെ എല്ലാ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളും സെൽഫ് ഫിനാൻസിംഗ് യൂണിവേഴ്സിറ്റികളാണ്. ലോകത്ത് വളരെ കുറച്ച് യൂണിവേഴ്സിറ്റികളേ State owned ആയിട്ടുള്ളൂ. പ്രശസ്തമായ യൂണിവേഴ്സിറ്റികളുടെ 80 ശതമാനവും പ്രൈവറ്റ് യൂണിവേഴ്സിറ്റീസാണ്. അപ്പോൾ പ്രൈവറ്റ് യൂണിവേഴ്സിറ്റീസ് വരണ്ട, ലോകത്തെമ്പാടും നടക്കുന്ന മാറ്റങ്ങൾ, വിദ്യാഭ്യാസ രംഗത്തെ സമൂലമായ ചലനങ്ങൾ അതിനുനേരെ കേരളത്തിൽ വാതിൽ കൊട്ടിയടയ്ക്കണം എന്നുപറയുന്നത് എന്തൊരു സമീപനമാണ്? ആ സമീപനം മാറ്റണം, വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാകട്ടെ, അവിടെ ഫീസ് സ്ട്രക്ച്ചറിന്റെ കാര്യത്തിലും പ്രവേശനത്തിന്റെ കാര്യത്തിലും കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് ചർച്ചചെയ്ത് പരിഹരിക്കാം. അതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. കേരളത്തിൽ ദൃശ്യമാധ്യമങ്ങളിൽ മെഡിക്കൽ കോളേജിന്റെ വലിയ പരസ്യം വരുന്നുണ്ട്. എവിടെനിന്നാണ് വരുന്നത്? ചൈനയിലെ മെഡിക്കൽ കോളേജിന്റെ പരസ്യമാണ് ഇവിടെ വരുന്നത്. അവിടെ ഈ പരിപാടി തുടങ്ങിയിരിക്കുകയാണ്. ലോകത്തിലെ നമ്പർ-1 പോപ്പുലേഷനുള്ള രാജ്യമാണ് ചൈന. അവിടെ കുട്ടികളെ കിട്ടാഞ്ഞിട്ട് ഇൻഡ്യയിൽ നിന്ന് ഈ തെക്കേമൂലയ്ക്കുള്ള കേരളത്തിൽ നിന്ന് കുട്ടികളെ റിക്രൂട്ട് ചെയ്യാൻ വേണ്ടി, വളരെ പണം കുറവാണ്, ഫീസ് കുറവാണ്, അഡ്മിഷൻ കുറവാണ് എന്നുപറഞ്ഞ് കുട്ടികളെ അട്രാക്ട് ചെയ്യുന്നതിനു വേണ്ടിയുള്ള പരസ്യം ടി.വി. യിൽ ചൈനയിൽ നിന്ന് വന്നിരിക്കുന്നു. നിങ്ങൾ ഇതൊന്നും അറിയുന്നില്ലേ?

ശ്രീ. പി. എസ്. സുപാൽ: സ്വാശ്രയ മാനേജ്മെന്റുകൾ അനിവാര്യമാണ്, അവർ വലിയ സേവനമാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്നൊക്കെയാണ് അങ്ങ് വാദിക്കുന്നത്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഒടുവിൽ കെ.എസ്.യു. വിന്റെ ക്യാമ്പിൽ ചെന്നുപറഞ്ഞത് സ്വാശ്രയ മാനേജ്മെന്റുകൾ ഈ സമൂഹത്തെ, കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചു എന്നാണ്. അപ്പോൾ അവരെ വിശ്വസിക്കാൻ പാടില്ല എന്നാണ് നിങ്ങളുടെ നേതാവും മുൻ മുഖ്യമന്ത്രിയും പറഞ്ഞത്, അതിനെക്കുറിച്ച് എന്താണഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: അത് ബഹുമാനപ്പെട്ട പുനലൂർ മെമ്പർ പറഞ്ഞതാണ്, ഞാൻ പറഞ്ഞത് എന്താണെന്ന് റിക്കോർഡിൽ ഉണ്ട്. ഞാൻ സ്വാശ്രയ മാനേജ്മെന്റുകളുടെ സർവ്വീസുകളെ പ്രകീർത്തിച്ചു സംസാരിച്ചത് എന്താണെന്ന് റിക്കോർഡിൽ ഉണ്ട്. ശ്രീ. എ. കെ. ആന്റണി പറഞ്ഞത് അദ്ദേഹം വലിയ കൺസപ്റ്റോടുകൂടി വന്നു, അവർ അതിന്റെ കേസിനു പോയി എന്നാണ്. അക്കാര്യത്തിൽ വളരെ വ്യത്യസ്തമായ അഭിപ്രായം ഉള്ള ആളാണ് ഞാൻ. ഞാൻ എന്റെ കഴിഞ്ഞ പ്രസംഗത്തിലും പറഞ്ഞു. പലരും സൂചിപ്പിക്കുകയുണ്ടായി ഒരു എഗ്രിമെന്റ് വയ്ക്കണമായിരുന്നു എന്ന്, മാനേജ്മെന്റും ഇവരും തമ്മിൽ. ശ്രീ. ബാലൻ പറഞ്ഞ എഗ്രിമെന്റല്ല, ശ്രീ. ബാലൻ പറഞ്ഞ എഗ്രിമെന്റെല്ലാം ഈ നിയമവും ഇസ്ലാമിക് അക്കാഡമി കേസും ഒക്കെ വന്നതിനുശേഷം കർണ്ണാടക സ്റ്റേറ്റിലെ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റും സർക്കാരും തമ്മിലുള്ള എഗ്രിമെന്റ് രണ്ടു കൂട്ടരും കൂടി സമ്മതിച്ച് ഉണ്ടാക്കിയ എഗ്രിമെന്റാണ്. ഇവർ ആദ്യം പറഞ്ഞത് അതല്ല. ഇത് എൻ.ഒ.സി. കൊടുക്കുമ്പോൾ ഒരു എഗ്രിമെന്റ് ഉണ്ടാക്കണമായിരുന്നു. ആന്റണി സർക്കാർ ചെയ്തത് 50 രൂപ മുദ്രപത്രത്തിലെങ്കിലും ചെയ്യണം എന്നാണ്. അതിനൊന്നും ഒരു വിലയും ഉണ്ടാകില്ല. അതിനുശേഷമാണ് ഞാൻ ഈ പറഞ്ഞ ഇസ്ലാമി അക്കാഡമിക് കേസിന്റെ വിധി വന്നത്. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധി വന്നതിനുശേഷം ഇവിടെ ഞങ്ങൾ ഒരു കടലാസ് കഷണത്തിൽ ഒരു എഗ്രിമെന്റ് അവരിൽ നിന്ന് വാങ്ങിച്ചിരുന്നു എന്നുപറഞ്ഞാൽ വല്ല വിലയും ഉണ്ടോ? അതുമായിട്ട് ഒരു കോടതിയുടെ വരാന്തയിൽ കൂടി പോകാൻ പറ്റില്ലല്ലോ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമുക്കൊക്കെ സാമാന്യമായ നിയമ വിദ്യാഭ്യാസം വേണം, നമുക്കെല്ലാവർക്കും നല്ല കോഴ്സ് കിട്ടുന്ന നല്ല നിയമ പരിശീലനം കിട്ടുന്ന ഒരു സ്ഥാപനം കൂടിയായി ഇത് വളരട്ടെ, അത് കേരളത്തിൽ നല്ല ഒരു സ്ഥാപനമായി മാറാൻ വേണ്ടിയിട്ട് ഗവൺമെന്റിന്റെ ആവശ്യമായ നിയന്ത്രണങ്ങൾ ഗവൺമെന്റ് ആർക്കെങ്കിലും ഒരു സ്വാശ്രയ യൂണിവേഴ്സിറ്റി ഉണ്ടാക്കി ആരുടെയെങ്കിലും സ്വന്തം പ്രൈവറ്റ് ലിമിറ്റഡായി ഇത് വിട്ടുകൊടുക്കണമെന്നല്ല പറയുന്നത്. സംശയം വേണ്ട, ആ കാര്യത്തിൽ ആവശ്യമായ നിയന്ത്രണം ഉണ്ടാക്കാനുള്ള ഇച്ഛാശക്തിയുള്ള ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റ് അത് ചെയ്യും എന്നുള്ള പ്രതീക്ഷയിൽ ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ആളുകളും ഉറ്റുനോക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമ നിർമ്മാണം, ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

അനിവാര്യമായ ഒരു നിയമം എന്നുള്ള നിലയിൽ ഞാൻ ഈ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ രാജ്യത്ത് 8-ാമത്തെ യൂണിവേഴ്സിറ്റി എന്നാണ് ബഹുമാന്യനായ മന്ത്രി ഇവിടെ നിയമം അവതരിപ്പിച്ചു കൊണ്ട് പറഞ്ഞത്. ഇത്രയും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം നടക്കുമ്പോൾ ഈ നിയമം ഇത്ര ധൃതിവച്ച് പാസ്സാക്കുന്നതിനോടാണ് എനിക്ക് വിയോജിപ്പ്. ഇപ്പോൾ ഇവിടെ നടന്ന ചർച്ചയിൽ നിന്നുതന്നെ ഒരു കാര്യം വളരെ വ്യക്തമാണ്. ഈ നിയമത്തെ എല്ലാവരും സ്വാഗതം ചെയ്യുകയാണ് ചെയ്തത്. നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചാണ് അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ പ്രതിപാദിച്ചത്. 8-ാം വകുപ്പിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അങ്ങുതന്നെ ഇവിടെ സംശയം പ്രകടിപ്പിച്ച കാര്യം ഞാൻ ഓർക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കാര്യം ഓർക്കണം, കുറ്റമറ്റ നിയമമാക്കി മാറ്റേണ്ടതിനാൽ ഈ നിയമം വിശദമായ ഒരു ചർച്ചയ്ക്ക് മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ അങ്ങ് ഇവിടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയമാണ് അവതരിപ്പിച്ചത്. അങ്ങ് അവതരിപ്പിച്ച ആ പ്രമേയത്തിൽ ഉറച്ചു നിൽക്കരുത്. എന്റെ വിനീതമായ ഒരു അഭ്യർത്ഥന ഇത്രയും പ്രധാനപ്പെട്ട ഒരു നിയമം എന്നുള്ള നിലയിൽ ചുരുങ്ങിയ ഒരു സമയം വച്ചെങ്കിലും ഇത് ഒരു സെലക്ട് കമ്മിറ്റിക്ക് വിടണം. ഈ പ്രമേയം ഇവിടെ വന്നിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം എന്ന ഒരു പ്രമേയം അങ്ങ് അവതരിപ്പിച്ചു എന്നുള്ള പിടിവാശിയിൽ നിൽക്കരുത്. ഇത് രാജ്യത്തെ 8-ാമത്തെ ഒരു യൂണിവേഴ്സിറ്റിയായിട്ട് വരുന്നു എന്നുപറഞ്ഞു, ബാംഗ്ലൂരിലുള്ള നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ ഇവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് ഇവിടെ പറയുകയുണ്ടായി. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. നമുക്ക് ഇത് വളരെ മുമ്പേ വരേണ്ടതായിരുന്നു. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് അവരുടെ അവസാന കാലയളവിൽ ഒരു ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നു അവർക്ക് അത് നിയമമാക്കാൻ കഴിഞ്ഞില്ല. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലു വർഷം തികഞ്ഞു, നാലു വർഷം തികഞ്ഞ് അഞ്ചാം വർഷത്തിലേക്ക് കടന്ന സന്ദർഭത്തിൽ അങ്ങ് ഇതൊരു ഓർഡിനൻസായി കൊണ്ടുവന്നു. ഓർഡിനൻസായി അല്ലായിരുന്നു ഇത് കൊണ്ടുവരേണ്ടിയിരുന്നത് ഇത് സമയമെടുത്ത് നിയമസഭ സമ്മേളിക്കുന്ന അല്ലെങ്കിൽ നോട്ടീസ് വരുന്ന സമയത്ത് വളരെ ധൃതിവച്ച് ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ഈ നിയമം കൊണ്ടുവരാൻ അങ്ങ് കാണിച്ച ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇതൊരു ഓർഡിനൻസ് ആയി അല്ലായിരുന്നു വരേണ്ടിയിരുന്നത്. ഈ നിയമസഭയിൽ തന്നെ ചർച്ചചെയ്ത് പാസ്സാക്കേണ്ട ഒരു നിയമം ഓർഡിനൻസ് അല്ലാതെ തന്നെ നിയമസഭയിൽ അവതരിപ്പിക്കാനുള്ള ഒരു ആത്മാർത്ഥതയായിരുന്നു അങ്ങയുടെ ഭാഗത്തുനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകേണ്ടിയിരുന്നത്. അത് ഏതായാലും ഉണ്ടായില്ല. ഇപ്പോൾതന്നെ നമുക്കിനി മാറ്റങ്ങൾ വരുത്താം. ഈ നിയമത്തിൽ 47 വകുപ്പുകൾ ഉണ്ട്, ഓരോ വകുപ്പിലും ഇതിന്റെ ലക്ഷ്യങ്ങൾ വായിക്കുമ്പോൾ തന്നെ വളരെ പ്രധാനപ്പെട്ട ആ ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരുവാനുള്ള ഒരു നിയമനിർമ്മാണമാണ്. ഇവിടെ കൺസ്യൂമർ നിയമത്തെ സംബന്ധിച്ച് പ്രതിപാദിക്കുകയാണ്. ഉപഭോക്താക്കളായിട്ടുള്ള ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഇവിടെ നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, എത്രയോ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്, രാജ്യത്തുണ്ട്. പക്ഷെ ആ നിയമങ്ങൾ വ്യാഖ്യാനിക്കപ്പെടുമ്പോൾ സത്യത്തിൽ നിയമം നിർമ്മിച്ച നിയമ നിർമ്മാണ സഭയോ അത് ലക്ഷ്യമിട്ട ആ കാര്യങ്ങളോ ഒന്നുമല്ല ഇവിടെ യഥാർത്ഥത്തിൽ ജനങ്ങളിലേക്ക് വരുമ്പോൾ അനുഭവിക്കുന്നത്. വ്യാഖ്യാനിക്കുന്ന ആളുകൾ അത് തെറ്റായി വ്യാഖ്യാനിക്കുന്നു. ഏതായാലും എനിക്ക് ഏറെ സന്തോഷം തോന്നിയത് ഇവിടെ നമ്മുടെ ജഡ്ജിമാർ ഉൾപ്പെടെയുള്ള ആളുകൾക്ക് റിഫ്രഷർ കോഴ്സുകൾ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ സർവ്വകലാശാലയിൽ അതിനുള്ള സൗകര്യം ഉണ്ടാകും എന്ന് പറയുകയുണ്ടായി. അത് അനിവാര്യമായ ഒരു കാര്യമാണ്, നമ്മുടെ ജഡ്ജിമാർ ഉൾപ്പെടെയുള്ള ആളുകൾ നിയമത്തെ വ്യാഖ്യാനിക്കുമ്പോൾ വളരെയധികം തെറ്റായി വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നുണ്ട് എന്നുള്ളത് ഒരു പരമാർത്ഥമാണ്. അതുമൂലം നമ്മുടെ സമൂഹം നേരിടുന്ന ബുദ്ധിമുട്ടുകളും വളരെ വലുതാണ്. അഭിഭാഷകനായ അങ്ങേയ്ക്കറിയാമല്ലോ. നമ്മുടെ നിയമ നിർമ്മാണ സഭകൾ പാസ്സാക്കുന്ന നിയമങ്ങൾ ആ അർത്ഥത്തിലാണോ പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്നത്. അങ്ങനെയല്ല എന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെയുള്ള വസ്തുത കൂടി നിലനിൽക്കുന്ന സാഹചര്യത്തിൽ അതിനെല്ലാം മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ട് ഒരു പുതിയ സർവ്വകലാശാല സ്ഥാപിക്കുവാൻ വേണ്ടിയുള്ള നിയമനിർമ്മാണം നടക്കുമ്പോൾ വളരെ ഗൗരവമായി നാം ഇതിനെ കാണേണ്ടതായിട്ടുണ്ട്. ഇതിന്റെ ജനറൽ കൗൺസിലിനെക്കുറിച്ച് 12-ാം വകുപ്പിൽ പറയുന്നുണ്ട്, അതുപോലെ എക്സിക്യൂട്ടീവ് കൗൺസിലിനെക്കുറിച്ച് 16-ാം വകുപ്പിൽ പറയുന്നുണ്ട്. 8-ാം വകുപ്പിൽത്തന്നെ സർവകലാശാലയുടെ ചാൻസലർ, നമ്മുടെ കേരളത്തിൽ ഇന്ന് നിലവിലുള്ള സർവകലാശാലകളുടെയെല്ലാം തന്നെ ചാൻസലറായി പ്രവർത്തിക്കുന്നത് ഗവർണ്ണറാണ്. അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ സർവകലാശാലയുടെ ചാൻസലർ കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് അദ്ദേഹത്തിന്റെ സമ്മതത്തിന് വിധേയമായി സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണെന്ന് പറയുന്നുണ്ട്. ഇവിടെ ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ച കാര്യം വളരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ടതല്ലേ. ഏതൊരു നിയമത്തിലും ആ നിയമവുമായി ബന്ധപ്പെട്ട കേസുകൾ ഉണ്ടാകണം. ആ കേസുകൾ അവസാനമായി ചെല്ലുന്നത് ആരുടെ അടുത്താണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അടുത്താണ്. അപ്പോൾ നമുക്ക് അത് ആലോചിക്കേണ്ടേ, ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസുപോലും സത്യപ്രതിജ്ഞ ചെയ്യുന്നത് ആരുടെ മുൻപിലാണ്. ഗവർണറുടെ മുമ്പിലാണ്. അപ്പോൾ നമ്മുടെ ഗവർണർ ചാൻസലറായി മറ്റുള്ള സർവകലാശാലകളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുമ്പോൾ എന്തുകൊണ്ട് നമുക്ക് ഗവർണ്ണറെ വച്ചാൽ പോരാ? നമുക്ക് ഈ സർവകലാശാലയ്ക്കും ചാൻസലറായി ചീഫ് ജസ്റ്റിസിനെക്കൊണ്ടുവന്നാലുള്ള അപകടത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കും അത് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നാണ് എനിക്കു തോന്നുന്നത്, ഇക്കാര്യം ഗൗരവമായി ആലോചിക്കണം. വാശി ആരുടേതോ ആകട്ടെ. ആ വാശിക്കൊന്നും നിൽക്കുന്ന ആളല്ല ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രിയെന്ന് എനിക്ക് അറിയാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. തീർച്ചയായും അങ്ങ് അത് ആലോചിക്കണം. നമുക്ക് അത് മാറ്റണം. അതുപോലെതന്നെ 12-ാം വകുപ്പിലെ ജനറൽ കൗൺസിലിൽ ഇപ്പോൾ അങ്ങയുടെ വിശാലകൊച്ചി പ്രദേശത്തെ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാസാമാജികർ— ഞാൻ സങ്കുചിതമായിട്ടൊന്നും പറയുകയല്ല. ഇപ്പോൾ കൊച്ചി ആയിരിക്കും ആസ്ഥാനമെന്ന് പറഞ്ഞിട്ടുണ്ട്. സർ, എറണാകുളം ജില്ലയിൽ 12 നിയോജകമണ്ഡലങ്ങളുണ്ട്. വിശാലകൊച്ചിയുടെ അതിർത്തിയിലാണ് 12 നിയോജകമണ്ഡലങ്ങൾ, അവിടെ രണ്ടുപേരെ, ഇന്നത്തെ എം.എൽ.എ.മാർ ആയിരിക്കുകയില്ല, നാളത്തെ എം.എൽ.എ. മാർ. അവിടെ ആ ജില്ലയിൽ ഒഴിവാക്കപ്പെട്ടുപോകുന്നു. കോതമംഗലവും, മൂവാറ്റുപുഴയും, ഞാൻ മൂവാറ്റുപുഴയിലെ എം.എൽ.എ. ആയതുകൊണ്ട് പറയുകയല്ല. നമ്മൾ അത്രയും ഇടുങ്ങിയ ഒരു ചിന്താഗതിയിലേക്ക് പോകണമോ? വിശാലകൊച്ചിയുടെ ഒരു യൂണിവേഴ്സിറ്റിയാണോ ഇത്? അല്ലല്ലോ.

ശ്രീ. സാജുപോൾ: സർ, ഈ വിശാലകൊച്ചിയുടെ ഒരു സർവകലാശാല യെന്നുള്ള വിഷയം പറയുമ്പോൾ തന്നെ ഇപ്പോൾ എറണാകുളത്തിന്റെ പൊതുസ്ഥിതി ദീർഘകാലാടിസ്ഥാനത്തിൽ കുറേക്കൂടി ചിന്തിച്ചിരുന്നുവെങ്കിൽ ഈ ഹൈക്കോടതിപോലും അവിടത്തെ ജഡ്ജിമാരുടേയും അഭിഭാഷകരുടേയും താൽപ്പര്യങ്ങൾ വച്ചുകൊണ്ടാണ് എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് മറൈൻ ഡ്രൈവിന്റെ ഓരത്തായി ഹൈക്കോടതി കെട്ടിട സമുച്ചയം പണിതുയർത്തിയിട്ടുള്ളത്. അങ്ങനെ ഏറ്റവും വലിയ വാഹനത്തിരക്കും ഗതാഗതകുരുക്കും അനുഭവപ്പെടുന്ന എറണാകുളം പട്ടണത്തിലല്ല മറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ ആയിരിക്കും ഇതിന്റെ ആസ്ഥാനത്തിന് അനുയോജ്യമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ അതിലേക്കാണ് വരുന്നത്. എറണാകുളത്തെ കൊച്ചി നഗരത്തിലെ തിരക്ക് എല്ലാപേർക്കും അറിയാം. കൊച്ചി നഗരമായിരിക്കണം ഈ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനമെന്ന് പറഞ്ഞപ്പോൾതന്നെ ഇപ്പോഴേതന്നെ തിരക്ക് അനുഭവപ്പെടുന്ന ആ കൊച്ചി നഗരത്തിൽ ഇനിയും ഈ സർവകലാശാലയുടെ ആസ്ഥാനം കൂടി കൊണ്ടുവച്ച് വീണ്ടും ഇതിലും വലിയ തിരക്ക് ഉണ്ടാക്കണമോ? എനിക്ക് സൂചിപ്പിക്കാനുള്ളതു ഹൈക്കോടതിയുമായി അടുത്ത പ്രദേശം വേണം. ഞാൻ അംഗീകരിക്കുന്നു.

മി. സ്പീക്കർ: ബോംബെ—പൂന പോലെ തൃശ്ശൂർ, എറണാകുളം ആകാം.

ശ്രീ. ജോണി നെല്ലൂർ: ഞാൻ പറയുന്നത് അതിന് ഏറ്റവും അനുയോജ്യമായ സ്ഥലം ഈ ജില്ലയുടെ കിഴക്കൻ പ്രദേശമായ മൂവാറ്റുപുഴയാണ്. സംശയമൊന്നും വേണ്ട. ഇവിടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിക്ക് ഒരുപക്ഷെ അറിയാമായിരിക്കും, മൂവാറ്റുപുഴയിൽ ഇതുപോലെ തന്നെ ഒരു ലാ യൂണിവേഴ്സിറ്റി ആരംഭിക്കണമെന്നുള്ള അപേക്ഷ, എം.പി. മൻമഥന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻവേണ്ടി, അദ്ദേഹത്തിന്റെ പേരിൽ രൂപീകൃതമായിരിക്കുന്ന ഒരു ട്രസ്റ്റ്, ഒരു ലാ—യൂണിവേഴ്സിറ്റി ആരംഭിക്കാനുള്ള അനുമതിക്കുവേണ്ടി ഗവൺമെന്റിനെ സമീപിച്ചു. ആ ആവശ്യം ഗവൺമെന്റിന്റെ മുമ്പാകെയുണ്ട് അതുകൂടി ബന്ധപ്പെടുത്തി ഒരു പുതിയ സർവകലാശാല ആരംഭിക്കുന്ന ഈ സന്ദർഭത്തിൽ മൻമഥൻ സർ ആരായിരുന്നു എന്ന് അങ്ങേയ്ക്കറിയാമല്ലോ? ഈ കേരളം മുഴുവൻ ബഹുമാനിക്കുന്ന ഒരു വ്യക്തിയായിരുന്നു. മൻമഥൻ സാറിനെപോലുള്ള വലിയ വ്യക്തിയുടെ സ്മരണ നിലനിർത്താൻകൂടി ഒരു പുതിയ യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ ഇവിടെ ഒരു അപേക്ഷ ഗവൺമെന്റിന്റെ മുമ്പാകെ ഉള്ളതുകൊണ്ടു ഞാൻ പറയട്ടെ, മൻമഥൻ സാറിന്റെ സ്മരണയോടുള്ള ആദരവ് പ്രകടിപ്പിച്ചുകൊണ്ട് ഈ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം മൂവാറ്റുപുഴയിൽ ആകണമെന്ന് കൂടി പറയുകയാണ്. അതുപോലെ ഈ വിശാലകൊച്ചിയെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാരെന്നുള്ളതു മാറ്റണം. അത് കുറേക്കൂടി വിശാലമായിട്ട് നമുക്ക് കാണണം. സങ്കുചിതമാകാൻ പാടില്ല. ഇനി ജില്ലയിലെ എം.എൽ.എ.മാർ എന്നെങ്കിലും ആക്കി അതു മാറ്റണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കുറച്ചുകൂടി വിശാലമാകണ്ടേ?

ശ്രീ. ജോണി നെല്ലൂർ: വിശാലമാക്കണം. ഇനി അത് പറ്റില്ലായെങ്കിൽ എറണാകുളം ജില്ലയിലെ മുഴുവൻ എം.എൽ.എ.മാർ എന്നെങ്കിലും ആക്കണം. തൃശ്ശൂർ കൂടി ആക്കിയാൽ നല്ലതാണ്. അതാണ് ഞാൻ പറഞ്ഞത് വിശാലമായ ഒരു കാഴ്ചപ്പാട് ഉണ്ടാകണം. ഇപ്പോൾ അഭിഭാഷകരെന്നുപറഞ്ഞാൽ ധാരാളമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ, നിയമബിരുദധാരികൾ ധാരാളമുള്ള നമ്മുടെ സംസ്ഥാനത്ത് ഈ നിയമസഭയിൽ തന്നെ നിയമ ബിരുദധാരികൾ എത്രയോ പേരുണ്ട്,—ഇവരൊക്കെ പ്രാക്ടീസ് ചെയ്യാൻ പോകുന്നവരല്ലല്ലോ. നിയമബിരുദം ഉള്ളതുകൊണ്ട്മാത്രം നിയമം കൈകാര്യം ചെയ്യാൻ അറിയാവുന്നവരാകണമെന്നില്ല. അങ്ങനെയുള്ള ആളുകൾക്കുപോലും പരിശീലനം കൊടുക്കാൻ ഈ നിയമത്തിൽ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നു. അതുപോലെതന്നെ 12-ാം വകുപ്പിനെക്കുറിച്ച് ഞാൻ പറയാം. ഓരോ വകുപ്പിനെപ്പറ്റിയും ഇവിടെ പറയാനുള്ള സമയക്കുറവുകൊണ്ടാണ് പറയാത്തത്. ഈ നിയമം നമുക്ക് ചുരുങ്ങിയ ഒരു കാലയളവിലെങ്കിലും കഴിയുമെങ്കിൽ സെലക്ട് കമ്മിറ്റി അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റി സാധാരണ ഈ ദോശ ചുടുന്ന മാതിരി ഇന്ന് വൈകുന്നേരം ഒരു സബ്ജക്ട് കമ്മിറ്റിയോഗം ചേർന്ന് നാളെ ഇങ്ങോട്ടുവരുന്ന ഈ ഏർപ്പാട് മാറ്റിവച്ച് സബ്ജക്ട് കമ്മിറ്റി ആകണമെങ്കിൽ അങ്ങനെയാകട്ടെ, സെലക്ട് കമ്മിറ്റിക്ക് കഴിയുന്നില്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ദിവസങ്ങളെടുത്ത് ഒരു പഠനത്തിന് വിധേയമാക്കി പറ്റുമെങ്കിൽ ഇപ്പോൾ നമ്മൾ അനുകരിക്കാൻ പോകുന്നത് അല്ലെങ്കിൽ നമ്മൾ ബിൽ ഉണ്ടാക്കിയപ്പോൾ ബാംഗ്ളൂരിലെ സ്കൂൾ ആണല്ലോ എടുത്തിരിക്കുന്നത്. അവിടെയൊക്കെ പോയി സബ്ജക്ട് കമ്മിറ്റി വിശദമായ ഒരു പഠനം നടത്തിയശേഷം,..... ഞാൻ ആ കമ്മിറ്റിയിൽ അല്ല ബാബു. അതുകൊണ്ട് തീർച്ചയായും അങ്ങനെ ചെയ്യണം. എന്നാൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത് മൂന്നാമത്തെ വകുപ്പിൽ, മൂന്നാം വകുപ്പിന്റെ 6-ാം ഖണ്ഡികയിൽ പറയുന്നത് എന്താണ്? എനിക്ക് സന്തോഷം തോന്നി. ഇൻഡ്യയുടെ മറ്റ് ഭാഗങ്ങളിലും വിദേശത്തും പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ വ്യവസ്ഥയുണ്ട്. നല്ല ഒരു കാര്യമാണ്. കേരളത്തിലാണ് നമ്മുടെ യൂണിവേഴ്സിറ്റിയുടെ ഒരു ആസ്ഥാനമെങ്കിലും ഇൻഡ്യയുടെ മറ്റു സംസ്ഥാനങ്ങളിലും അതുപോലെ വിദേശത്തുപോലും പഠനകേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിൽ ഉണ്ട്. നല്ല കാര്യമാണ്. ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നതോടൊപ്പം തന്നെ ഇവിടെ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തെക്കുറിച്ച് ഇപ്പോൾ പ്രൊ-വൈസ്ചാൻസലർ എന്നുള്ള നിലയിൽ വിദ്യാഭ്യാസമന്ത്രിയുടെ അധികാരങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അത് കുറച്ചുകൂടി ക്ലാരിഫൈ ചെയ്യണം. നമ്മുടെ കാർഷികസർവകലാശാലയെക്കുറിച്ച് അൽപ്പം

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് ശ്രീ. രാജേന്ദ്രൻ പറഞ്ഞു, ഗവൺമെന്റിന്റെ പണം മുടക്കുന്ന യൂണിവേഴ്സിറ്റിയാണെങ്കിൽപോലും അവിടെ ഗവൺമെന്റിന്റെ നിയന്ത്രണം ഇല്ലാത്ത കാര്യത്തെക്കുറിച്ച് അങ്ങും ഞാനുമൊക്കെ നിയമസഭയിൽ വേദനയോടുകൂടി സംസാരിച്ചിട്ടുണ്ട്. അങ്ങനെയാണല്ലോ നിയമ ഭേദഗതിയൊക്കെ വന്നത്. കാർഷിക സർവകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വളരെ വർഷമായി അംഗമായിരുന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ അന്ന് ഈ കാര്യങ്ങളൊക്കെ ചെയ്തപ്പോൾ അങ്ങും ഞാനുമൊക്കെ ആശയം പങ്കിട്ട കാര്യങ്ങൾ ഞാൻ ഓർക്കുന്നു. അതുകൊണ്ട് ആ ഒരു ഗതികേട് ഉണ്ടാകാൻ പാടില്ല. സ്വാശ്രയമേഖലയിൽ ആണെങ്കിൽപോലും സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കുന്ന ഒരു സർവകലാശാലയെന്ന നിലയിൽ ഗവൺമെന്റിന് ആ നിയന്ത്രണം ഉണ്ടാകണം. ഫീസ് ഏർപ്പെടുത്തുന്ന കാര്യത്തിൽ ഫീസ് പിരിക്കുന്ന കാര്യത്തിലൊക്കെ തീർച്ചയായും അതല്ലെങ്കിൽ അവിടെ പ്രവേശനം കൊടുക്കുന്ന കുട്ടികളുടെ കാര്യത്തിലൊക്കെ ഗവൺമെന്റിന് അതിന്റേതായ നിയന്ത്രണം ഉണ്ടാക്കാൻ കഴിയണം. ഇപ്പോൾ ഇതിനകത്ത് കുറേ കാര്യങ്ങൾ പറയുന്നുണ്ട്. ഓരോന്നും എടുത്തുപറയുന്നില്ല. ആ കാര്യത്തിലൊക്കെ വളരെ ഗൗരവമായി ചർച്ചയുണ്ടാകണം. ഒരു പാളിച്ച പറ്റിയത് നമുക്കൊക്കെ അറിയാമല്ലോ, ഇപ്പോൾ സ്വാശ്രയ കോളേജുകളുടെ ഫീസുമായി ബന്ധപ്പെട്ടുണ്ടായ പാളിച്ച നമ്മുടെ സംസ്ഥാനത്തുണ്ടാക്കിയ അന്തരീക്ഷം എത്ര മാത്രം വലുതാണ്. വിദ്യാർത്ഥികളെ സമരത്തിലേക്ക് തള്ളിവിട്ടതുമൊക്കെ അറിയാം. അതുണ്ടാകാതിരിക്കാനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ ഉണ്ടാകണം. അതുകൊണ്ടാണ് ഇത് കുറ്റമറ്റ ഒരു നിയമം ആക്കണമെന്നുള്ള നല്ല ഉദ്ദേശത്തോടുകൂടി ഒരിക്കൽക്കൂടി പറയുന്നു. ആദരണീയനായ മന്ത്രി തീർച്ചയായും ഈ കാര്യത്തിൽ പിടിവാശിയൊക്കെ ഉപേക്ഷിക്കണം. ഇത് കഴിയുമെങ്കിൽ സെലക്ട് കമ്മിറ്റിക്ക് തന്നെ അയയ്ക്കണം. അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് വിശദമായ ഒരു പഠനം നടത്തി ഈ നിയമംകൊണ്ടുവരാനുള്ള ഒരു സൻമനസ് വിദ്യാഭ്യാസമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ബി. എ. സി. ചർച്ചയിൽ സി. എം. അവിടെ വന്ന് പറഞ്ഞത് ഭരണകക്ഷിയിലുള്ള ആളുകൾ സംസാരിക്കുന്നില്ല, പ്രതിപക്ഷ അംഗങ്ങൾ സംസാരിക്കട്ടെ എന്നാണ് ഞങ്ങൾക്ക് സമയം വേണമെന്ന് പറഞ്ഞപ്പോൾ പറഞ്ഞത്. .....(ബഹളം).....ശ്രീ. കെ. ബാബു മാത്രമല്ല, ഇത് സംബന്ധിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ എല്ലാം സംസാരിക്കേണ്ടതാണ്. ഈ ബിൽ ബി.എ.സി.-യിൽ വന്നപ്പോൾ ഞാൻ പറഞ്ഞു, ലീഗൽ യൂണിവേഴ്സിറ്റി എന്ന് പറഞ്ഞുകൊണ്ടുവന്നാൽ ബിൽ, ഒരു ഫുൾ ബിൽ..... ഇതിനെക്കുറിച്ച് അങ്ങ് കേട്ടുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്തുള്ള കണ്ടന്റ്സ് എന്താണെന്ന് അങ്ങേയ്ക്ക് അറിയാം. യഥാർത്ഥത്തിൽ ഈ സഭയിൽ ഇതിന്റെ ഉള്ളടക്കത്തെക്കുറിച്ച് പറയാൻ കഴിയുന്ന ഒട്ടേറെ അംഗങ്ങൾ ഉണ്ട്. ആർക്കെങ്കിലും ശരിയായ രൂപത്തിൽ എക്സ്പ്രസ് ചെയ്യുന്നതിന് കഴിയുന്നുണ്ടോ.... പറയേണ്ട കാര്യങ്ങൾ സഭയിൽ ഇരിക്കേ ആരെങ്കിലുമൊക്കെ പറഞ്ഞു എന്ന് പിന്നീട് രേഖകൾ എടുത്ത് നോക്കുന്ന ആളുകൾക്ക് മനസ്സിലാകും. ഇതൊരു ശരിയായ കീഴ്വഴക്കവും നടപടിക്രമവും അല്ല.

ശ്രീ. എം. വി. ജയരാജൻ: സർ, എപ്പോഴും എഴുന്നേറ്റ് നിന്ന് ശല്യം ചെയ്യുന്ന ഒരാളെന്ന തോന്നൽ വേണ്ട എന്നുള്ളതുകൊണ്ടാണ്. ഇതുപോലെ സുപ്രധാനമായ ഒരു ബിൽ അത് സമയം എടുത്ത് ഭരണ പ്രതിപക്ഷഭേദമില്ലാതെ ചർച്ച ചെയ്യണം. ഒരു പുതിയ സർവ്വകലാശാല വരുന്നതാണ്. അത് കഴിയുന്നതും കൂടുതൽ ആളുകൾക്ക് സമയം കൊടുത്ത് അവരുടെ എല്ലാം കോൺട്രിബ്യൂഷൻ സഭയുടെ ഭാഗമാക്കി മാറ്റി ഗവണ്മെന്റിനെ നിയമനിർമ്മാണത്തിൽ ഫലപ്രദമായി സഹായിക്കുന്ന വിധത്തിൽ മാറണം. മറ്റ് രണ്ടു ബില്ലുകളുടെ കാര്യത്തിലും തർക്കമില്ല. ഇത് ഒരു പുതിയ സർവ്വകലാശാല നമ്മുടെ സംസ്ഥാനത്ത് വരുന്നതാണ്. അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്യാനുള്ള അവകാശവും അവസരവും ഉണ്ടാകണം എന്നതാണ് ഞങ്ങളുടെ ആളുകളുടെ അഭിപ്രായം. ഇനി എന്തു വേണമെങ്കിലും ഗവണ്മെന്റിന് തീരുമാനിക്കാം.

മി. സ്പീക്കർ: ഇതിനെപ്പറ്റി നമ്മൾ ബി.എ.സി.-യിൽ ധാരാളം ചർച്ച ചെയ്തു. എല്ലാപേരുംകൂടി പ്രാക്ടിക്കലായിട്ടുള്ള സമീപനം എടുത്തു. ഒരു ഫുൾ ഡേ ക്ലാസ് ബൈ ക്ലാസ് വരുമ്പോൾ കൊടുക്കാൻ തീരുമാനിച്ചു. എല്ലാപേർക്കും നിയമനിർമ്മാണത്തിന് സംസാരിക്കാൻ പറ്റില്ലല്ലോ എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നമ്മൾ ആ ധാരണയുടെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റ് ചെയ്തു. അതല്ലേ ചെയ്യാൻ ഒക്കൂ.

ശ്രീ. കെ. ബാബു: സർ, ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ കൊച്ചിയിൽ ഒരു സ്വാശ്രയ സർവ്വകലാശാല സ്ഥാപിക്കാനുള്ള ഈ നിയമനിർമ്മാണം തീർച്ചയായിട്ടും സ്വാഗതാർഹമാണ്. ഇതിന്റെ ആസ്ഥാനത്തെക്കുറിച്ച് ഒരു തർക്കത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. കേരള ഗവണ്മെന്റ് ഇപ്പോൾ തന്നെ കളമശ്ശേരിയിൽ കിൻഫ്രയുടെ 10 ഏക്കർ സ്ഥലം ഇത് തുടങ്ങുന്നതിന് കൊടുത്തു കഴിഞ്ഞു. അവിടെയാണ് ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ പോകുന്നത്. അതുകൊണ്ട് ഇതിന്റെ ആസ്ഥാനത്തെക്കുറിച്ച് ഒരു തർക്കം ഉദിക്കുന്നില്ല. അത് നിരർത്ഥകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ സംബന്ധിച്ചിടത്തോളം കൺവെൻഷണലായിട്ടുള്ള നിയമ പഠനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗതമായ സിലബസാണ് ഇപ്പോഴും കേരളത്തിൽ നിലനിൽക്കുന്നത്. വിഷയങ്ങളുടെ അരസികത കാരണം നിയമവിദ്യാഭ്യാസത്തിന്റെ പുതുമ പുതിയ തലമുറയ്ക്ക് വളരെയേറെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. മറ്റു പല മേഖലകളിലും അഡ്മിഷൻ കിട്ടാതെ വരുന്ന ഭൂരിപക്ഷം പേരും ഈ രംഗത്തേയ്ക്ക് വരുന്നു. എൻട്രൻസ് എഴുതി വരുന്നവർ ആദ്യം മെഡിസിന് നോക്കും, പിന്നെ എഞ്ചിനീയറിംഗ് നോക്കും. പല മേഖലകളിലും തപ്പിത്തടഞ്ഞതിനുശേഷമാണ് ഇതിലേക്ക് വരുന്നത്. അതുകൊണ്ട് കുറേക്കൂടി ആധുനികമായ സിലബസ് ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സൗകര്യം നിയമവിദ്യാഭ്യാസത്തിൽ ആവശ്യമാണ്. അതിനെ ലക്ഷ്യമാക്കിക്കൊണ്ടാണ് ഗവണ്മെന്റ് ഈ നിയമ യൂണിവേഴ്സിറ്റി തുടങ്ങാനുള്ള തീരുമാനം എടുത്തത്.

ഇത് സ്വാശ്രയമാണെന്നുള്ള ആക്ഷേപം പറയുകയുണ്ടായി. മറ്റു സ്വാശ്രയ സ്ഥാപനങ്ങളെപ്പോലെ ഇതൊരു സ്വകാര്യ സ്വാശ്രയ സ്ഥാപനമല്ല. ഇത് സ്പോൺസർ ചെയ്യുന്നത് ബാർ കൗൺസിലാണ്. അതുകൊണ്ടുതന്നെ സ്വകാര്യ സ്ഥാപനമെന്നുള്ള തർക്കത്തിന്റെ ആവശ്യമില്ല. കേരളത്തിലെ എല്ലാ വിഭാഗത്തിലുംപ്പെട്ട വക്കീലൻമാർ ഉൾപ്പെട്ട ബാർ കൗൺസിലാണ് സ്പോൺസർ ചെയ്യുന്നത്. ഇപ്പോൾത്തന്നെ "നിയാൽസ്" എന്നു പറയുന്ന സ്ഥാപനം കൊച്ചിയിൽ പ്രവർത്തിക്കുന്നുണ്ട്. ബാർ കൗൺസിൽ സ്പോൺസർ ചെയ്യുന്ന "നിയാൽസ്" തന്നെയാണ് സർവ്വകലാശാലയായി മാറാൻ പോകുന്നത്. അതുപോലെതന്നെ വളരെ മിടുക്കരായ കുട്ടികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിനുവേണ്ടി, അവരെ പ്രോൽസാഹിപ്പിക്കാൻ സഹായം ചെയ്യുന്നുണ്ട്. കാരണം, മികച്ച വിദ്യാർത്ഥികൾ പല കോർപ്പറേറ്റ് മാനേജുമെന്റുകളിലും പോയി വലിയ ശമ്പളത്തിൽ ജോലി ചെയ്യുന്ന ഒരു കാലഘട്ടമാണിത്. വളരെ നല്ല നിലയിൽ പഠിച്ചു പാസ്സാകുന്ന കുട്ടികൾക്ക് പ്രാക്ടീസ് നൽകുന്നതിനും പ്രോൽസാഹനം നൽകുന്നതിനുംവേണ്ടി "നിയാൽസ്" സഹായം നൽകുന്നുണ്ട്. സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. "നിയാൽസ്" ഒരു പുതിയ യൂണിവേഴ്സിറ്റിയായി മാറാൻ പോകുകയാണ്. കഴിഞ്ഞ പ്രാവശ്യത്തെ അവിടത്തെ എൻട്രൻസ് എക്സാമിനേഷൻസിന്റെ ചുമതല ഏറ്റെടുത്തത് എൽ.ബി.എസ്. ആയിരുന്നു. ഈ പുതിയ യൂണിവേഴ്സിറ്റിയിൽ മറ്റു സ്ഥാപനങ്ങളിൽ ഉള്ളതുപോലെ എസ്.സി/എസ്.ടി. റിസർവേഷൻ ഉണ്ട്. 100 ശതമാനവും മെരിറ്റാണ്. ഇത് സ്വാശ്രയ യൂണിവേഴ്സിറ്റി ആണെങ്കിലും ഇവിടത്തെ അഡ്മിഷൻ 100 ശതമാനവും മെരിറ്റിലാണ്. സംവരണം 100 ശതമാനവും പാലിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, സൈബർ ലാ, ഐ.ടി. നിയമങ്ങൾ ഇതൊന്നും കേരളത്തിൽ ഇന്ന് പഠിപ്പിക്കാൻ സിലബസിലില്ല. ആധുനിക

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ പുതിയ മേഖലകൾ ധാരാളം ഉണ്ടാകുന്നുണ്ട്. ആ മേഖലകളെ സ്പർശിക്കുന്ന നിയമപഠനത്തിനുള്ള സാദ്ധ്യത കേരളത്തിലില്ല. സൈബർ കുറ്റങ്ങൾ വർദ്ധിച്ചു വരികയാണ്. ഈ സിലബസ് ബാംഗ്ലൂരിലുണ്ട്, കൽക്കട്ടയിലുണ്ട്. മറ്റു സ്ഥലങ്ങളിലുണ്ട് മറ്റൊന്ന് ഇന്റലക്ചൽ പ്രോപ്പർട്ടി ലായാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള മിക്കവാറും കോളേജുകളിലുള്ള സിലബസ് അത് കവർ ചെയ്യുന്നില്ല. ഇവിടെ അതിനുള്ള സംവിധാനമില്ല. കോപ്പി റൈറ്റ് ആക്ടിന് അതിനകത്ത് സംവിധാനമില്ല. പരിസ്ഥിതി നിയമത്തെക്കുറിച്ച് പഠിപ്പിക്കാനുള്ള സംവിധാനമില്ല. അതുപോലെ മീഡിയാ നിയമങ്ങൾ, പ്രിന്റ് മീഡിയ, വിഷ്വൽ മീഡിയ അതൊന്നും കവർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പഠനസൗകര്യങ്ങൾ ഇന്നില്ല. കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ പഠിപ്പിക്കാനുള്ള സംവിധാനമില്ല. ആ കുറവുകൾ നികത്താനാണ് ഈ യൂണിവേഴ്സിറ്റി ഗവണ്മെന്റ് കൊണ്ടുവരുന്നത്.

സ്വാശ്രയ മേഖലയിലായാലും മറ്റു സ്വാശ്രയ കോളേജുകൾപോലെ ഇതൊരു സ്വകാര്യ സ്ഥാപനം അല്ല. ബാർ കൗൺസിലാണ് ഇത് സ്പോൺസർ ചെയ്യുന്നത്. ഗവണ്മെന്റ് എന്തുകൊണ്ടാണ് ഇത് തുടങ്ങാത്തതെന്ന് ചോദിക്കുകയുണ്ടായി. എന്തുകൊണ്ട് മാറിമാറി വന്ന ഗവണ്മെന്റുകൾക്ക് ഇങ്ങനെയൊരു യൂണിവേഴ്സിറ്റി ഇവിടെ തുടങ്ങാൻ ഇതുവരെ സാധിക്കാതെ പോയി എന്നതുതന്നെയാണ് ഉത്തരം. സ്വാശ്രയ മേഖലയിൽ എന്തുകൊണ്ട് ആരംഭിക്കാൻ പോകുന്നു എന്നത് സ്വാതന്ത്ര്യം കിട്ടി അര നൂറ്റാണ്ട് പിന്നിട്ടിട്ടും നമുക്കൊരു ലാ യൂണിവേഴ്സിറ്റി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഗവണ്മെന്റിന് പണമില്ല. നിങ്ങളുടെ ആത്മാർത്ഥതക്കുറവാണെന്ന് പറയുന്നില്ല. എൽ.ഡി.എഫ്.-നും തുടങ്ങാൻ പണമില്ല. അതുകൊണ്ടാണ് ഇപ്പോൾ ഈ സംവിധാനത്തിലൂടെ തുടങ്ങുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചത്. നേരത്തെ ഇവിടെ ശ്രീ. മത്തായി ചാക്കോ സംസാരിച്ചപ്പോൾ ഞാൻ ആ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അഡ്വക്കേറ്റ് കെ. കെ. വേണുഗോപാൽ കേരള ഗവൺമെന്റിന് ആ കാലഘട്ടത്തിൽ മൂന്ന് കോടി രൂപ കൊടുത്തു. ചെക്ക് കൊടുത്തതാണ്. പക്ഷേ തുടങ്ങാൻ നിങ്ങൾ സമ്മതിച്ചില്ല. ബഹുമാന്യനായ കെ.പി.പി. നമ്പ്യാർ 2001 ഫെബ്രുവരി 25-ാം തീയതി ഒരു പ്രസ് റിലീസ് ഇറക്കി. അതിനകത്തെ അവസാനത്തെ പാരഗ്രാഫ് എന്താണെന്നറിയാമോ? നിങ്ങൾ കേരളത്തിന് നഷ്ടപ്പെടുത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചാണ്. ആ വാചകം ഞാൻ വായിക്കാം. അദ്ദേഹം എഴുതിയിരിക്കുന്നത്, An Academy of international standard which Shri K. K. Venugopal, Supreme Court Senior Advocate and a distinguished son of Kerala wanted to start in memory of his father Shri M. K. Nambiar, bar at law, the man who defended A.K.G. in Supreme Court in 1951 and got him released and John Hopkins Medical Centre at Munnar which had to be shifted to Hyderabad. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

തത്വപരവും അനാവശ്യവുമായ പിടിവാശിമൂലം കേരളത്തിന് നഷ്ടപ്പെട്ടതാണ് ഈ രണ്ട് സ്ഥാപനങ്ങൾ. ജോൺ ഹോപ്ക്കിൻസ് ആശുപത്രിയുടെ ഒരു കേന്ദ്രം മൂന്നാറിൽ തുടങ്ങാൻ നമുക്ക് സാധിച്ചില്ല. പക്ഷേ നമ്മുടെ കേരളത്തിലെ.....

ശ്രീ. ടി. കെ. ദേവകുമാർ: ഈ യൂണിവേഴ്സിറ്റിയെക്കുറിച്ച് അങ്ങേയ്ക്ക് മുൻ ധാരണയുണ്ടോ? കേരളത്തിന് നഷ്ടമായ അന്തർദേശീയ പ്രശസ്തിയുള്ള അതിപാവനമായ ആ സ്ഥാപനത്തെക്കുറിച്ചാണല്ലോ അങ്ങ് പറഞ്ഞത്. തിരുവനന്തപുരം ആർ.സി.സി.യിൽ ഇംഗ്ലീഷ് അറിയാത്ത പാവപ്പെട്ടവരിൽ നിന്ന് ഫോറത്തിൽ ഒപ്പിട്ട് വാങ്ങി വിദേശരാജ്യത്തിന് വേണ്ടി കെമിക്കൽ കുത്തിവച്ച് മനുഷ്യന്റെ ടിഷ്യൂ നിയമ വിരുദ്ധമായി ഇൻഡ്യയിൽ നിന്ന് കടത്തികൊണ്ട് പോവുകയും അതിന് ഈ യൂണി വേഴ്സിറ്റിയെ അമേരിക്കൻ ഗവൺമെന്റ് ബാൻ ചെയ്തിരിക്കുകയാണെന്നുള്ളതും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ചികിത്സതേടി പോകേണ്ടി വന്നത് ഈ സ്ഥാപനത്തിലേയ്ക്കാണെന്ന് എനിക്കറിയാം.

ശ്രീ. ടി. കെ. ദേവകുമാർ: ഇത് എവിടെ നിന്ന് കിട്ടിയ വിവരമാണ്?

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചോദിച്ചാൽ അറിയാം. ഈ സ്ഥാപനം നല്ലതാണെന്നോ മോശമാണെന്നോ ഞാൻ സർട്ടിഫൈ ചെയ്യുന്നില്ല. പക്ഷേ നമ്മുടെ പ്രതിപക്ഷനേതാവ് ചികിത്സ തേടി പോയത് ഇംഗ്ലണ്ടിലെ ജോൺ ഹോപ്ക്കിൻസ് ആശുപത്രിയിലാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നിട്ട് അഡ്വക്കേറ്റ് വേണുഗോപാലിന്റെ സ്ഥാപനം, അദ്ദേഹം.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: അങ്ങനെ ഏതെങ്കിലും ഒരു വ്യക്തിക്ക് മൂന്ന് കോടി രൂപ കൊടുത്ത് വാങ്ങാവുന്നതാണ് ഈ സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസം സംബന്ധിച്ച നിലപാടുകളും വിദ്യാഭ്യാസം സംബന്ധിച്ച് നിയമസഭയോ അല്ലെങ്കിൽ ഗവൺമെന്റോ സ്വീകരിക്കേണ്ട നയങ്ങളും പരിപാടികളും എന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. കെ. ബാബു: ഒരു വിദ്യാഭ്യാസ സ്ഥാപനം കേരളത്തിൽ തുടങ്ങാൻ സാധിക്കാത്ത സാഹചര്യത്തിൽ കേരളം ജൻമം നൽകിയ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു ബാരിസ്റ്ററുടെ പിതാവിന്റെ നാമധേ

LIBRARY ARCHIVES Kerala Legislative Assembly

യത്തിലായാലും കേരളത്തിലെ കുട്ടികൾക്ക് പഠിക്കാനൊരു സൗകര്യം ലഭിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യും. ഇപ്പോൾ ഹൈദ്രാബാദിൽ, ഇവിടെ പരാമർശിക്കുകയുണ്ടായി, "നെൽസാർ" യൂണിവേഴ്സിറ്റി, അത് ഹൈദ്രാബാദിലാണ്. അവിടെ ബാരിസ്റ്റർ നമ്പ്യാരുടെ പേരിൽ ഒരു ഇന്റർനാഷണൽ സ്റ്റഡി സെന്ററിന് ഒരു കോടി രൂപ കൊടുത്തിട്ടുണ്ട്. അവർ അത് വാങ്ങി അവിടുത്തെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യമുണ്ടാക്കി. ഞാനൊരു കാര്യം ചോദിക്കട്ടെ. ഇവിടെ ആശുപത്രിയിൽ ഓരോരുത്തരുടെ പേരിൽ വാർഡുകൾ സ്പോൺസർ ചെയ്യുന്നുണ്ട്. ഈ വാദമനുസരിച്ച് ആരെങ്കിലും അവിടെപ്പോയി ചികിത്സിക്കാൻ പാടുണ്ടോ? ഈ നാട്ടിലെ കൊള്ളരുതാത്ത പണക്കാരായ പല ആളുകളുടെയും പല പേരിൽ വാർഡുകളുണ്ട്, മുറികളുണ്ട്. അവിടെയെല്ലാം പോയി ചികിത്സ നടത്താൻ പറ്റുമോ? പാടില്ല ..... (ബഹളം)..... ബഹുമാനപ്പെട്ട നീലൻ, ഈ നയങ്ങളും പരിപാടികളും തത്വവും പറഞ്ഞുകൊണ്ടിരുന്നതല്ലാതെ കേരളത്തിന് ഒന്നും കിട്ടിയില്ലല്ലോ? കേരളം കൈവരിച്ച നേട്ടങ്ങളിൽ നിന്നൊന്നും പുറകോട്ട് പോകുന്നില്ല. ഇവിടെ നിലവിലുള്ള ലാ കോളേജുകളുടെ സീറ്റ് കുറയ്ക്കുന്നില്ലല്ലോ? ഇവിടെ ആകെ ചെയ്യുന്നത് എന്താണ്?..... (ബഹളം) ..... ഇവിടെ യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട നീലൻ മന്ത്രിയായിരിക്കുമ്പോഴാണ് CAPE-ന്റെ മെഡിക്കൽ കോളേജ് തുടങ്ങിയത്, എൻജിനീയറിംഗ് കോളേജ് തുടങ്ങിയത്. സഹകരണ മേഖലയിൽ സ്വാശ്രയ കോളേജുകൾ, കൊച്ചി മെഡിക്കൽ കോളേജ്, നാലഞ്ച് എൻജിനീയറിംഗ് കോളേജുകൾ എന്നിവയും തുടങ്ങിയത്. നിങ്ങൾ എന്തിനാണ് തുടങ്ങിയത്? നിങ്ങൾ മന്ത്രിയായിരിക്കുമ്പോഴാണ് തുടങ്ങിയത്. എന്തുകൊണ്ട് തുടങ്ങി? സ്വാശ്രയ കോളേജുകൾ ഇല്ലായിരുന്നോ? ഇവിടെ ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയേ തീരൂ. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ പത്തമ്പത് കൊല്ലക്കാലം അനാവശ്യമായ തത്വവാദങ്ങൾ ഉയർത്തി കേരളത്തിൽ ഒരുപാട് സ്ഥാപനങ്ങൾ നഷ്ടപ്പെടുത്തി. ഒരുപാട് അവസരങ്ങൾ നഷ്ടപ്പെടുത്തി. ഇത് സാധാരണ സ്വകാര്യ സ്ഥാപനങ്ങൾ ആരംഭിക്കുന്ന സ്വകാര്യ സ്വാശ്രയ യൂണിവേഴ്സിറ്റിയല്ല. മറിച്ച് ബാർ കൗൺസിൽ സ്പോൺസർ ചെയ്യുന്ന ഉത്തരവാദിത്തമുള്ള ചീഫ് ജസ്റ്റിസ് അതുപോലെയുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഭരണസമിതിയാണ്. തീർച്ചയായിട്ടും ഇത് സ്വാഗതാർഹമാണ്. ഇവിടെ പറഞ്ഞതുപോലെ ചർച്ച വേണ്ട എന്ന് ഞാൻ പറയില്ല. ആകാവുന്നത്ര ചർച്ചകൾ നടത്തി, നിയമനിർമ്മാണം നടത്തി കേരളത്തിലെ ആധുനിക കാലഘട്ടത്തിന്റെ എല്ലാ ആവശ്യങ്ങളും ഉൾക്കൊള്ളുന്ന നിയമപഠനത്തിന് സാദ്ധ്യത ഒരുക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, ഇവിടെ ഉയർന്നുവന്ന സംശയങ്ങൾക്ക് വളരെ ചുരുക്കത്തിൽ മറുപടി പറയാം. സംശയങ്ങൾ ദൂരീകരിക്കേണ്ടത് ആവശ്യമാണ്. ഒന്നാമതായി ഇവിടെ പറഞ്ഞ സംഗതി, സ്വാശ്രയം എന്നുള്ള നിലയിൽ നമ്മൾ ഇത് തുടങ്ങുന്ന സമയത്തുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്? വിദ്യാർത്ഥികളുടെ പ്രവേശനം, ഫീസ് വാങ്ങൽ എന്നിത്യാദികാര്യങ്ങൾ എങ്ങനെയാണ്? ഒരു യൂണിവേഴ്സിറ്റി സ്വാശ്രയമായിട്ട് വന്നാലുള്ള വരുംവരായ്കകൾ. അതാണ് സംശയം. രണ്ടാമത്, ഇതിൽ എക്സ്പേർട്ട്സുണ്ട്. നിയമവിദ്യാഭ്യാസ മേഖലയിലെ അവരുടെ സേവനം നമുക്ക് ഇതിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമോ? മൂന്നാമത്, ചീഫ് ജസ്റ്റിസ് ഓഫ് ഇൻഡ്യ വിസിറ്ററും ചീഫ് ജസ്റ്റിസ് ഓഫ് കേരള ചാൻസലറും ആകുന്നതിന്റെ സാംഗത്യം. വേറൊരു കാര്യം, രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സ്, ജീവനക്കാർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർക്ക് ഇതിൽ പ്രാതിനിധ്യമുണ്ടോ? അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, virtual university സംബന്ധിച്ച് നൽകിയിട്ടുള്ള ഉത്തരവ് സംബന്ധിച്ചാണ്. മറ്റൊരു കാര്യം, എന്തുകൊണ്ടാണ് ഒരു ഓർഡിനൻസിന് ധൃതി കാണിച്ചത്, നിലവിലുള്ള ലാ കോളേജുകളുടെ സ്ഥിതി ഈ ഓർഡിനൻസ് വന്നാൽ എന്താകും? അതാണ് ഇവിടെ ചർച്ച് ചെയ്യപ്പെട്ട കാര്യം. ഞാൻ വളരെ ചുരുക്കി പറയാം. ഒന്നാമത്,. സ്വാശ്രയ കോളേജ് എന്നുപറയുന്ന സമയത്ത് ഉണ്ടാകുന്ന ഭയപ്പാട് എന്താണ്? സ്വാശ്രയ കോളേജിന്റെ മാനേജുമെന്റ് അവർ ഇഷ്ടം പോലെ നടത്തും. ക്യാഷ് വാങ്ങും. വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകില്ല, സർക്കാരിന് കൺട്രോൾ ഉണ്ടാകില്ല. അവർ അവരുടെ ഇഷ്ടം പോലെ ചെയ്യും. അതാണല്ലോ apprehension എന്നുപറയുന്നത് റിസർവേഷനില്ല. അതുകൊണ്ട് ഞാൻ ആദ്യം പറയുകയാണ്, ഇനിയും ഈ ബിൽ ഭദ്രമാക്കാൻ നിങ്ങൾ പറയുന്നതുപോലെ എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യാം. അതിൽ ഓപ്പൺ മൈന്റാണുള്ളത്. ഈ യൂണിവേഴ്സിറ്റിയുടെ ഘടന നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. ഇത് വെറും സ്വാശ്രയമല്ല. സ്വാശ്രയം എന്നുപറയുന്നത് in the sense നമ്മൾ അവർക്ക് ക്യാഷൊന്നും കൊടുക്കുന്നില്ല. നമ്മൾ അവർക്ക് 10 ഏക്കർ ഭൂമി കളമശ്ശേരിയിൽ കൊടുത്തിരിക്കുന്നു. ഇനി നമ്മൾ അവർക്ക് പണം കൊടുക്കാൻ പോകുന്നില്ല. പക്ഷേ ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ, നിങ്ങൾ ഇത് നടത്തിക്കോ എന്ന് പറഞ്ഞ് വിടുകയല്ല. എല്ലാ പോയിന്റും കണക്കിലെടുത്തുകൊണ്ടാണ് ഈ നിയമം രൂപപ്പെടുത്തിയിട്ടുള്ളതെന്ന് നിങ്ങൾക്ക് നോക്കിയാൽ അറിയാൻ സാധിക്കും. ഇതിന് രണ്ട് ബോഡിയാണ്, ഒന്ന് ഇതിന്റെ ജനറൽ കൗൺസിൽ മറ്റൊന്ന് എക്സിക്യൂട്ടീവ്. ഇത് രണ്ടും നോക്കിയാൽ വ്യക്തമായിട്ട് ബോദ്ധ്യപ്പെടുന്ന ഒരു കാര്യം, it is a judicious combination, ജുഡീഷ്യറിയുടെ ആളുണ്ട്, ലെജിസ്ലേച്ചറിന്റെ ആളുണ്ട്, എക്സിക്യൂട്ടീവിന്റെ ആളുമുണ്ട്. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രത്യേകത എന്നുപറയുന്നത്. അവിടെയാണ് ഇതിന്റെ കൺട്രോൾ എന്നു പറയുന്നത്.

The General Council shall consist of the following members

(i) The Chancellor;

(ii) The Pro-Chancellor;

(iii) The Vice-Chancellor;

(iv) The Minister for Law, Government of Kerala;

(v) The Member of Parliament representing the constituency where the headquarters of the University is located;

(vi) The Members of the Legislative Assembly representing the constituencies in the Greater Kochi area;

(vii) Mayor of the Kochi Corporation;

(viii) Two sitting judges of the High Court of Kerala nominated by the Chancellor;

(ix) The Principal Secretary, Higher Education Department, Government of Kerala;

(x) The Law Secretary, Government of Kerala;

(xi) The Advocate General of Kerala;

(xii) The Chairman, Bar Council of India;

(xiii) All members of the Bar Council of Kerala;

(xiv) The Managing Trustee of the Trust;

(xv) The Dean of Faculty of Law, Cochin University of Science and Technology;

(xvi) The Principal, Government Law College, Ernakulam;

(xvii) The President, Kerala High Court Advocates Association;

(xviii) Not more than three members nominated by the Bar Council of Kerala Trust from among Advocates and Ex-Bar Council members and not more than

LIBRARY ARCHIVES Kerala Legislative Assembly

four members nominated by the Government from among educational experts and technical experts of which one member shall be a woman and other one shall be from Scheduled Castes or Scheduled Tribes;

(xix) Two senior members of the Teaching Faculty of the University, nominated by the Vice-Chancellor;

(xx) One student of the University, nominated by the Vice-Chancellor on the basis of academic merit;

(xxi) Such other members of the Executive Council who are not otherwise members of the General Council.

2.00 P.M.] ഇതുതന്നെയാണ് ഇതിന്റെ എക്സിക്യൂട്ടീവ്. എന്നു പറഞ്ഞാൽ ജുഡീഷറിയുടെ ആളുണ്ട്, ലെജിസ്ലേച്ചറിന്റെ ആളുണ്ട്, എക്സിക്യൂട്ടീവിന്റെ ആളുണ്ട്. അത് പെർഫക്ടാണ്. ഇനി വേണമെങ്കിൽ ഇതിന്റെ പുറത്ത് ഇത് ഒരു സ്വാശ്രയ സ്ഥാപനമായി കൊടുക്കുന്ന സമയത്ത് അതിന്റെ അക്കൗണ്ട ബിലിറ്റി ഉറപ്പുവരുത്താൻ, വ്യവസ്ഥാപിതമായ നിലയിൽ പോകാൻ ഈ അഡ്മിനി സ്ട്രേറ്റീവ് സ്ട്രക്ചറിൽ എന്ത് ഭേദഗതിയാണോ വേണ്ടത് ആ ഭേദഗതി വരുത്താം.

ശ്രീ. ബിനോയ് വിശ്വം : സർ, അങ്ങ് ഇവിടെ പറയുകയുണ്ടായി സ്വാശ്രയം എന്നു വിളിക്കുമ്പോഴേയ്ക്കും നമുക്കുണ്ടാകുന്ന ഭയപ്പാടുകൾക്ക് ഒന്നും സ്ഥാനമില്ലെന്ന്. കച്ചവടം ഉണ്ടാവുകയില്ല, കൊടുക്കലും വാങ്ങലും ഉണ്ടാവുകയില്ല, എല്ലാതരത്തിലുള്ള ഇടപെടലുകളും ഉണ്ടാവും. അങ്ങ് പട്ടികയെല്ലാം വായിച്ചു. അതെല്ലാം അങ്ങനെയാണെന്നിരിക്കെ ഇതിനെ സ്വാശ്രയമെന്നു പേര് വിളിച്ചേമതിയാവൂ എന്ന് എന്താണ് ഗവൺമെന്റിന് വാശി?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഗവൺമെന്റിനോട് നാളെ ഈ യൂണിവേഴ്സിറ്റി വന്നു കാശ് ചോദിക്കരുത്, ഗവൺമെന്റിന് കഴിയില്ല. അതാണ് സംഗതി. വേറൊരു ഹിഡൻ അജൻഡയും ഇല്ല പിന്നെ ഒരു കാര്യം നിങ്ങളെല്ലാം വളരെ അറിവുള്ള ആളുകളായതുകൊണ്ട് ഞാൻ നിങ്ങളോട് ഒരു കാര്യം കൂടി പറയാം. നമുക്കാർക്കും ഈ സ്വാശ്രയം എന്നു കേൾക്കുമ്പോൾ അലർജി വേണ്ട; എന്താണ് കാരണം? അക്കാഡമിക് ഡിസ്ക്ഷനാണ്. ഞാൻ നിങ്ങളെ കൗണ്ടർ ചെയ്യുകയല്ല. ഞാൻ ചോദിക്കുന്ന ഒരു ചോദ്യം ഹയർ എഡ്യൂക്കേഷൻ രംഗത്ത് afford ചെയ്യാൻ പറ്റുന്നവനോട് എന്തുകൊണ്ട് ഫീസ് വാങ്ങിച്ചുകൂടാ? ദുർബ്ബല വിഭാഗങ്ങൾക്ക് നിങ്ങൾ സൗജന്യം കൊടുത്തോ, ദുർബ്ബല വിഭാഗത്തിനു സൗജന്യം കൊടുത്തിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഫീസ് തരാൻ പറ്റുന്നവരിൽ നിന്ന് ഫീസ് വാങ്ങിച്ച് വിദ്യാഭ്യാസം കൊടുക്കുന്നതാണ് നല്ല concept എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. ബിനോയ് വിശ്വം : സർ, നമ്മൾ ഇപ്പോൾ കാണുന്ന കാര്യം എന്താണ്. നിങ്ങളുടെ സ്വാശ്രയമെന്ന പേരിലുള്ള സ്ഥാപനങ്ങളിലെല്ലാം പാവപ്പെട്ട മനുഷ്യർക്ക് സംവരണമില്ല. ആനുകൂല്യങ്ങളില്ല. അവരെ കൊള്ളയടിക്കുകയാണ്. അതിന് ഉത്തരം പറയണം. നിങ്ങൾ പാവങ്ങൾക്ക് ഒന്നും കൊടുക്കുന്നില്ല. സാമൂഹികമായി പിന്നോക്കക്കാരെ അവഗണിക്കുന്നു. സംവരണത്തിന്റെ വഴി അടയ്ക്കുന്നു. എവിടെയെല്ലാം ആർക്കെല്ലാം താങ്ങ് വേണമോ അവർക്ക് ആർക്കും താങ്ങ് ഒന്നും കൊടുക്കുന്നില്ല അതാണ് സത്യം.

ശ്രീ. സി. കെ. നാണു : സർ, ഈ പറയുന്ന സ്വാശ്രയ വിദ്യാഭ്യാസം നമ്മളെക്കാൾ മുമ്പ് നടത്തിയ കർണ്ണാടക സംസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ബാക്ക്വേർഡ് കമ്മ്യൂണിറ്റിക്കും മൈനോറിറ്റീസിനും ഹയർ എഡ്യൂക്കേഷൻ ലഭിച്ച പെർസന്റേജിൽ കർണ്ണാടക സംസ്ഥാനത്തിലെ സാധാരണക്കാരായ ഈ വിഭാഗത്തിന് സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടായിട്ടും ഈ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട് എന്നുള്ള കാര്യം സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, കഴിഞ്ഞ രണ്ടു വർഷമായി സ്വാശ്രയ കോളേജിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു ആനുകൂല്യവും കിട്ടിയിട്ടില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ പറയാം. നിങ്ങൾ ചർച്ച ചെയ്തത് വേറെ പോയിന്റാണ്. സ്വാശ്രയ കോളേജുകൾക്ക് നിങ്ങൾ ഇവിടെ ഉണ്ടാക്കുന്ന ചിത്രം എന്താണ്? ഇവിടത്തെ സ്വാശ്രയ കോളേജുകൾ എന്നു പറയുന്നത് എസ്.സി./എസ്.ടി., ദുർബല വിഭാഗം, ഇവർക്ക് അപ്രാപ്യമാണ്, അതല്ലേ നിങ്ങളുടെ പോയിന്റ്. നിങ്ങൾ നോക്കണം ഞാൻ നിങ്ങളുടെ മുമ്പിൽ വായിക്കുന്ന കണക്ക്. സ്വാശ്രയ കോളേജ് വന്നതിനുശേഷം ഉണ്ടായിട്ടുള്ള വ്യത്യാസമാണ്. 2000 – 2001-ൽ ഇവിടെ സ്വാശ്രയ കോളേജ് വരുന്നതിനു മുമ്പ് എസ്.സി/എസ്.ടി. വിഭാഗത്തിന് പഠിക്കാൻ ഉണ്ടായിരുന്ന സീറ്റ് സൗജന്യ നിരക്കിൽ അതായത് ഗവൺമെന്റ് നിരക്കിൽ പഠിക്കാൻ ഉണ്ടായിരുന്ന സീറ്റിന്റെ എണ്ണം 455 ആണ്. ഈ 2005 ആകുമ്പോൾ അവർക്ക് പഠിക്കാനുള്ള സീറ്റിന്റെ എണ്ണം 1254 ആണ്. പിന്നെ എസ്.ടി. വിഭാഗം 2000 - 2001-ൽ 112 സീറ്റാണ്. ഇപ്പോൾ അവർക്കുള്ളത് 311 സീറ്റാണ്. i.e. for Engineering. മെഡിക്കലിൽ 2000-2001-ൽ 124 സീറ്റാണ്. ഇപ്പോഴുള്ളത് 272

LIBRARY ARCHIVES Kerala Legislative Assembly

സീറ്റാണ്. എസ്. ടി. വിഭാഗത്തിന് 30 സീറ്റാണ്. അതിപ്പോൾ 67 ആയി. സോഷ്യലീ ആന്റ് എഡ്യൂക്കേഷണലീ ബാക്ക്വേർഡ് കമ്മ്യൂണിറ്റീസ് 2000-2001-ൽ 1,424 ആയിരുന്നു ഇപ്പോൾ 3,924 ആണ്. ആ വിഭാഗത്തിന് മെഡിസിന് 2001-ൽ 388 ആയിരുന്നു. ഇപ്പോൾ 851 ആണ്. അതായത് ഞാൻ പറഞ്ഞു വരുന്നത് ഇതിൽ സ്വാശ്രയ കോളേജുകളിൽ ക്രമക്കേട് നടക്കുന്നില്ല എന്നല്ല. സ്വാശ്രയ കോളേജ് എന്നു പറയുന്നത് ഈ നാട്ടിലെ സമ്പന്ന വിഭാഗത്തിന് മാത്രമല്ല, അങ്ങനെ കരുതുന്നവർ ഉണ്ടെങ്കിൽ തിരുത്തണമെന്നാണ് ഞാൻ പറയുന്നത്. ഞാൻ സ്വാശ്രയ കോളേജിന് വക്കാലത്ത് പിടിക്കുന്നില്ല. ഞാൻ പറഞ്ഞുവരുന്നത് ഈ നാട്ടിലെ എസ്. സി./എസ്. ടി. ക്കും അദർ സോഷ്യലീ ബാക്വേർഡ് കമ്മ്യൂണിറ്റീസിനും കിട്ടുന്ന സീറ്റിൽ ഈ കോളേജ് വന്നതിനുശേഷം ഇത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പിന്നെ നിങ്ങൾ പറഞ്ഞ മറ്റൊരു കാര്യത്തോട് ഞാൻ യോജിക്കുകയാണ്. ഒരു അക്കാഡമിക് ഡിബേറ്റ് ഇവിടെ നടക്കണം. എന്താണ്? നിങ്ങൾ സീറ്റിന് ഫീസ് കൺസെഷൻ കൊടുക്കുന്നു. അത് 10 percent or 50 percent, എത്ര ശതമാനമോ ആകട്ടെ അത് നിങ്ങൾ ആർക്കാണ് കൊടുക്കേണ്ടത്? നിങ്ങൾ കൊടുക്കേണ്ടത് കാറിൽ വന്നു കോളേജിൽ കയറുന്ന കുട്ടികൾക്കാണോ അതല്ല ദുർബ്ബല ജനവിഭാഗത്തിൽപ്പെട്ടവനാണോ? ചർച്ച ചെയ്യപ്പെടേണ്ട പോയിന്റാണ്. ഞാൻ കൺക്ലൂഷനിലേയ്ക്ക് എത്തുന്നില്ല. It is a debatable point. മറ്റൊരു കാര്യം ഈ സ്വാശ്രയത്തെപ്പറ്റി നിങ്ങൾ എല്ലാവരും ഇവിടെ പറഞ്ഞു. ഞാൻ നിങ്ങളുടെ മുമ്പിലേയ്ക്ക് ഒരു ഇൻഫർമേഷൻ തരാം. ലേറ്റസ്റ്റ് ഇൻഫർമേഷൻ. നിങ്ങൾക്ക് കിട്ടിയിട്ടുണ്ടാവില്ല. ഇവിടെ ഒരു സുഹൃത്ത് പറഞ്ഞു ഓട്ടോണമസ് കോളേജിനെപ്പറ്റി. എന്റെ കൈയിലെ ലേറ്റസ്റ്റ് റിപ്പോർട്ടാണ്. എന്നു പറഞ്ഞാൽ ഒരു മാസം മുമ്പുള്ളത്. ഈ റിപ്പോർട്ട് എന്നു പറയുന്നത് സെൻട്രൽ അഡ്വൈസറി ബോർഡ് ഫോർ എഡ്യൂക്കേഷൻ—അതിൽ മന്ത്രിമാരാണുള്ളത്. അവർ ഒരു സബ് കമ്മിറ്റിയുണ്ടാക്കി ഈ കമ്മിറ്റിക്ക് നേതൃത്വം കൊടുത്തത് ആരാണെന്നറിയാമോ, ഈ കമ്മിറ്റിയുടെ ചെയർമാൻ എന്നു പറയുന്നത് ഇന്ത്യയിലെ എല്ലാവരും ബഹുമാനിക്കുന്ന വെസ്റ്റ് ബംഗാളിലെ എഡ്യൂക്കേഷൻ മിനിസ്റ്റർ ശ്രീ. കാന്തി ബിശ്വാസാണ്. എനിക്ക് അദ്ദേഹത്തോട് ബഹുമാനമാണ്. കാരണം എന്താണെന്നുവച്ചാൽ ഞങ്ങൾ വിദ്യാഭ്യാസ മന്ത്രിമാർ ഒത്തുകൂടുന്ന സമയത്ത് വളരെ സീനിയർ അംഗമെന്ന നിലയിൽ ശ്രീ. കാന്തി ബിശ്വാസിനെ ഞാൻ കാണാറുണ്ട്. അഡ്വൈസ് പോലും വാങ്ങാറുണ്ട്. അദ്ദേഹം ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ ലേറ്റസ്റ്റ് റിപ്പോർട്ടിലെ രണ്ടു കാര്യങ്ങൾ ഞാൻ വായിക്കാം. നിങ്ങൾക്ക് മനസ്സിലാക്കാൻവേണ്ടിയാണ്. നിങ്ങൾ ചർച്ച ചെയ്യാൻ വേണ്ടിയാണ്. Recommendation No.1 – There is a need to grant autonomy to individual institutions in matters of design of curriculum. Universities may, however, provide a broad

LIBRARY ARCHIVES Kerala Legislative Assembly

framework within which individual faculty members both within the University and in the Colleges should be encouraged to innovate an experiment to transform teaching and learning into a fascinating and rewarding experience... No.2 i.e. 7th Recommendation- All Universities and Colleges should have the autonomy to start self-Financing courses particularly in the new and emerging areas where job opportunities exist subject to the overall frame work provided by the funding and regulatory bodies. മാത്രമല്ല അദ്ദേഹം ഒരു ആക്ഷൻ പറയുന്നത് കേന്ദ്രഗവൺമെന്റ് എന്ത് ചെയ്യണം. സ്റ്റേറ്റ് ഗവൺമെന്റ് എന്ത് ചെയ്യണം. കമ്മിറ്റി റിപ്പോർട്ട് എന്താണെന്നറിയാമോ? Rules of the States – The Universities and Higher Education Institutes immediately intimate step to review their acts and statute and ordinance to provide for greater autonomy in consultation with the respective Government as the case may be. This will replace the old centralised system of governance with the decentralised system of functioning to promote speedy decision making with accountability and cost-effectiveness. Specific issues on which this amendment may be considered include the following:

(1) Granting greater autonomy to Universities, Departments, Boards of Studies and Academic Councils.

(2) Facilitating introduction of self-financing courses.

ശ്രീ. ബിനോയ് വിശ്വം : സർ, അതിൽ എവിടെയെങ്കിലും സോഷ്യൽ ജസ്റ്റീസ് പാടില്ല എന്നു പറയുന്നത് വായിക്കാമോ? അതാണ് വിഷയം. അങ്ങ് മുസ്ലീം ലീഗിന്റെ പ്രമുഖനായ നേതാവാണ്. നരേന്ദ്രൻ കമ്മീഷനുവേണ്ടി വാദിക്കുന്നവരുടെ വക്താവാണ്. അങ്ങയോട് ഞാൻ ചോദിക്കുന്നു സാമൂഹിക നീതിയുടെ വിഷയത്തിനകത്ത് എന്താണ് നിങ്ങളുടെ നിലപാട്? അതു പറയണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കമ്മീഷൻ റിപ്പോർട്ടിൽ എവിടെയെങ്കിലും സാമൂഹ്യനീതി വേണ്ട എന്ന് എഴുതി വയ്ക്കുമോ? എന്താണ് ഈ പറയുന്നത്? അങ്ങയുടെ പാർട്ടിയുടേതിനേക്കാൾ ഉപരിയാണ് സോഷ്യൽ ജസ്റ്റീസിന്റെ കാര്യത്തിൽ ഞങ്ങളുടെ സ്റ്റാന്റ്. ഞാൻ പറയുന്നത് അതല്ല. ബഷീർ എന്ന ഞാൻ നിങ്ങളേക്കാൾ വലിയ അക്കാഡമീഷ്യൻ ഒന്നുമല്ല. വളരെ സീനിയറായ എഡ്യൂക്കേഷൻ മിനിസ്റ്ററെയാണ് ഇവിടെ quote ചെയ്യുന്നത്. അദ്ദേഹം Central Advisory Board for Education-ൽ കൊടുത്ത authentic report ആണ് ഞാൻ quote ചെയ്യുന്നത്. അതുവച്ച് നിങ്ങൾ ചർച്ച ചെയ്യൂ. ഞങ്ങളും ചർച്ച ചെയ്യാം. എന്നിട്ട് കോളേജസ് ആന്റ് കോഴ്സസ് എങ്ങനെ ഫൈൻ ടൂൺ ചെയ്യണം, എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

റീസ്ട്രക്ച്ചർ ചെയ്യണം, എങ്ങനെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തണം എന്നിങ്ങനെയുള്ള കാര്യത്തിൽ നിങ്ങളോടൊപ്പമിരുന്ന് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ചീഫ് ജസ്റ്റീസ് ഇതിന്റെ സ്ഥാനത്ത് ഇരിക്കുന്നതിൽ സാംഗത്യമുണ്ടോ? ചർച്ച ചെയ്യാം. ഒരു നിർബന്ധവും ഒരു കാര്യത്തിലും ഇല്ല. National Law School of Indian University, Bangalore – Chief Justice of India is the Visitor and Chief Justice of Karnataka is the Member of the General Council. National Law University, Jodhpur- Chief Justice of India is the Visitor and Chief Justice of the concerned State is the Chancellor. Hidayathulla National University, Raipur - Chief Justice of India is the Visitor and Chief Justice of the concerned State is the Chancellor. National Law University, Bhopal - Chief Justice of India is the Visitor and Chairman of the General Council is the Chancellor. NUJS, Calcutta - Chief Justice of India is the Chancellor and the Chief Justice of the concerned State is the Member of the General Council. Gujarath National Law University, Gandhi Nagar - Chief Justice of India is the Visitor and Chief Justice of the concerned State is the Member of the General Council. University of Hyderabad - .അവിടെ Chancellor Chief Justice അല്ല. President of the University is the Chancellor. അതാണ് സിസ്റ്റം. അത് കേരളത്തിൽ വേണമോ വേണ്ടയോ എന്ന് ചിന്തിക്കണം. ശ്രീ. ടി. എം. ജേക്കബ് ചോദിച്ചു കേസ് വന്നാൽ എന്തുചെയ്യുമെന്ന്. അങ്ങനെ ചോദിച്ചാൽ, ജഡ്ജിന്റെ പേരിൽ കേസ് വന്നാൽ എന്തു ചെയ്യും? ഇൻഡ്യയിൽ നിൽക്കുന്ന ഒരു പാറ്റേൺ നമ്മൾ എടുത്തതാണ്. മറ്റൊരു സംശയം ചോദിച്ചത് നിയമത്തിൽ ഇങ്ങനെ എഴുതി വയ്ക്കാമോ എന്നാണ്. അത് പരിശോധിക്കേണ്ട കാര്യമാണ്. പക്ഷേ മദർ ലാ എന്നു വിശേഷിപ്പിക്കാവുന്ന ബാംഗ്ലൂർ നിയമത്തിലെ വാചകം ഇതാണ്. Visitor of the School – Judge nominated by the Society shall be the Visitor of the School provided that if he gives consent, the Chief Justice of India shall be nominated as the Visitor. വേണമെങ്കിൽ ചെയ്യാം. കൺസെന്റ് വേണമെങ്കിൽ ചേർക്കാം അല്ലെങ്കിൽ നിയമം പൈലറ്റ് ചെയ്ത് ഫ്ളോറിൽ വരുന്ന സമയത്ത് ചീഫ് ജസ്റ്റീസ് കേരളയുടെ കൺസെന്റ് എടുത്തിട്ട് എന്നുചേർത്ത് ആ പോയിന്റ് ക്ലാരിഫൈ ചെയ്യാം. അതൊരു ബുദ്ധിമുട്ടുള്ള കാര്യമല്ല. Consent from the Chief Justice of India and consent from the Chief Justice of Kerala for holding Visitors' posts as well as Chancellors' posts.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കൺസെന്റ് എന്നുപറയുമ്പോൾ ഇപ്പോൾ ഇരിക്കുന്ന ആളിന്റെ സമീപനം ആയിരിക്കില്ല പിന്നീട് വരുന്ന ആളിന്റേത്. അതും മാറാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: That is by virtue of office.

ശ്രീ. വി. ഡി. സതീശൻ: കൺസെന്റ് തന്നില്ലെങ്കിൽ എന്ത് ആൾട്ടർ നേറ്റീവാണുള്ളത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: We must have a proviso in that. അത് നോക്കാം. ഇത്തരം കാര്യങ്ങൾ നമ്മൾ ഓപ്പണായി ഡിബേറ്റ് ചെയ്യുന്നത് ഇങ്ങനെയൊരു പ്രശ്നമുള്ളതുകൊണ്ടാണ്. ചർച്ച ചെയ്യാവുന്ന കാര്യമാണ്. വേറൊരു കാര്യമെന്നു പറയുന്നത് രജിസ്റ്റേർഡ് ലാ ഗ്രാഡ്വേറ്റ്സിനും വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രാതിനിധ്യം വേണമെന്നുള്ളതാണ്. വെസ്റ്റ് ബംഗാളിലേത് ഉൾപ്പെടെയുള്ള എല്ലാ ആക്ടും എന്റെ കയ്യിലുണ്ട്. ഏത് നിയമത്തിൽ നോക്കിയാലും ഈ പറഞ്ഞതുപോലുള്ള ആളുകളാണ് ഈ ബോഡിയിലുള്ളത്. അതിനെപ്പറ്റി ബില്ലിന്റെ ചർച്ചാ വേളയിൽ നോക്കാം. അത് മറ്റ് യൂണിവേഴ്സിറ്റികളെപ്പോലെ അല്ല നിയമരംഗത്തെ ആളുകളും എക്സിക്യൂട്ടീവിന്റെ ആളുകളുമെല്ലാം ഉള്ള ഒരു സംവിധാനമാണ്. ഓർഡിനൻസ് കൊണ്ടുവരേണ്ട സാഹചര്യം വന്നത് ഈ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നത് അക്കാഡമിക് ഇയറിന്റെ തുടക്കത്തിൽത്തന്നെ വേണമെന്നുള്ളതുകൊണ്ടാണ്. നിലവിലുള്ള കോളേജുകളുടെ സ്ഥിതി എന്താവുമെന്ന് ചോദിച്ചു. നിലവിലുള്ള കോളേജുകൾ ഇതിൽ അഫിലിയേറ്റ് ചെയ്യപ്പെടുകയില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ ഒരു കാര്യം ചോദിച്ചു. അത് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നേരിട്ട് ചെയ്യുന്നതല്ല. എങ്കിലും ചോദിച്ചതുകൊണ്ട് ഞാൻ പറയാം. I am subject to correction. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ വേറൊരു വെർച്വൽ യൂണിവേഴ്സിറ്റി കൊണ്ടുവന്നാൽ.....അതിന്റെ സംഗതി എന്നുപറയുന്നത് ഡബ്ല്യു.ടി.ഒ.യുടെ നിബന്ധനപ്രകാരം അഗ്രിക്കൾച്ചർ മേഖലയിൽ ലോകതലങ്ങളിലുള്ള ഒരുപാട് കൺസൾട്ടേഷൻ കാര്യങ്ങളുണ്ട്. അതിന്റെ ഫലമായി സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുള്ള ഒരു വെർച്വൽ യൂണിവേഴ്സിറ്റി അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയോട് അനുബന്ധിച്ച് വേണമെന്നുള്ള പ്രൊപ്പോസൽ വന്നപ്പോൾ ഡബ്ല്യു.ടി.ഒ. കമ്മീഷൻ നമ്മളോട് ഇങ്ങനെ വേണമെന്ന് ആവശ്യപ്പെട്ടു. WTO Commission which went into the issues relating to WTO consent for the State inter alia, recommended the establishment of a Virtual University for Agricultural trade at the 21st Century institution based on the ongoing information and communication technology revolution in Kerala. The Kerala Agricultural University was requested by the Government to prepare a business plan for the purpose. അങ്ങനെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയോട് പറഞ്ഞു. Accordingly, the Kerala

LIBRARY ARCHIVES Kerala Legislative Assembly

Agricultural University prepared a project proposal for the establishment of a Virtual University and submitted to the Government. അത് സെക്കന്റ് സ്റ്റേജിലാണ്. The proposal was subjecteed to extensive brainstorming and detailed discussion at various levels. On the basis of outcome of this exercise the project proposal was modified and the final proposal was prepared by the Project team of the Agricultural University and was forwarded to the Government for Administrative Sanction. The Government have examined the project proposal in aspect in consultation with all the concerned and they are pleased to accord Administrative Sanction for the establishment and functioning of the Virtual University for Agricultural trade 2003-2004 onwards by the twin agencies i.e. Kerala Agricultural University and Indian Institute of Information Technology and Management. അത് അവരുടെ പ്രൊപ്പോസലാണ്. പ്രൊപ്പോസലിന് അവർ മറുപടി തന്നതിന്റെ അടിസ്ഥാനത്തിൽ കൊടുത്തതാണ്. അതായിരിക്കും അങ്ങ് ഉദ്ധരിച്ച ജി.ഒ. ഇതിൽ ഗവൺമെന്റിന്റെ മുൻവിധിയല്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ പറയുകയാണ്. എന്റെ പീരിയഡിൽ ഒരു നിയമം വന്നാൽ ആ നിയമം എങ്ങനെ എങ്കിലും വച്ചുപോകാൻ എനിക്ക് ഉദ്ദേശ്യമില്ല. ഗവൺമെന്റിനും ഉദ്ദേശ്യമില്ല. അതുകൊണ്ട് ഇതിൽ എന്തെല്ലം. ലൂപ്പ് ഹോൾസ് ഉണ്ടോ അതെല്ലാം അടയ്ക്കണം. അതു മാത്രമല്ല അത് ഫ്ളോറിൽ വരുന്ന സമയത്ത് നിങ്ങളെല്ലാം ആലോചിച്ചുകൊണ്ടു വരുന്ന ന്യായമായ എല്ലാ പ്രൊപ്പോസലുകളും സ്വീകരിക്കും. സബ്ജക്ട് കമ്മിറ്റിയുടെ ഡിസ്ക്കഷൻ നന്നായി നടക്കട്ടെ. ഈ നിയമത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കും. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഒന്നും ഇവിടെ നിൽക്കാൻ പോകുന്നില്ല. എല്ലാ സ്റ്റേജിലും വളരെ കൺസ്ട്രക്റ്റീവായിട്ടുള്ള അപ്രോച്ച് എടുക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മത്തായി ചാക്കോ: പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.....,

പ്രതികൂലിക്കുന്നവർ.....

മി. സ്പീക്കർ: നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ സോഷ്യൽ സർവ്വീസസ് സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയ്ക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജറ്റ് കമ്മിറ്റിക്കയയ്ക്കുന്നു.

(2) 2005 ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): 2005 ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് ഒരു സത്വരനിയമനിർമ്മാണം നടത്തുവാൻ ഉണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly